# പഞ്ചായത്ത് രാജ്

പുസ്തകം 56 ◆ ലക്കം 7
പഞ്ചായത്ത് വകുപ്പ് പ്രസിദ്ധീകരണം
ഒക്ടോബർ 2016



## ധീര ജവാന്മാർക്ക് പ്രണാമം

## 'നമ്മുടെ പഞ്ചായത്ത് ശുചിത്വത്തിന്റെ പാതയിൽ

## പഞ്ചായത്തിന്റെ ശുചിത്വം നമ്മുടെ കൈകളിൽ'



- പകർച്ചവ്യാധികളെ അകറ്റി നിർത്തുക
- പരിസര ശുചിത്വ പ്രവർത്തനങ്ങൾക്ക് മുൻകൈ എടുക്കുക

**നമ്മുടെ ലക്ഷ്യം**
**മാലിന്യമുക്ത കേരളം**



പബ്ലിസിറ്റി വിഭാഗം, പഞ്ചായത്ത് വകുപ്പ്

# പഞ്ചായത്ത് രാജ്

ഒക്ടോബർ 2016

# ഉള്ളടക്കം


5 എഡിറ്ററുടെ പേജ്

6 തദ്ദേശസ്ഥാപനങ്ങളിൽ അഴിമതിവെച്ചു പൊറുപ്പിക്കില്ല: മന്ത്രി കെ.ടി.ജലീൽ





7 നഗര ഭരണ പരിഷ്കാരങ്ങൾക്കായി കേരളത്തിന് 15 കോടിയുടെ അധിക ഗ്രാന്റ് (അമൃത് പുരസ്കാരം)

8 കിലയ്ക്കു ശ്രീലങ്കൻ പുരസ്കാരം





10 മാറാക്കര പഞ്ചായത്ത് ഇ-പെയ്മന്റ് സംവിധാനത്തിലേക്ക്







11 ഓച്ചിറ ബ്ലോക്ക് പഞ്ചായത്തിലെ ഒഡിഎഫ് പ്രഖ്യാപനം
കെ.ജി. ബാലചന്ദ്രൻ

12 ചെമ്പിലോട് ഗ്രാമപഞ്ചായത്ത് പ്ലാസ്റ്റിക് മാലിന്യ സംസ്കരണ പ്ലാന്റ്
എൻ. അനിൽകുമാർ

16 ഗുരുകുല പഠനവും വേദശാലകളും
ടി.വി. അബ്ദുറഹിമാൻകുട്ടി


18 തദ്ദേശ ഭരണ സ്ഥാപനങ്ങൾക്കായി വിവര വിനിമയ ഭരണ നിർവ്വഹണചട്ടക്കൂട്
ജി.കെ. സുനിൽ

20 നായ്ക്കൾ അപകടകാരികളോ?
ഡോ.സോഫിയ

22 മെഡിക്കൽ സർട്ടിഫിക്കറ്റ് ഓഫ് കോസ് ഓഫ് ഡെത്ത് (MCCD)
സുരേന്ദ്രൻ

23 വളർച്ചാ നിരക്കും സാമ്പത്തിക അസമത്വവും
ടി.ഷാഹുൽ ഹമീദ്

27 രണ്ടാം ജനകീയാസൂത്രണ ക്യാമ്പയിൻ

35 കാസറഗോഡ് ജില്ലയിലെ പഞ്ചായത്തുകൾ 'സകർമ്മ' പാതയിൽ
സുരേഷ്. ബി.എൻ.

37 പഞ്ചായത്ത് യോഗ നടപടികൾ: പേനയ്ക്കും മഷിക്കും വിട
മൊഹമ്മദ് നിസാർ. പി.

38 തൊഴിലുറപ്പിൽ വസന്തം വിരിയിച്ച് പട്ടിത്തറ ഗ്രാമ പഞ്ചായത്ത്
ഫൈസൽ.വി.ടി





40 മേരിയും മകൾ ദീപയും ഇനി കുടുംബശ്രീയുടെ തണലിൽ
ടി.എം. മുജീബ്

41 ജൈവ വൈവിധ്യം: വികസനത്തിനും ദാരിദ്ര്യ നിർമ്മാർജനത്തിനും
അജിത്ത് വെണ്ണിയൂർ

# ഇ – സാക്ഷരതയിലൂടെയുള്ള ജനശാക്തീകരണം : കേരളം മാതൃകാപരം

# ഉപരാഷ്ട്രപതി എം. ഹമീദ് അൻസാരി




ജനങ്ങളെ ശാക്തീകരിക്കുന്നതിലും ജീവിത നിലവാരം ഉയർത്തുന്നതിലും കേരളം ഇന്ത്യയിലെ മുൻ നിരയിലുള്ള സംസ്ഥാനമാണെന്ന് ഉപരാഷ്ട്രപതി എം. ഹമീദ് അൻസാരി അഭിപ്രായപ്പെട്ടു. പി.എൻ. പണിക്കർ ഫൗണ്ടേഷൻ പഞ്ചായത്തുകളെ കേന്ദ്രീകരിച്ച് നടപ്പിലാക്കിവരുന്ന സമ്പൂർണ ഇ-സാക്ഷരത പദ്ധതി മാതൃകാപരമാണെന്നും അദ്ദേഹം പറഞ്ഞു.

പി.എൻ. പണിക്കർ ഫൗണ്ടേഷന്റെ നേതൃത്വത്തിൽ നടപ്പിലാക്കുന്ന ഇ-സാക്ഷരത പദ്ധതിയുടെ രണ്ടാം ഘട്ടമായി 100 ഡിജിറ്റൽ ലൈബ്രറികൾ സ്ഥാപിക്കുന്നതിന്റെ ഉദ്ഘാടനം തിരുവനന്തപുരം കനകകുന്ന് കൊട്ടാരത്തിൽ നിർവ്വഹിക്കുകയായിരുന്നു ഉപരാഷ്ട്രപതി. ഡിജിറ്റൽ ലൈബ്രറികളുടെ ഒന്നാംഘട്ടം-100 പഞ്ചായത്ത് ഗ്രാമീണ ഗ്രന്ഥശാലകളിലൂടെ പൂർത്തീകരിക്കുമ്പോൾ 50 ലക്ഷം പേർക്ക് പ്രത്യക്ഷമായി പ്രയോജനം ലഭിക്കുമെന്ന് ഹമീദ് അൻസാരി പറഞ്ഞു.

ഡിജിറ്റൽ ലൈബ്രറി രംഗത്ത് രാജ്യത്ത് നടപ്പിലാക്കുന്ന ആദ്യ സംരംഭമാണ് പി.എൻ. പണിക്കർ ഫൗണ്ടേഷൻ വഴി നടപ്പാക്കുന്നത്. കേരളത്തിലെ വിദ്യാഭ്യാസ വികസനരംഗത്ത് ഗ്രന്ഥശാലാ പ്രസ്ഥാനത്തിലൂടെയും, സാക്ഷരത പ്രവർത്തനങ്ങളിലൂടെയും പി.എൻ. പണിക്കർ ചെയ്ത സേവനങ്ങൾ മഹത്തരമാണെന്നും അത് അംഗീകരിച്ചുകൊണ്ട് കേരള സർക്കാരിന്റെ നിയന്ത്രണത്തിൽ അദ്ദേഹത്തിന്റെ സ്മരണാർത്ഥം ഒരു സ്ഥാപനം തുടങ്ങിയത് ശ്ലാഘനീയമാണെന്നും ഉപരാഷ്ട്രപതി പറഞ്ഞു. കേരളത്തിലെ പത്തൊമ്പത് പഞ്ചായത്തുകളിലൂടെ മൂന്ന് ലക്ഷത്തി ഇരുപത്തി അയ്യായിരം സാധാരണ ജനങ്ങളെ ഇ-സാക്ഷരരാക്കുവാൻ സാധിച്ചത് ദേശീയ തലത്തിൽ വലിയ നേട്ടമാണെന്നും ഇതിന് ഉപയോഗിച്ച സങ്കേതങ്ങൾ മറ്റ് സംസ്ഥാനങ്ങൾ മാതൃകയാക്കണമെന്നും ഉപരാഷ്ട്രപതി പറഞ്ഞു.

സാക്ഷരതയോളം തന്നെ പ്രാധാന്യം ഇപ്പോൾ ഇ-സാക്ഷരതയ്ക്കുമുണ്ട്. സർക്കാരിന്റെ സേവനങ്ങൾ ഡിജിറ്റൽ രൂപത്തിലേയ്ക്ക് മാറുകയാണ്. ഇന്ത്യയിൽ ഇന്റർനെറ്റ് ഉപയോഗം കുതിക്കുന്നുണ്ടെങ്കിലും താഴേക്കിടയിലുള്ളവരിലേയ്ക്ക് എത്തുന്നില്ല. ഇന്ത്യയിൽ 46.3 കോടി ഇന്റർനെറ്റ് ഉപഭോക്താക്കളുണ്ട്. എന്നാൽ ഇത് മൊത്തം ജനസംഖ്യയുടെ 34.8 ശതമാനം മാത്രമേ ആകുന്നുള്ളുവെന്നും അദ്ദേഹം പറഞ്ഞു.

ഡിജിറ്റൽ സാക്ഷരതയിൽ കേരളം ഇപ്പോൾ മറ്റ് സംസ്ഥാനങ്ങൾക്ക് മാതൃകയാണെന്ന് അധ്യക്ഷത വഹിച്ച ഗവർണർ പി. സദാശിവം പറഞ്ഞു. സാധാരണക്കാരുടെ പ്രശ്നങ്ങൾ പരിഹരിക്കാൻ ഇൻഫർമേഷൻ ടെക്നോളജിയെ ഫലപ്രദമായി ഉപയോഗിക്കാനാണ് സർക്കാർ ശ്രമിക്കുന്നതെന്ന് മുഖ്യമന്ത്രി പിണറായി വിജയൻ പറഞ്ഞു.

രാജ്യസഭ ഉപാധ്യക്ഷൻ പി.ജെ. കുര്യൻ, പി.എൻ. പണിക്കർ ഫൗണ്ടേഷൻ വൈസ് ചെയർമാൻ എൻ. ബാലഗോപാൽ, ഇന്ത്യൻ പബ്ലിക് ലൈബ്രറി മൂവ്മെന്റ് ഉപദേശകൻ പ്രൊഫ. പി. ജയരാജൻ എന്നിവർ സംസാരിച്ചു. പന്ന്യൻ രവീന്ദ്രൻ, എം. വിജയകുമാർ എന്നിവരും പങ്കെടുത്തു.

# പഞ്ചായത്ത് രാജ്

പഞ്ചായത്ത് വകുപ്പ് പ്രസിദ്ധീകരണം

ഒക്ടോബർ 2016 | പുസ്തകം 56 | ലക്കം 7 | വാർഷിക വരിസംഖ്യ: ₹120

www.lsgkerala.gov.in



**ഉപദേശക സമിതി**

ചെയർമാൻ

**കെ.ടി. ജലീൽ**

തദ്ദേശ സ്വയംഭരണ വകുപ്പ് മന്ത്രി

അംഗങ്ങൾ

**ടി.കെ. ജോസ്,** ഐ.എ.എസ്.

പ്രിൻസിപ്പൽ സെക്രട്ടറി

തദ്ദേശസ്വയംഭരണവകുപ്പ്

**ഡോ. കെ. അമ്പാടി** ഐ.ഐ.എസ്.

ഡയറക്ടർ

ഇൻഫർമേഷൻ & പബ്ലിക് റിലേഷൻസ് വകുപ്പ്

**കെ. തുളസിഭായ് പത്മനാഭൻ**

പ്രസിഡന്റ്

കേരള ഗ്രാമപഞ്ചായത്ത് അസോസിയേഷൻ

**കെ.ആർ. അജയൻ**

സെക്രട്ടറി, പ്രസ് ക്ലബ്, തിരുവനന്തപുരം

**സതീഷ് കുമാർ ജി.കെ.**

പബ്ലിസിറ്റി ഓഫീസർ

പഞ്ചായത്ത് വകുപ്പ്

കൺവീനർ

**വി. രതീശൻ ഐ.എ.എസ്.**

പഞ്ചായത്ത് ഡയറക്ടർ

എഡിറ്റർ

**വി. രതീശൻ ഐ.എ.എസ്.**

email: directorofpanchayat@gmail.com

Ph: 0471-2323286

അസിസ്റ്റന്റ് എഡിറ്റർ

**സതീഷ് കുമാർ ജി.കെ.**

email: prmdp2015@gmail.com

Ph: 0471-2321280

Mob: 9496047036

കവർ ഡിസൈൻ & ലേ ഔട്ട്

mayasanthoshm@gmail.com

ലേഖകരുടെ അഭിപ്രായം സർക്കാരിന്റേതായിരിക്കണമെന്നില്ല. അവയുടെ പൂർണ്ണമായ ഉത്തരവാദിത്വം ലേഖകർക്ക് മാത്രമായിരിക്കും. പരസ്യങ്ങളുടെ ഉള്ളടക്കത്തിലും പഞ്ചായത്ത്‌രാജിന് ഉത്തരവാദിത്വമില്ല.

**മേൽവിലാസം**

എഡിറ്റർ

പഞ്ചായത്ത് രാജ് മാസിക

പഞ്ചായത്ത് ഡയറക്ടറേറ്റ്, മ്യൂസിയം പി.ഒ.

തിരുവനന്തപുരം – 695033.


# എഡിറ്റോറിയൽ

## ഗാന്ധി ജയന്തി ദിന ചിന്തകൾ

ഗാന്ധിജിയുടെ 147ാം പിറന്നാളാണ് ഇക്കഴിഞ്ഞ ഒക്ടോബർ രണ്ടാം തീയ്യതി നാം ആഘോഷിച്ചത്. പ്രാദേശിക ഭരണ സംവിധാനത്തിന്റെ ചരിത്രം പരിശോധിച്ചാൽ ഇന്നത്തെ നിലയിൽ ഗ്രാമപഞ്ചായത്തുകൾ എത്തിയതിനു പിന്നിലുള്ള ഗാന്ധിജിയുടെ പങ്ക് മനസ്സിലാക്കാൻ കഴിയും. സ്വയം പര്യാപ്തതയിലധിഷ്ഠിതമായ പഴയ ഗ്രാമപഞ്ചായത്തുകൾ ഗ്രാമ ജീവിതത്തിന്റെ ഒഴിച്ചുകൂടാനാകാത്ത ഭാഗമായിരുന്നു. വിദേശ ഭരണത്തിന്റെ തേരോട്ടത്തിൽ ഇന്ത്യയിലെ പ്രാദേശിക ഭരണസംവിധാനം തകർന്നടിഞ്ഞിരുന്നു. 1915ൽ ഇന്ത്യൻ ദേശീയ പ്രസ്ഥാനത്തിലേക്കുള്ള ഗാന്ധിജിയുടെ രംഗപ്രവേശം ശ്രദ്ധേയമായിരുന്നു. ഇരുളടഞ്ഞ മനസ്സുകളിൽ പ്രത്യാശയുടെ വെളിച്ചമായി അദ്ദേഹം കടന്നു വന്നു. അധികം താമസിയാതെ ഭാരതത്തിന്റെ രാഷ്ട്രീയ സാംസ്കാരിക പൈതൃകമായ പഞ്ചായത്ത് പുനരുജ്ജീവിപ്പിക്കേണ്ടതിന്റെ ആവശ്യകത അദ്ദേഹം മുന്നോട്ട് വച്ചു. 1916 ഫെബ്രുവരിയിൽ മദ്രാസിൽ വച്ചു നടന്ന മിഷണറിമാരുടെ സമ്മേളനത്തിൽ ആദ്യമായി ഗാന്ധിജി ഇക്കാര്യം അവതരിപ്പിച്ചു. ഗ്രാമസ്വരാജ് വിസ്മരിച്ചു കൊണ്ടുള്ള ഒരു ഭരണവ്യവസ്ഥ ജനവികാരങ്ങൾ ശരിയായി പ്രതിഫലിപ്പിക്കുകയില്ലെന്ന് രാഷ്ട്രപിതാവ് വിശ്വസിച്ചിരുന്നു. ഗാന്ധിജി വിഭാവനം ചെയ്ത പഞ്ചായത്തുകളുടെ രൂപവൽകരണം സംസ്ഥാനങ്ങളുടെ ധാർമ്മിക പ്രബോധനമായി ഭരണഘടനയുടെ നാലാംഭാഗം നിർദ്ദേശകതത്വങ്ങളിൽ അനുച്ഛേദം 40ൽ എഴുതി ചേർത്തു.

ആസൂത്രണം തങ്ങളുടെ സഹകരണത്തിൽ നിന്നും ആവിർഭവിച്ചതാണെന്ന തോന്നൽ ജനങ്ങൾക്കുണ്ടായാൽ അവയുടെ വിജയത്തിനും അവർ ബദ്ധശ്രദ്ധരായിരിക്കുമെന്ന നെഹ്രുവിന്റെ കാഴ്ചപാട് ഉൾക്കൊണ്ട ആസൂത്രണകമ്മീഷന്റെ ശുപാർശയുടെ അടിസ്ഥാനത്തിൽ നിയോഗിക്കപ്പെട്ട ബൽവന്ത്റായ്മേത്ത കമ്മിറ്റിയുടെ റിപ്പോർട്ട് ദേശീയ വികസന സമിതി 1958ൽ അംഗീകരിച്ചു. 73ാം ഭരണഘടന ഭേദഗതി ബില്ലിൽ 1993 ഏപ്രിലിൽ രാഷ്ട്രപതി ഒപ്പു വച്ചതോടെ പഞ്ചായത്ത് രാജ് സംവിധാനം ശക്തമായി. ഇന്ത്യയിലെ ഗ്രാമപഞ്ചായത്തുകൾക്ക് ഭരണഘടനാ സാധുത കൈവന്നു. കേരളത്തിൽ 1960ൽ നിർമ്മിച്ച കേരള പഞ്ചായത്ത് ആക്ട് 1/1/1962ൽ നിലവിൽ വന്നതോടെ 922 പഞ്ചായത്തുകൾ രൂപീകരിക്കപ്പെട്ടു(ഇപ്പോൾ ഇവയുടെ എണ്ണം 941 ആണ്). ഈ നിയമം പഞ്ചായത്ത് ഭരണസമിതികൾക്ക് ഒട്ടേറെ അധികാരാവകാശങ്ങൾ നൽകി. 1994ലെ കേരള പഞ്ചായത്ത് രാജ് ആക്ടും തുടർന്നുള്ള ഭേദഗതികളും നിലവിൽ വന്നതോടെ അധികാര വികേന്ദ്രീകരണം പൂർണ്ണമായി.

ഇന്ന് ഗ്രാമപഞ്ചായത്തുകൾ ആധുനിക വിവര സാങ്കേതിക വിദ്യയുടെ സഹായത്തോടെ ബഹുജനങ്ങൾക്ക് നൽകുന്ന സേവനങ്ങളിലും പ്രവർത്തനങ്ങളിലും വളരെയേറെ മുന്നോട്ട് പോയിട്ടുണ്ട്. വികസനകാര്യങ്ങളിലും സേവന കാര്യങ്ങളിലും വൻ പുരോഗതിയാണ് കൈവരിച്ചിരിക്കുന്നത്. ഗ്രാമപഞ്ചായത്ത് ഓഫീസുകൾ പലതും അന്താരാഷ്ട്ര ഗുണനിലവാരം പുലർത്തുന്ന ഐ.എസ്.ഒ സർട്ടിഫിക്കറ്റ് നേടി കഴിഞ്ഞു. എന്നിരുന്നാലും രാഷ്ട്രപിതാവ് വിഭാവനം ചെയ്ത ഗ്രാമസ്വരാജ് പൂർണ്ണമായും നടപ്പിലാകണമെങ്കിൽ ഭക്ഷ്യവസ്തുക്കളിലും, അടിസ്ഥാന ആവശ്യങ്ങളിലും നമ്മൾ സ്വയംപര്യാപ്തത കൈവരിക്കണം. സ്വാശ്രയ ഗ്രാമങ്ങളാണ് പ്രാദേശിക ഭരണ സംവിധാനത്തിന്റെ ശക്തി.എന്തിനും ഏതിനും മറ്റു സംസ്ഥാനങ്ങളെ ആശ്രയിക്കുന്ന സ്ഥിതി മാറണം. ആയതിന് ഗ്രാമപഞ്ചായത്തുകളുടെ പ്രവർത്തനങ്ങളും പദ്ധതികളും സഹായകരമാകണം.

**ശ്രീ.വി. രതീശൻ ഐ.എ.എസ്**

പഞ്ചായത്ത് ഡയറക്ടർ




കേരളബ്ലോക്ക് പഞ്ചായത്ത് അസോസിയേഷൻ കിലയുമായി സഹകരിച്ച് നടത്തിയദ്വിദിന ശിൽപ്പശാല തദ്ദേശസ്വയംഭരണവകുപ്പു മന്ത്രി കെ.ടി.ജലീൽ ഉദ്ഘാടനം ചെയ്യുന്നു.

# തദ്ദേശസ്ഥാപനങ്ങളിൽ അഴിമതിവെച്ചു പൊറുപ്പിക്കില്ല: മന്ത്രി കെ.ടി.ജലീൽ

തദ്ദേശസ്ഥാപനങ്ങളിൽ ഒരു കാരണവശാലും അഴിമതിവെച്ചു പൊറുപ്പിക്കില്ലെന്നു മന്ത്രി കെ.ടി.ജലീൽ. കെട്ടിടനിർമ്മാണ അനുമതിയുമായി ബന്ധപ്പെട്ട് ഉയർന്നുവരുന്ന വ്യാപകമായ പരാതികളുടെ അടിസ്ഥാനത്തിലാണ് മന്ത്രിയുടെ ഈ പ്രസ്താവന. കേരള ബ്ലോക്ക് പഞ്ചായത്ത് അസോസിയേഷൻ കിലയുമായി സഹകരിച്ച് നടത്തിയ ദ്വിദിന ശിൽപ്പശാല ഉദ്ഘാടനം ചെയ്യുകയായിരുന്നു അദ്ദേഹം. ജനങ്ങളെ ദ്രോഹിക്കുന്ന ഉദ്യോഗസ്ഥ നിലപാടിനെ ജനപ്രതിനിധികൾ പ്രതിരോധിക്കണം. അഴിമതി പൂർണ്ണമായും തടയുക എന്നതാണ് സർക്കാരിന്റെ പ്രഖ്യാപിത ലക്ഷ്യം. താമസിക്കാൻ വീടില്ലാത്തതാണ് ചിലരുടെ പ്രശ്നമെങ്കിൽ വീടിനു നമ്പർ കിട്ടാതെ താമസിക്കാൻ കഴിയാത്തതാണ് വേറൊരു കൂട്ടരുടെ പ്രശ്നം. 1500 ചതുരശ്ര അടിവിസ്തീർണ്ണമുള്ള വീടുകൾക്കു റേഷൻ കാർഡിനപേക്ഷിക്കാനും വൈദ്യുതി കണക്ഷനും വേണ്ടി താൽക്കാലിക നമ്പർ നൽകുന്ന സംവിധാനം താമസിയാതെ നിലവിൽ വരുമെന്നും മന്ത്രി അറിയിച്ചു. ദുർബല വിഭാഗങ്ങളുടെ അഭിവൃദ്ധിയാണ് പഞ്ചായത്തുകളുടെ ലക്ഷ്യം.

സംസ്ഥാനത്ത് ഭൂരഹിതരും ഭവനരഹിതരുമായ ഒന്നേകാൽലക്ഷം പേരുണ്ട്. സമ്പൂർണ്ണ പാർപ്പിട പദ്ധതിക്കു നവംബർ ഒന്നിനു തുടക്കംകുറിക്കും. ബ്ലോക്ക് പഞ്ചായത്തുകളുടെ പരിഭവങ്ങൾക്കും പരാതികൾക്കും ചർച്ചയിലൂടെ പരിഹാരം കാണും. ബ്ലോക്ക് പഞ്ചായത്തുകളുടെ നിലവിലുള്ള അധികാരങ്ങൾ നിലനിർത്തി മുന്നോട്ടു പോകുന്നതിനു ആവശ്യമായ നടപടി സ്വീകരിക്കുമെന്നും മന്ത്രി വ്യക്തമാക്കി.

ബ്ലോക്ക് പഞ്ചായത്ത് അസോസിയേഷൻ സംസ്ഥാന പ്രസിഡന്റ് ആർ.സുഭാഷ് അദ്ധ്യക്ഷത വഹിച്ചു. സംസ്ഥാന ജനറൽസെക്രട്ടറി സി സത്യപാലൻ, അനിൽഅക്കര എം.എൽ.എ, കിലഡയറക്ടർ ഡോ.പി.പി.ബാലൻ എന്നിവർ സംസാരിച്ചു. പതിമൂന്നാം പഞ്ചവത്സര പദ്ധതി നടത്തിപ്പുമായി ബന്ധപ്പെട്ട് ബ്ലോക്ക് പഞ്ചായത്തുകളുടെ പങ്കും പങ്കാളിത്തവും ശിൽപ്പശാല ചർച്ച ചെയ്തു. ജനാധിപത്യ നേതൃത്വശൈലി, ബ്ലോക്ക് പഞ്ചായത്തുകളുടെ അധികാരങ്ങൾ തുടങ്ങിയ വിഷയങ്ങളെക്കുറിച്ചു ഡോ.സാബുവർഗീസ്, സി.രാധാകൃഷ്ണൻ, പി.വി.രാമകൃഷ്ണൻ എന്നിവർ ക്ലാസ്സെടുത്തു.

# നഗര ഭരണ പരിഷ്കാരങ്ങൾക്കായി കേരളത്തിന് 15 കോടിയുടെ അധിക ഗ്രാന്റ്

# (അമൃത് പുരസ്കാരം)

കേന്ദ്രാവിഷ്കൃത പദ്ധതിയായ അമൃത് പദ്ധതിയുടെ നടത്തിപ്പിനായി സംസ്ഥാനങ്ങൾ പദ്ധതി കാലയളവിൽ നടത്തേണ്ട പരിഷ്കരണ നടപടികളിൽ 2015/16 കാലയളവിലേക്ക് നടത്തേണ്ട നടപടികൾ സമയബന്ധിതമായി പൂർത്തിയാക്കിയതിന് പാരിതോഷികമായാണ് 15 കോടി രൂപയുടെ ഗ്രാന്റിന് കേരളം അർഹത നേടിയത്. 30/9/2016ന് കേന്ദ്ര നഗര വികസന മന്ത്രാലയം ഡൽഹിയിൽ വച്ച് നടത്തിയ ഇൻഡോ സാൻ ശിൽപ്പ ശാലയിൽ വച്ച് ഈ തുക സംസ്ഥാന തദ്ദേശ സ്വയംഭരണ വകുപ്പ് മന്ത്രിക്ക് വേണ്ടി തദ്ദേശ സ്വയംഭരണ വകുപ്പ് സ്പെഷ്യൽ സെക്രട്ടറി ഡോ.വി.കെ.ബേബി കേന്ദ്ര നഗരവികസന വകുപ്പ് മന്ത്രി ശ്രീ. എം. വെങ്കയ്യ നായിഡുവിൽ നിന്നും കൈപ്പറ്റി.




അമൃത് പദ്ധതിയിൽ 11 നഗര പരിഷ്കരണ നടപടികളിലൂടെ 5 വർഷം കൊണ്ട് (2015-2020) 54 നാഴികക്കല്ലുകൾ നേടാനാണ് ലക്ഷ്യമിടുന്നത്. ഇതിൽ 28 നേട്ടങ്ങൾ 2015/16 സാമ്പത്തിക വർഷം കൈവരിക്കണമെന്നാണ് അമൃത് ഗൈഡ്ലൈനിൽ പറഞ്ഞിരിക്കുന്നത്. സംസ്ഥാനങ്ങൾ നടപ്പിലാക്കുന്ന ഈ പരിഷ്കാരങ്ങൾ കേന്ദ്രം വിലയിരുത്തി 70 ശതമാനം മാർക്ക് നേടുന്നവർക്കാണ് ഇൻസന്റീവ് അനുവദിക്കുന്നത്. കേരളത്തിലെ അമൃത് പദ്ധതി നടപ്പിലാക്കുന്ന 9 നഗരങ്ങളിൽ നടപ്പിലാക്കിയ പരിഷ്കാരങ്ങൾ ഓരോ തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങൾ വിലയിരുത്തി മാർക്ക് നിശ്ചയിച്ച് സ്റ്റേറ്റ് മിഷൻ മാനേജ്മെന്റ് യൂണിറ്റ് ക്രോഡീകരിച്ച് മിഷൻ ഡയറക്ടറുടെ അംഗീകാരത്തോടെ കേന്ദ്രത്തിന് സമർപ്പിച്ചു. തുടർന്ന് ടൗൺ & കൺട്രി പ്ലാനിംഗ് ഓർഗനൈസേഷൻ സംസ്ഥാനങ്ങൾ നൽകിയ സ്കോർ പുനർ മൂല്യനിർണ്ണയം നടത്തിയാണ് അന്തിമ സ്കോർ നിർണ്ണയിക്കുന്നത്. ഇതിൽ ശരാശരി 96 ശതമാനം സ്കോറാണ് ഒരോ പരിഷ്കാരത്തിനും കേരളം നേടിയത്. 2015/16ൽ നേടേണ്ടിയിരുന്ന പരിഷ്കാരങ്ങൾ പലതും ജെ.എൻ.എൻ.ആർ.യു.എം. പദ്ധതി നടത്തിപ്പിലൂടെ സംസ്ഥാനങ്ങൾ കൈവരിച്ചതായിരുന്നു. നഗര പരിഷ്കരണങ്ങളിൽ തുടർന്നുള്ള വർഷങ്ങളിൽ വലിയ നേട്ടങ്ങളാണ് അമൃത് പദ്ധതിയിലൂടെ കേരളം കൈവരിക്കുക.






തിരുവനന്തപുരത്ത് ശ്രീലങ്കയിലെ വടക്കൻ പ്രവിശ്യ കൗൺസിലർമാർ സംസ്ഥാന തദ്ദേശസ്വയംഭരണവകുപ്പുമന്ത്രി ഡോ. കെ.ടി.ജലീലുമായി കൂടിക്കാഴ്ച നടത്തുന്നു.

# കിലയ്ക്കു ശ്രീലങ്കൻ പുരസ്കാരം; അനുമോദിക്കാൻ ശ്രീലങ്കൻ ജനപ്രതിനിധികൾ

ശ്രീലങ്കയിൽ അധികാരവികേന്ദ്രീകരണം ശക്തിപ്പെടുത്തുന്നതിനു കില നൽകിവരുന്ന സേവനങ്ങൾ പരിഗണിച്ച് കിലയ്ക്കു ശ്രീലങ്കൻ സർക്കാർ പുരസ്കാരം സമ്മാനിച്ചു. പരിശീലനമുൾപ്പെടെയുള്ള വിവിധ പ്രവർത്തനങ്ങൾക്കാണ് പുരസ്കാരം. കൊളംബോയിൽ സംഘടിപ്പിച്ച ചടങ്ങിൽ കിലയ്ക്കു വേണ്ടി ഡയറക്ടർ ഡോ.പി.പി.ബാലൻ പുരസ്കാരം ഏറ്റുവാങ്ങി. ശ്രീലങ്കൻ പ്രവിശ്യാകൗൺസിൽ- പ്രാദേശിക സർക്കാർ വകുപ്പു മന്ത്രി ഫിസർമുസ്തഫയാണ് പുരസ്കാരം സമ്മാനിച്ചത്.വകുപ്പു സെക്രട്ടറി കമൽ പത്മശ്രീ, ഡയറക്ടർ സുജീവ പരമവീര തുടങ്ങിയ ഉന്നത ഉദ്യോഗസ്ഥരും ജനപ്രതിനിധികളും ചടങ്ങിൽ സംബന്ധിച്ചു.

കിലയുടെ പ്രവർത്തനങ്ങളെ വടക്കൻ പ്രവിശ്യയിൽനിന്നുള്ള ജനപ്രതിനിധികൾ അനുമോദിച്ചു. അധികാരവികേന്ദ്രീകരണവും പ്രാദേശികഭരണസംവിധാനവുമായി ബന്ധപ്പെട്ട പഠന-ചർച്ചകൾക്കായികിലയിലെത്തിയതായിരുന്നു ശ്രീലങ്കൻ ജനപ്രതിനിധികൾ.

വടക്കൻ പ്രവിശ്യാകൗൺസിൽ ചെയർമാൻ സി.വി.കെ. ശിവജ്ഞാനം അനുമോദന യോഗത്തിൽ അദ്ധ്യക്ഷത വഹിച്ചു. അധികാരവികേന്ദ്രീകരണവുമായി ബന്ധപ്പെട്ട് കില നടത്തുന്ന പരിശീലനപരിപാടികൾ മഹത്തരമാണെന്നു അദ്ധ്യക്ഷപ്രസംഗത്തിൽ ശിവജ്ഞാനം പറഞ്ഞു. കില-ശ്രീലങ്കൻ ബന്ധം കൂടുതൽ മെച്ചപ്പെടുത്തുന്നതിനു ഇപ്പോൾ കിലയ്ക്കു ലഭിച്ച പുരസ്കാരം ഉപകരിക്കട്ടെയെന്ന് ചടങ്ങിൽ ആശംസയർപ്പിച്ച ശ്രീലങ്കയിലെ ആസ്ത്രേലിയൻ ഹൈക്കമ്മീഷൻ പ്രതിനിധി ശ്രീമതി.ദിൽഹാരഗുണവർദ്ധനൻ പറഞ്ഞു. ലോകരാഷ്ട്രങ്ങളുടെ പുരസ്കാരങ്ങൾ ഇനിയും കിലയെ തേടിയെത്തെട്ടെയെന്ന് ശ്രീലങ്കയിലെ ഏഷ്യാ ഫൗണ്ടേഷനിലെ സാമ്പത്തികവിഭാഗം ഡയറക്ടർ ഡോ. ഗോപകുമാർ തമ്പി പറഞ്ഞു. കില ഡയറക്ടർ ഡോ.പി.പി.ബാലൻ, ഡോ.സണ്ണിജോർജ്, ഡോ.ജെ.ബി. രാജൻ, ഡോ.പീറ്റർഎം.രാജ്, അസി. ഡയറക്ടർ കെ.കെ.ബാബുഎന്നിവർ സംസാരിച്ചു.ചടങ്ങിൽ കിലയിലെ ജീവനക്കാരും സംബന്ധിച്ചു.

## ശ്രീലങ്കയിലെ ജനപ്രതിനിധികൾ കിലയിൽ

ശ്രീലങ്കയിലെ വടക്കൻ പ്രവിശ്യയിൽ അധികാരവികേന്ദ്രീകരണത്തിലൂടെ പ്രാദേശികഭരണസംവിധാനം ശാക്തീകരിക്കുന്നതുമായി ബന്ധപ്പെട്ട ചർച്ചകൾക്കായി പ്രവിശ്യകൗൺസിൽഅംഗങ്ങളും ഉന്നത ഉദ്യോഗസ്ഥരുമടങ്ങുന്ന



ശ്രീലങ്കയിൽ അധികാരവികേന്ദ്രീകരണം ശക്തിപ്പെടുത്തുന്നതിനു കില നൽകിവരുന്ന സേവനങ്ങൾ പരിഗണിച്ച് ശ്രീലങ്കൻ സർക്കാർ പ്രഖ്യാപിച്ച പുരസ്കാരം കൊളംബോയിൽ നടന്ന ചടങ്ങിൽ കില ഡയറക്ടർ ഡോ.പി.പി.ബാലൻ ഏററുവാങ്ങുന്നു.



ശ്രീലങ്കൻ ജനപ്രതിനിധികൾക്ക് കിലയിൽ സംഘടിപ്പിച്ച അനുമോദന യോഗത്തിൽ വടക്കൻ പ്രവിശ്യാ കൗൺസിൽ ചെയർമാൻ സി.വി.കെ. ശിവജ്ഞാനം അദ്ധ്യക്ഷ പ്രസംഗം നടത്തുന്നു.

പ്രതിനിധിസംഘം കിലയിലെത്തി. കേരളത്തിലെ എം.എൽ.എ മാരുടെ തുല്യ പദവിയിലുള്ളവരാണ് പ്രവിശ്യകൗൺസിൽ അംഗങ്ങൾ. പ്രവിശ്യകൗൺസിൽ ചെയർമാൻ സി.വി.കെ.ശിവജ്ഞാനത്തിന്റെ നേതൃത്വത്തിലുള്ള സംഘത്തിൽ ഒമ്പതു കൗൺസിലർമാർക്കു പുറമെ കൗൺസിൽ സെക്രട്ടറി, പ്രാദേശിക സർക്കാർ വകുപ്പുസെക്രട്ടറി,കൃഷിവകുപ്പുസെക്രട്ടറി, പ്ലാനിംഗ്ഡെപ്യൂട്ടി ചീഫ്സെക്രട്ടറി, ഭരണവിഭാഗംഡെപ്യൂട്ടിചീഫ്സെക്രട്ടറി, ചീഫ് അക്കൗണ്ടന്റ് എന്നിവരുമുണ്ട്. ശ്രീലങ്കയിലെ ആസ്ത്രേലിയൻ ഹൈക്കമ്മീഷൻ ഓഫീസിലെ സീനിയർ പ്രോഗ്രാം ഓഫീസർ ശ്രീമതി.ദിൽഹാര ഗുണവർദ്ധന, ഏഷ്യ ഫൗണ്ടേഷൻ സാമ്പത്തികവിഭാഗം ഡയറക്ടർ ഡോ.ഗോപകുമാർതമ്പി, പ്രവിശ്യാ കൗൺസിലിന്റെ ചീഫ്സെക്രട്ടറി എന്നിവരും സംഘത്തോടൊപ്പമുണ്ട്.

കിലയിലെത്തിയ സംഘത്തെ കില ഡയറക്ടറും മറ്റും ചേർന്ന് സ്വീകരിച്ചു.കേരളത്തിലെ പഞ്ചായത്ത്രാജ് സംവിധാനത്തെക്കുറിച്ച് പ്രൊഫ.ടി.രാഘവനും, ശിശുസൗഹൃദപഞ്ചായത്തുകളെപറ്റി ഡോ.പീറ്റർഎം.രാജുംകുടുംബശ്രീ പ്രവർത്തനങ്ങളെ സംബന്ധിച്ച് മായാശശിധരനും വിഭവസമാഹരണത്തെക്കുറിച്ച് ഡോ.സണ്ണിജോർജും വിശദീകരിച്ചു. നന്മണിക്കര, കാട്ടൂർ, കൊരട്ടി ഗ്രാമപഞ്ചായത്തുകൾ സന്ദർശിച്ച് അവിടത്തെ പ്രവർത്തനങ്ങൾ സംഘം വിലയിരുത്തി. തിരുവനന്തപുരത്തു വച്ചു സംസ്ഥാന തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രി ഡോ. കെ.ടി.ജലീലുമായും സംഘം കൂടിക്കാഴ്ച്ച നടത്തി.

# മാറാക്കര ഗ്രാമ പഞ്ചായത്ത്

## ഇ-പെയ്മന്റ് സംവിധാനവും ഒഡിഎഫ് പ്രഖ്യാപനവും മാറാക്കര പഞ്ചായത്ത് ഇ-പെയ്മന്റ് സംവിധാനത്തിലേക്ക്




മാറാക്കര ഗ്രാമ പഞ്ചായത്തിൽ ഇ-പെയ്മന്റ് സംവിധാനം നിലവിൽ വന്നു. 17.09.2016 ന് കോട്ടക്കൽ നിയോജക മണ്ഡലം എം.എൽ.എ ബഹു.പ്രൊഫ.ആബിദ് ഹുസൈൻ തങ്ങളുടെ അദ്ധ്യക്ഷതയിൽ ബഹു.തദ്ദേശ സ്വയം ഭരണ വകുപ്പ് മന്ത്രി ഡോ.കെ.ടി ജലീൽ നിർവ്വഹിച്ചു.ഈ സംവിധാനത്തിലൂടെ പഞ്ചായത്ത് ഓഫീസിൽ ക്യൂ നിൽക്കാതെ ലോകത്ത് എവിടെ നിന്നും നികുതി അടവാക്കുന്നതിനും ഓണർഷിപ്പ് സർട്ടിഫിക്കറ്റ് പ്രിന്റ് എടുക്കാവുന്നതുമാണ്. തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങളിലെ ഇ-ഗവേണൻസിന് ചുമതലപ്പെടുത്തിയിട്ടുള്ള ഇൻഫർമേഷൻ കേരള മിഷൻ അപ്ലിക്കേഷനായ സഞ്ചയ സോഫ്റ്റ്വെയർ സഹായത്തോടെ പതിമൂവായിരത്തോളം കെട്ടിടങ്ങളുടെ വിവരം ഡിജിറ്റലൈസ് ചെയ്തിട്ടുണ്ട്. സൂചിക സോഫറ്റ്വെയർ സഹായത്തോടെ അപേക്ഷകളുടെ സ്റ്റാറ്റസ് എവിടെ നിന്നും അറിയുന്നതിനുള്ള സംവിധാനവും നടപ്പാക്കിയിട്ടുണ്ട്.



### സമ്പൂർണ്ണ ഒ.ഡി.എ.ഫ്. പഞ്ചായത്ത്

മാറാക്കര ഗ്രാമ പഞ്ചായത്തിൽ ആകെ 31 ഗുണഭോക്താക്കളെ ഒ.ഡി.എഫ് പദ്ധതിയിൽ ഉൾപ്പെടുത്തി.അതിൽ 31 പേരും എഗ്രിമെന്റ് വെച്ച് കക്കൂസ് നിർമ്മാണം പൂർത്തീകരിച്ചു.ടി പദ്ധതിക്കായി 616000 രൂപ വകയിരുത്തുകയും അതിൽ 477400 രൂപ ചെലവഴിച്ചു. മാറാക്കര പഞ്ചായത്തിനെ ബഹു.കോട്ടക്കൽ നിയോജകം എം.എൽ എ യുടെ അദ്ധ്യക്ഷതയിൽ ബഹു.തദ്ദേശ സ്വയം ഭരണ വകുപ്പ് മന്ത്രി ഡോ. കെ.ടി.ജലീൽ 17.09.2016 ന് സമ്പൂർണ്ണ ഒ.ഡി.എഫ് പഞ്ചായത്തായി പ്രഖ്യാപിച്ചു.




കെ.ജി. ബാലചന്ദ്രൻ

# ഓച്ചിറ ബ്ലോക്ക് പഞ്ചായത്തിലെ ഒഡിഎഫ് പ്രഖ്യാപനം

മാലിന്യ മുക്ത ബ്ലോക്ക് എന്ന രണ്ടാം ഘട്ട പ്രവർത്തനങ്ങൾക്ക് ഉടൻ ബ്ലോക്ക് പഞ്ചായത്ത് തയ്യാറെടുക്കണമെന്ന് മന്ത്രി ജെ. .മെഴ്സിക്കുട്ടി അമ്മ പറഞ്ഞു.

ഓച്ചിറ ബ്ലോക്കിനെ കൊല്ലം ജില്ലയിലെ ആദ്യ വെളിയിട വിസർജ്ജന മുക്ത ബ്ലോക്ക് പഞ്ചായത്തായി പ്രഖ്യാപിക്കുന്ന ചടങ്ങിൽ സംസാരിക്കുകയായിരുന്നു മന്ത്രി.

നമ്മുടെ കായലുകളും ജലാശയങ്ങളും മാലിന്യ നിക്ഷേപകേന്ദ്രമായി മാറിയിരിക്കുന്ന സാഹചര്യം ഒഴിവാക്കുന്നതിനുള്ള സംസ്കാരം മലയാളിയിൽ വളർന്നുവരേണ്ടതുണ്ടെന്നും മന്ത്രി പറഞ്ഞു. പ്ലാസ്റ്റിക് മുക്ത ബ്ലോക്ക് പഞ്ചായത്തായി ഓച്ചിറ മാറുന്നതിനുള്ള പ്രവർത്തനങ്ങൾ ആരംഭിക്കുകയും സമ്പൂർണ്ണശുചിത്വം എന്ന ലക്ഷ്യം കൈവരിക്കുകയും ചെയ്യണമെന്ന് മന്ത്രി ആഹ്വാനം ചെയ്തു. ആർ.രാമചന്ദ്രൻ എം.എൽ.എ. യോഗത്തിൽ അദ്ധ്യക്ഷത വഹിച്ചു. ഓച്ചിറ ബ്ലോക്കിന് അഭിമാനകരമായ ഈ നേട്ടം കൈവരിക്കാൻ ആത്മാർത്ഥമായി പ്രവർത്തിച്ച ഗ്രാമപഞ്ചായത്തുകളേയും വില്ലേജ് എക്സ്റ്റൻഷൻ ആഫീസർമാരേയും അനുമോദിച്ചുകൊണ്ട് അവാർഡുകൾ ജില്ലാ കളക്ടർ റ്റി. മിത്ര വിതരണം ചെയ്തു.

സെക്രട്ടറി ആർ.അജയകുമാർ യോഗത്തിൽ റിപ്പോർട്ട് അവതരിപ്പിച്ചു. ഗ്രാമപഞ്ചായത്ത് പ്രസിഡന്റുമാരായ എസ്. ശ്രീലത, പി.സലീന, ശ്രീലേഖാ കൃഷ്ണകുമാർ, കടവിക്കാട്ട് മോഹനൻ, അയ്യാണിക്കൽ മജീദ്, എസ്.എം. ഇക്ബാൽ, ജില്ലാ പഞ്ചായത്ത് അംഗങ്ങളായ സി. രാധാമണി, അഡ്വ. അനിൽ എസ്, കല്ലേലിഭാഗം സ്ഥിരം സമിതി അംഗങ്ങളായ ആർ. കെ. ദീപ, എ. മജീദ്, ഡി.സുധർമ്മ, ജില്ലാ മിഷൻ കോ-ഓർഡിനേറ്റർ ജി. കൃഷ്ണകുമാർ ബ്ലോക്ക് പഞ്ചായത്ത് അംഗങ്ങളായ ശ്രീദേവി മോഹൻ, ബിജൂ പാഞ്ചജന്യം, പി.ജയശ്രീ, ബൻസി രഘുനാഥ്, റിച്ചു രാഘവൻ, റ്റി. കെ. ശ്രീദേവി, വി.സാഗർ എന്നിവർ ആശംസ നേർന്നു.

ബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റ് ഷെർളി ശ്രീകുമാർ സ്വാഗതവും ചാർജ്ജ് ആഫീസർ കെ. ജയസിംഹൻ നന്ദിയും പറഞ്ഞു. ബ്ലോക്ക് അതിർത്തിയിലെ 116 വാർഡുകളിലായി മൊത്തം 726 കക്കൂസുകളുടെ നിർമ്മാണമാണ് സമയബന്ധിതമായി പൂർത്തിയാക്കിയത്. ബ്ലോക്ക് പഞ്ചായത്ത് സെക്രട്ടറിയുടെ നേതൃത്വത്തിൽ എക്സ്റ്റൻഷൻ ആഫീസർമാരും ഗ്രാമപഞ്ചായത്ത് മെമ്പർമാരും ഭവനങ്ങൾ സന്ദർശിക്കുകയും നിർമ്മാണ പ്രവർത്തനങ്ങൾക്ക് കുടുംബശ്രീ സംഘടനാസംവിധാനത്തിന്റെ സഹായങ്ങൾ ലഭ്യമാക്കുകയും ചെയ്തു. ഓച്ചിറ ബ്ലോക്കിലെ 6 പഞ്ചായത്തുകളിൽ മൂന്നും തീരദേശത്തോടുചേർന്ന് കിടക്കുന്നവയാണ്. അവിടെ ഉൾപ്പെടെ സമയബന്ധിതമായി ഈ പ്രവർത്തനങ്ങൾ പൂർത്തീകരിക്കുവാൻ കഴിഞ്ഞത് വിവിധ സംഘടനാ സംവിധാനങ്ങളെ സമന്വയിപ്പിച്ചുകൊണ്ടാണ്.

*ലേഖകൻ പ്ലാൻ കോ ഓർഡിനേറ്ററാണ്*

# ചെമ്പിലോട് ഗ്രാമപഞ്ചായത്ത്
## പ്ലാസ്റ്റിക് മാലിന്യ സംസ്കരണ പ്ലാന്റ്

**എൻ. അനിൽകുമാർ**
സെക്രട്ടറി

കേരളത്തിലെ സാമൂഹ്യ ജീവിതത്തിന് വെല്ലുവിളിയുയർത്തുന്ന പ്രധാനപ്പെട്ട ഒരു വിഷയമാണ് മാലിന്യ പ്രശ്നം. വ്യക്തികളുടെ ആരോഗ്യത്തെയും സാമൂഹ്യ ആരോഗ്യത്തെയും പ്രതികൂലമായി ബാധിക്കുന്ന മാലിന്യങ്ങൾ ശാസ്ത്രീയമായി സംസ്കരിക്കുക എന്നത് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ നേരിടുന്ന വലിയൊരു പ്രതിസന്ധിയാണ്. ജൈവമാലിന്യങ്ങൾ സംസ്കരിക്കുന്നതിനേക്കാൾ ബുദ്ധിമുട്ടുള്ള കാര്യമാണ് പ്ലാസ്റ്റിക്ക് പോലുള്ള അജൈവ മാലിന്യങ്ങളുടെ സംസ്കരണം. ഈ പ്രതിസന്ധി വിജയകരമായി മറികടന്ന് സംസ്ഥാനത്തിനാകെ മാതൃക സൃഷ്ടിച്ച സംരംഭമാണ് ചെമ്പിലോട് ഗ്രാമപഞ്ചായത്തിലെ പ്ലാസ്റ്റിക് മാലിന്യ സംസ്കരണ പ്ലാന്റ്. കേരള സംസ്ഥാനത്ത് മാത്രമല്ല ഇന്ത്യയിലെ തന്നെ ഒരു തദ്ദേശ സ്വയം ഭരണ സ്ഥാപനം പ്ലാസ്റ്റിക്ക് മാലിന്യ സംസ്കരണത്തിനായി ആദ്യമായി ഒരു പ്ലാന്റ് സ്ഥാപിക്കുന്നത് ചെമ്പിലോട് ഗ്രാമപഞ്ചായത്തിലാണ്.

**ഉൽഭവം :** പതിനൊന്നാം പഞ്ചവത്സര പദ്ധതി കാലത്ത് 2007-08 വർഷത്തെ ജനകീയാസൂത്രണ പദ്ധതി രൂപീകരണ ഗ്രാമസഭയിലാണ് ആദ്യമായി ഈ പദ്ധതി നിർദ്ദേശം ഉയർന്നു വന്നത് . ആ വർഷം തന്നെ പ്രൊജക്ട് അംഗീകരിക്കുകയും പ്രാരംഭ പ്രവർത്തനങ്ങൾ ആരംഭിക്കുകയും ചെയ്തു.

**ഉദ്ദേശം :** രൂക്ഷമായ പാരിസ്ഥിതിക പ്രശ്നങ്ങൾ ഉണ്ടാക്കുന്ന പ്ലാസ്റ്റിക് മാലിന്യങ്ങൾ ശാസ്ത്രീയമായ രീതിയിൽ സംസ്കരിക്കുകയും പ്ലാസ്റ്റിക്ക് ഉൽപന്നങ്ങൾ ഉണ്ടാക്കുന്നതിനുള്ള അസംസ്കൃത വസ്തുവായി മാറ്റുകയും ചെയ്യുക. അസംസ്കൃത വസ്തുക്കൾ പ്ലാസ്റ്റിക് ഉൽപാദന യൂണിറ്റുകൾക്ക് ലഭ്യമാക്കുക ഇവയിൽ നിന്നും മൂല്യ വർദ്ധിത ഉൽപ്പന്നങ്ങൾ ഉണ്ടാക്കുക.പ്ലാസ്റ്റിക്ക് സംസ്കരണ സാങ്കേതിക വിദ്യയിൽ പരിശീലനം നൽകുന്നതിനായി പരിശീലന കേന്ദ്രം ആരംഭിക്കുക.

**ലക്ഷ്യം :** പ്ലാസ്റ്റിക്ക് മാലിന്യങ്ങളുടെ വ്യാപനം കുറയ്ക്കുക. വരും തലമുറയ്ക്കു പോലും ഭീഷണിയാകുന്ന പ്ലാസ്റ്റിക്ക് മാലിന്യങ്ങൾ ശാസ്ത്രീയമായി സംസ്കരിക്കുക. ഭൂമിയിലേക്ക് തള്ളുന്ന പുത്തൻ പ്ലാസ്റ്റിക്ക് മാലിന്യങ്ങളുടെ ആഗമനവും അളവും നിയന്ത്രിക്കുക.

**സക്ഷാത്കാരം:** 2007-08,200



8-09,2009-10,2010-2011 വർഷങ്ങളിലെ ജനകീയാസൂത്രണം വാർഷിക പദ്ധതികളുടെ ഭാഗമായി തയ്യാറാക്കിയ പ്രൊജക്ടുകൾ നടപ്പാക്കി പ്ലാസ്റ്റിക്ക് മാലിന്യസംസ്ക്കരണ പ്ലാന്റ് യാഥാർത്ഥ്യമാക്കി. ഈ വർഷങ്ങളിൽ തയ്യാറാക്കി നടപ്പാക്കിയ പ്രൊജക്ടുകൾ വഴി പ്ലാന്റിനായുള്ള കെട്ടിട നിർമ്മാണം ,വൈദ്യുതീകരണം, യന്ത്രസാമഗ്രികളുടെ സജ്ജീകരണം, വീടു വീടാന്തരം കയറിയുള്ള പ്ലാസ്റ്റിക്ക് മാലിന്യ ശേഖരണത്തിനായി പിക്ക് അപ്പ് ഓട്ടോറിക്ഷ വാങ്ങൽ എന്നീ കാര്യങ്ങൾ സമയബന്ധിതമായി പൂർത്തിയാക്കി.

**ധനകാര്യ വിശകലനം :** 2007-08 വാർഷിക പദ്ധതിയിൽ കെട്ടിട നിർമ്മാണത്തിനായി പദ്ധതി വിഹിതം 260000/.(രണ്ടു ലക്ഷത്തി അറുപതിനായിരം രൂപ മാത്രം)യും തനത് ഫണ്ട് രൂപ 1310/.രൂപയും ചിലവഴിച്ചു. 2008-09 വാർഷിക പദ്ധതിയിൽ പ്ലാൻ ഫണ്ട രൂപ 450000/.(നാലു ലക്ഷത്തി അമ്പതിനായിരം രൂപ മാത്രം) യും ചിലവഴിച്ച് സംസ്കരണ പ്ലാന്റിനായുള്ള യന്ത്ര സാമഗ്രികൾ സജ്ജീകരിച്ചു.

2010-11 വർഷം പദ്ധതി വിഹിതം 157135/-( ഒരു ലക്ഷത്തി അമ്പത്തിയേഴായിരത്തി നൂറ്റി മുപ്പത്തിയഞ്ച് രൂപ മാത്രം) രൂപ ചിലവഴിച്ച് വീട് വീടാന്തരവും, കടകളിൽ നിന്നുമായുള്ള പ്ലാസ്റ്റിക്ക് ശേഖരണത്തിനായി പിക് അപ് ഓട്ടോറിക്ഷ സ്വന്തമാക്കി.

2012-13 സാമ്പത്തിക വർഷം പ്ലാസ്റ്റിക്ക് മാലിന്യം വീടുകളിൽ നിന്ന് ശേഖരിച്ച് മാലിന്യ പ്ലാന്റിലേക്ക് എത്തിക്കുന്നതിന് 48000 രൂപ ചെലവഴിച്ചു. തൻ വർഷം പ്ലാസ്റ്റിക്ക് മാലിന്യ പ്ലാന്റ് പൂർണ്ണ തോതിൽ പ്രവർത്തന സജ്ജമാക്കി.

2013-14 വർഷം തുടർ പ്രവർത്തനങ്ങളുടെ ഭാഗമായി പ്ലാസ്റ്റിക്ക് മാലിന്യ നിർമ്മാർജ്ജന പദ്ധതിക്കായി 246000 രൂപ വകയിരുത്തി പ്രൊജക്ട് തയ്യാറാക്കി നടപ്പിലാക്കി വരുന്നു. വളണ്ടിയർമാർക്ക് ഹോണറേറിയം, വാഹനത്തിന്റെ

ദൈനംദിന പ്രവർത്തന ചിലവുകൾ, മെയിന്റനൻസ് എന്നിവ ഇതിലൂടെ നിർവ്വഹിക്കുന്നു.

**സ്ഥാപിത ശേഷി :** ദൈനംദിനം 300 കിലോഗ്രാം പ്ലാസ്റ്റിക്ക് മാലിന്യങ്ങൾ സംസ്ക്കരിക്കാനുള്ള ശേഷി ഈ പ്ലാന്റിന് ഇപ്പോഴുണ്ട്.

**പ്രവർത്തനങ്ങൾ:** ചെമ്പിലോട് ഗ്രാമപഞ്ചായത്തിലെയും, അയൽ പഞ്ചായത്തുകളിലെയും വീടുകളിൽ നിന്നും കടകളിൽ നിന്നും ഇതിനായി നിയോഗിക്കപ്പെട്ട വനിതാ വളണ്ടിയർമാർ പ്ലാസ്റ്റിക്ക് ശേഖരിക്കുന്നു. നിശ്ചിത തീയതികളിൽ റൊട്ടേഷൻ അടിസ്ഥാനത്തിൽ വീടുകളിലും കടകളിലും വൃത്തിയായി ശേഖരിച്ചു വെക്കുന്ന പ്ലാസ്റ്റിക്ക് മാലിന്യങ്ങൾ സ്വീകരിച്ച് സംസ്കരണ പ്ലാന്റിലെത്തിക്കുന്നു. അവിടെ വെച്ച് അവ സംസ്കരിച്ച് പ്ലാസ്റ്റിക്ക് ഉല്പന്നങ്ങൾ നിർമ്മിക്കുന്നതിനുള്ള അസംസ്കൃത വസ്തുവായി മാറ്റുന്നു. കൂടാതെ ഇവയിൽ നിന്ന് മൂല്യ വർദ്ധിത ഉല്പന്നമായ സൂത്‌ലി ചരടുകൾ നിർമ്മിക്കുന്നു.

**തൊഴിലവസരങ്ങൾ :** പ്ലാസ്റ്റിക്ക് മാലിന്യ ശേഖരണത്തിനായി 4 വനിതാ വളണ്ടിയർമാർ പ്രവർത്തിക്കുന്നു. പിക് അപ് ഓട്ടോറിക്ഷാ ഡ്രൈവറായി ഒരു വനിതയും ജോലി ചെയ്യുന്നു. കൂടാതെ പ്ലാന്റ് പ്രവർത്തിപ്പിക്കുന്നതിനുള്ള തൊഴിലാളികളായും 4 പേർക്ക് പ്രത്യക്ഷത്തിൽതന്നെ ജോലി ലഭിക്കുന്നു. മറ്റു ഉല്പന്ന നിർമ്മാണ യൂണിറ്റുകൾക്കാവശ്യമായ അസംസ്കൃത വസ്തുക്കൾ നിർമ്മിക്കുന്ന സ്ഥാപനമായതിനാൽ പരോക്ഷമായും തൊഴിലവസരങ്ങൾ സൃഷ്ടിക്കപ്പെടുന്നു. കൂടാതെ ട്രെയിനിംഗ് സെന്റർ കൂടി സജ്ജമായി വരുമ്പോൾ കൂടുതൽ പേർക്ക് ജോലി സാദ്ധ്യത ഉറപ്പാകുന്നു.









**സാമൂഹ്യ ദൗത്യം :** ഭാവി തലമുറയ്ക്ക് പോലും ഭീഷണിയാകുന്ന പ്ലാസ്റ്റിക്ക് മാലിന്യങ്ങൾ ശാസ്ത്രീയമായി സംസ്കരിച്ച് വൻ പാരിസ്ഥിതിക പ്രത്യാഘാതത്തിൽ നിന്നും ഭൂമിയേയും മണ്ണിനേയും സംരക്ഷിക്കുന്നു. പ്ലാസ്റ്റിക്ക് മാലിന്യങ്ങളുടെ വ്യാപനം തടയുന്നു. പ്ലാസ്റ്റിക്ക് മാലിന്യങ്ങൾ ശേഖരിച്ച് കേന്ദ്രീകൃത സംസ്കരണ പ്രക്രിയയ്ക്ക് വിധേയമാക്കുന്നതാകയാൽ വായുവും, ജലവും, അന്തരീക്ഷവും മലിനമാകുന്നത് കുറയുന്നു. മാലിന്യത്തിൽ നിന്നും, സാമ്പത്തിക നേട്ടവും, തൊഴിലവസരങ്ങളും സൃഷ്ടിക്കപ്പെടുന്നു. ട്രെയിനിംഗ് സെന്റർ സജ്ജമായാൽ മാലിന്യ സംസ്കരണ സാങ്കേതിക വിദ്യാ വ്യാപനം നടക്കുന്നത് വഴി കൂടുതൽ തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങളിലും തദ്വാര നമ്മുടെ സംസ്ഥാനത്തും പ്ലാസ്റ്റിക്ക് മാലിന്യങ്ങളുടെ ഭൂമിയിലേക്കുള്ള ആഗമനം നിയന്ത്രിക്കപ്പെടുന്നു. അതുവഴി വൻ സാമൂഹ്യ വിപത്തിൽ നിന്നും ഒരളവു വരെ രക്ഷ നേടാൻ സാധിക്കുന്നു.

**ഭാവി പ്രവർത്തനങ്ങളും വികസന സാദ്ധ്യതകളും :** പ്ലാസ്റ്റിക്ക് മാലിന്യ ശേഖരണം അയൽ പഞ്ചായത്തുകളിലേക്ക് കൂടി വ്യാപിപ്പിക്കുക. പ്ലാസ്റ്റിക്ക് മാലിന്യ സംസ്കരണത്തിന് ശാസ്ത്രീയ പരിശീലനം നൽകാനുള്ള ട്രെയിനിംഗ് സെന്ററിന്റെ പ്രവർത്തി പൂർത്തിയാക്കുക. പരമാവധി മാലിന്യങ്ങൾ സംസ്കരിക്കുന്നതിനായി പ്രവർത്തന ശേഷി കൂടിയ ഒരു പ്ലാന്റ് അധികമായി സ്ഥാപിക്കുന്നതുവഴി എടക്കാട് ബ്ലോക്കിലെ ഇതര ഗ്രാമപഞ്ചായത്തുകളിലെ മുഴുവൻ പ്ലാസ്റ്റിക്ക് മാലിന്യങ്ങളും സംസ്കരിക്കാനുള്ള കേന്ദ്രമാക്കി ഇതിനെ മാറ്റിയെടുക്കുക ശാസ്ത്രീയ സംസ്കരണ സാങ്കേതിക വിദ്യാപരിശീലനത്തിലുള്ള ട്രെയിനിംഗ് സെന്റർ പൂർണ്ണ സജ്ജമാകുന്നതോടെ കേരളത്തിനകത്തും പുറത്തു നിന്നുമുള്ളവർക്ക് ഈ കാര്യത്തിൽ പരിശീലനം നേടുവാനും സാധിക്കുന്ന സാഹചര്യമുണ്ടാകും.ആയത് പ്ലാസ്റ്റിക്ക് മാലിന്യ സംസ്കരണ രംഗത്ത് വൻ കുതിച്ചു ചാട്ടം ഉണ്ടാക്കുകയും വൻ പാരിസ്ഥിതിക പ്രത്യാഘാതങ്ങളിൽ നിന്ന് നമ്മുടെ നാടിനെ രക്ഷിക്കുകയും ചെയ്യും.

ചെമ്പിലോട് ഗ്രാമപഞ്ചായത്തിന്റെ വികസന ചരിത്രത്തിലെ പ്രധാനപ്പെട്ട കാൽവെപ്പായ ഈ സ്ഥാപനം പ്ലാസ്റ്റിക്ക് മാലിന്യം എന്ന സാമൂഹ്യ വിപത്തിൽ നിന്ന് സമൂഹത്തെ രക്ഷിക്കുകയും, മാലിന്യത്തിൽ നിന്ന് തൊഴിലവസരങ്ങളും, സാമ്പത്തിക നേട്ടവും സൃഷ്ടിക്കുകയും പരിസ്ഥിതി സംരക്ഷണം ഉറപ്പു വരുത്തുകയും ചെയ്യുന്ന ഒരു മാതൃകാ സംരംഭമാണ്. ജനകീയാസൂത്രണ പ്രസ്ഥാനത്തിന്റെ അനന്ത സാദ്ധ്യതകൾ പ്രയോജനപ്പെടുത്തി സ്ഥാപിച്ച ഈ പ്ലാസ്റ്റിക്ക് സംസ്കരണ പ്ലാന്റ് ചെമ്പിലോട് ഗ്രാമപഞ്ചായത്തിന്റെ സാമൂഹ്യ പ്രതിബദ്ധതയുടെ ഉത്തമ നിദർശനം കൂടിയാണ്.

വികസന രംഗത്ത് പുത്തൻ മാതൃകകൾ സൃഷ്ടിച്ച് മുമ്പേ പറക്കുന്ന പക്ഷിയെ പോലെ പ്രവർത്തിക്കുന്ന ചെമ്പിലോട് ഗ്രാമപഞ്ചായത്തിന്റെ ഈ സംരംഭം പ്ലാസ്റ്റിക് മാലിന്യ പരിപാലന രംഗത്ത് സംസ്ഥാനത്ത് തന്നെ ഏറ്റവും മികച്ച സംരംഭമാണെന്ന കാര്യം അടിവരയിട്ട് പ്രഖ്യാപിക്കുന്നു.




# അപ്പാരൽ പാർക്ക്




ചെമ്പിലോട് ഗ്രാമപഞ്ചായത്തിലെ കുടുംബശ്രീ അംഗങ്ങളിൽ ദാരിദ്ര്യരേഖയ്ക്ക് താഴെയുള്ളതും തയ്യൽ അറിയാവുന്നതുമായ വനിതകളെ കണ്ടെത്തി കുടുംബശ്രീ മിഷന്റെ നേതൃത്വത്തിൽ വിദഗ്ധ പരിശീലനം നൽകി വസ്ത്ര നിർമ്മാണ യൂണിറ്റ് ആരംഭിക്കുന്നതിനാണ് പദ്ധതി നടപ്പിലാക്കിയത്. കണ്ണൂർ ജില്ലാ പഞ്ചായത്തിന്റെ സഹകരണത്തോടും പങ്കാളിത്തതോടും കൂടി കെട്ടിട നിർമ്മാണവും കുടുംബശ്രീ ജില്ലാ മിഷന്റെയും ഗ്രാമപഞ്ചായത്തിന്റെയും സഹകരണത്തോടുകൂടി അപ്പാരൽ പാർക്ക് തുടങ്ങുന്നതിനാണ് പദ്ധതി വിഭാവനം ചെയ്തത്.

ഈ ആവശ്യത്തിലേക്കായി അപേക്ഷ ക്ഷണിക്കുകയും ലഭിച്ച 98 അപേക്ഷകർക്കും കുടുംബശ്രീ പഞ്ചായത്ത് തലത്തിൽ രണ്ട് ട്രെയിനിംഗ് നൽകുകയും അതിൽ നിന്നും താൽപര്യമുള്ള 30 പേർ ചേർന്ന് 10 അംഗങ്ങൾ വീതമുള്ള സ്റ്റാർ , യശസ്സ്, വർണ്ണം എന്നീ 3 ഗ്രൂപ്പുകൾ രൂപീകരിച്ചു. ഈ 3 ഗ്രൂപ്പുകളും ചേർന്ന് കോയ്യോട് സർവ്വീസ് സഹകരണ ബാങ്കിൽ നിന്നും 11,10,000/- രൂപ ലോൺ എടുത്തു. ഇതിൽ ഗ്രാമപഞ്ചായത്ത് സബ്സിഡിയായി 3,31,144/- രൂപ 2013 നവംബർ മാസം തന്നെ അനുവദിക്കുകയുണ്ടായി. ഇതിനു പുറമെ കുടുംബശ്രീ മിഷൻ 3 ലക്ഷം രൂപ സബ്സിഡി അനുവദിച്ചിട്ടുണ്ട്.

ലോൺ തുക ഉപയോഗിച്ച് യൂണിറ്റിന് ആവശ്യമായ ഉപകരണങ്ങൾ 2013 നവംബർ മാസം വാങ്ങിച്ച് താൽകാലിക കെട്ടിടത്തിൽ സ്ഥാപിക്കുകയുണ്ടായി. 30 അംഗങ്ങൾക്കും കുടുംബശ്രീ മിഷൻ മുഖേന ഇഷാ ലേണിംഗ്സ് ബാംഗ്ലൂർ എന്ന സ്ഥാപനം 2013 നവംബർ മുതൽ 2014 ഫെബ്രുവരി വരെ 4 മാസത്തെ സ്കിൽ ട്രെയിനിംഗ് നൽകി. ഇതിനുള്ള ചെലവായ 3 ലക്ഷം രൂപ കുടുംബശ്രീ മിഷൻ അനുവദിക്കുകയുണ്ടായി.

ഇതോടൊപ്പം തന്നെ അപ്പാരൽ പാർക്കിനുവേണ്ടി ഒരു സ്ഥിരമായ കെട്ടിടം നിർമ്മിക്കുന്നതിന് കണ്ണൂർ ജില്ലാ പഞ്ചായത്ത് കുടുംബശ്രീ മിഷൻ മുഖേന അനുവദിച്ച 20 ലക്ഷം രൂപയും ഗ്രാമപഞ്ചായത്ത് വിഹിതമായി 2 ലക്ഷം രൂപയും ഉൾപ്പെടുത്തി 2013 ഫെബ്രുവരി മാസം 22 ലക്ഷം രൂപയുടെ ഭരണാനുമതി നൽകുകയും 2013 ജൂലൈ മാസത്തോടുകൂടി കെട്ടിട നിർമ്മാണ പ്രവൃത്തി ആരംഭിക്കുകയും ചെയ്തു. കരാർ കാലാവധിയായ 6 മാസത്തിനുള്ളിൽ തന്നെ പ്രവൃത്തി പൂർത്തീകരിക്കുകയും ചെയ്തു. നാളിതുവരെ വയറിംഗ് ഉൾപ്പെടെ കെട്ടിടത്തിന് 24.64 ലക്ഷം രൂപ ചെലവഴിച്ചിട്ടുണ്ട്.

30 വനിതകൾക്ക് (കുടുംബങ്ങൾക്ക്) പ്രത്യക്ഷമായും അതിലേറെ പേർക്ക് പരോക്ഷമായും തൊഴിൽ ലഭിക്കുന്ന സംരംഭമാണിത്. ദാരിദ്ര ലഘൂകരണം സ്ത്രീ ശാക്തീകരണം സ്വയം പര്യാപ്തത എന്നിവ ഉറപ്പ് വരുത്തുന്ന സാമുഹ്യ പ്രതിബദ്ധത ഉള്ള മാതൃകാ സംരംഭമാണിത്.

നിലവിൽ വ്യക്തികളിൽ നിന്നും സ്ഥാപനങ്ങളിൽ നിന്നും ഓർഡറുകൾ സ്വീകരിച്ച് മിതമായി നിരക്കിൽ പുത്തൻ ഡിസൈനിംഗിലുള്ള വസ്ത്രങ്ങൾ തയ്ക്കുന്നതിനാൽ കൂടുതൽ ഓർഡറുകൾ ലഭിക്കുന്നതിനാൽ അധിക സമയം ജോലി ചെയ്താണ് തൊഴിലാളികൾ സമയ ബന്ധിതമായി തീർക്കുന്നത്



ടി.വി. അബ്ദുറഹിമാൻകുട്ടി

# ഗുരുകുല പഠനവും വേദശാലകളും

ചേരരാജാക്കന്മാരുടെ ഭരണകാലം മുതൽ തന്നെ ക്ഷേത്രങ്ങളോടനുബന്ധിച്ച് വിവിധ പ്രദേശങ്ങളിൽ വേദാദ്ധ്യായന ശാലകൾ സ്ഥാപിച്ചിരുന്നു. വിദ്യാ ശാലകൾ എന്നറിയപ്പെട്ടിരുന്ന ഇവിടെവച്ചായിരുന്നു ഗുരുകുല സമ്പ്രദായത്തിന്റെ പരിഷ്കരണം. വേദ എന്നത് സംസ്കൃത പദമാണ്. വിദ്യഅറിവ് എന്നാണ് അർത്ഥം.

കാന്തളൂർ ശാല, മൂഴിക്കുളം ശാല, കരകണ്ടീശ്വരം ശാല, തലക്കുളം ശാല, പാർത്ഥിവപുരം ശാല, ശ്രീഭല്ലവാ പെരുംശാല, തിരുവല്ലം ശാല, തിരുനെല്ലി ശാല, കൊട്ടാരക്കര ശാല തുടങ്ങിയ നിരവധി ശാലകളുണ്ടായിരുന്നു. ഇവ സംഘകാലത്തോ അതിനു മുമ്പോ പിൻപോ ആവാമെന്നതിൽ ചരിത്രം വിഭിന്ന പക്ഷമാണ്. ശാലകളിൽ വേദം, വ്യാകരണം, തത്വചിന്ത, നിയമം, ചിത്രകല, സൗന്ദര്യശാസ്ത്രം തുടങ്ങിയവ പാഠ്യവിഷയങ്ങളായിരുന്നു. ആയുധാഭ്യാസം പാഠ്യേതര വിഷയവുമായിരുന്നു. പഠിതാക്കൾക്ക് ഭക്ഷണം, വസ്ത്രം, താമസം തുടങ്ങിയവ സൗജന്യമായിരുന്നു.

ശ്രവണ, മനന, നിദിധ്യാസന എന്നീ മൂന്ന് രീതികളിലായിരുന്നു അദ്ധ്യായനം. അക്ഷരങ്ങൾ എഴുതി വിദ്യ ആരംഭിക്കുന്നത് വിദ്യാരംഭമെന്നും ശിഷ്യനെ ഗുരുവിന്റെ സന്നിദ്ധാനത്തിലേക്ക് ആനയിക്കുന്നത് ഉപനയനമെന്നും, പുതുവർഷ പിറവിയിലെ കർമ്മം ഉപാകർമ്മമെന്നും, കൊല്ലാവസാന പഠന ക്രിയ ഉപസർജനമെന്നും, വിദ്യാർത്ഥി ജിവിതം അവസാനിപ്പിക്കുന്നത് സമാവർത്തനമെന്നുമായാണ് പഠനത്തിന്റെ വിവിധ ഘട്ടങ്ങൾ അറിയപ്പെട്ടിരുന്നത്. വേദം ചൊല്ലുകയും ചൊല്ലിക്കുകയും ചെയ്യുന്ന ചടങ്ങിന് ഓത്തൂട്ട് എന്നാണ് വിളിക്കാറ്.. പഠനത്തിന്റെ ആത്യന്തിക ലക്ഷ്യം ആത്മ സാക്ഷാത്കാരമായിരുന്നു.

നമ്പൂതിരി യുവാക്കൾ വേദാദ്ധ്യായം നടത്തിയിരുന്ന ശാലകളിൽ ആയുധാഭ്യാസവുമുണ്ടായിരുന്നു. കാന്തളൂരിലും ഇതര സ്ഥാപനങ്ങളിലുമായി 36,000 നമ്പൂതിരി യുവാക്കൾക്കു സൈനികപരിശീലനം നൽകിയിരുന്നു, ഇവരെ വാൾപ്പയറ്റും മറ്റും അഭ്യസിപ്പിക്കാൻ 1008 കളരികൾ ഉണ്ടായിരുന്നു ചോളരാജാക്കന്മാരുടെ ആക്രമണത്തിനെതിരായ പോരാട്ടത്തിൽ ജനങ്ങളിൽ നിന്ന് ആളും അർത്ഥവും പരമാവധി സംഭരിച്ച് ഭരണാധികാരികളെ സഹായിച്ചത് സമുദായത്തിന്റെ ഉന്നതശ്രേണിയിലിരുന്ന നമ്പൂതിരിബ്രാഹ്മണരായിരുന്നു അവരിൽ ഒട്ടേറെപ്പേർ പരമ്പരാഗതമായ പൗരോഹിത്യവും വൈജ്ഞാനികവൃത്തിയും ഉപേക്ഷിച്ച്

സമരായുധങ്ങളേന്തിയിരുന്നുവെന്ന് പരാമർശമുണ്ടെന്ന് ചരിത്രകാരൻ എളംകുളം കുഞ്ഞൻപിള്ള കേരള ചരിത്രപഠനത്തിൽ പറയുന്നു.

സംഘകാലത്ത് വിദ്യാഭ്യാസത്തിന് മുന്തിയ പരിഗണനയാണ് നൽകിയിരുന്നത്. പൊതുസ്ഥലത്ത് താമസിച്ച് പഠിക്കുന്ന സമ്പ്രദായം അക്കാലത്തുണ്ടായിരുന്നുവെന്ന് പ്രധാന സംഘ കൃതി കുറുന്തൊകൈ'(401 കവിതകൾ) സൂചന നൽകുന്നു. പഠനശാലകൾ പള്ളികളെന്നും അറിയപ്പെട്ടു. അദ്ധ്യാപകരെ കണക്കയാർ, ആശിരിയർ, ഉത്തവിയാർ, ആശാൻ, ഭട്ടന്മാർ എന്നും വിദ്യാർത്ഥികളെ മാനവൻ, പിളൈള, ചാത്തിരർ (ശാസ്ത്ര ബ്രാഹ്മണർ) എന്നും വിളിച്ചു. ചാത്തിരരിൽ ഒരു വിഭാഗം അർദ്ധസൈനികരായിരുന്നു. ഇവർക്ക് ആയുധം ധരിച്ച് ക്ഷേത്രപ്രവേശനം അനുവദനീയമല്ല. ഭാരതത്തിലെ വിവിധ പ്രദേശങ്ങളിൽ ഈ വിഭാഗം നാമമാത്രമേ ഉണ്ടായിരുന്നുള്ളു. മധ്യകാലത്ത് കേരളത്തിൽ ഇവർക്കുണ്ടായിരുന്ന പ്രാധാന്യം അദ്വിതീയമായിരുന്നുവെന്ന് സാഹിത്യങ്ങൾ സൂചിപ്പിക്കുന്നു.

ആയ് വംശ രാജാവായ കരുനന്തടക്കൻ (857– 883)ന്റെ ഭരണ കാലത്ത് പുറപ്പെടുവിച്ച പാർത്ഥീവപുരം ചെപ്പേടുകളിൽ കന്യാകുമാരി ജില്ലയിലെ മുഞ്ചിറ ഉഴക്കുടിവിളയിൽ വിലക്കുവാങ്ങിയ സ്ഥലത്ത് ഒരു വിഷ്ണുക്ഷേത്രം നിർമ്മിച്ച് ക്ഷേത്രത്തിന് സമീപം ഒരു പാഠശാല തുടങ്ങിയെന്ന് പരമാർശമുണ്ട്. ക്ഷേത്രോത്സവങ്ങൾ, അഞ്ചുതരം വാദ്യങ്ങൾ, വിദ്യാർത്ഥികൾ പാലിക്കേണ്ട നിയമങ്ങൾ തുടങ്ങിയവയെല്ലാം ഈ ശാസനത്തിൽ വിവരിക്കുന്നുണ്ട്.

ഈ വിദ്യാലയം കാന്തള്ളൂർ ശാലയുടെ മര്യാദയിലാണ് പ്രവർത്തിച്ചിരുന്നതെന്ന് പറയുന്നു. കാന്തള്ളൂർ ചാലൈ കലമറുത്തരുളിന എന്ന വിശേഷണം ചോഴ ചക്രവർത്തിമാരായ രാജാരാജൻ, രാജേന്ദ്രൻ, രാജാദിരാജൻ, കുലോംതുകൻ എന്നിവർ തങ്ങളുടെ പ്രശസ്തിയിൽ പ്രയോഗിച്ചിരുന്നു.

പ്രാചീന ഭാരതത്തിലെ അതിപ്രശസ്ത വിജ്ഞാനകേന്ദ്രമായിരുന്നു നളന്ദ സർവ്വകലാശാല. ക്രി.വ. 427 മുതൽ 1197 വരെ 800 വർഷത്തോളം ശ്ലാഘനീയമായ രീതിയിൽ ഇത് പ്രവർത്തിച്ചു. ബീഹാറിന്റെ തലസ്ഥാനമായ പാറ്റ്നക്ക് നൂറ് മൈൽ തെക്ക് കിഴക്കായിരുന്നു സ്ഥിതിചെയ്തിരുന്നത്. ബുദ്ധമത വൈജ്ഞാനിക കേന്ദ്രമായിരുന്ന ഈ സരസ്വതീക്ഷേത്രം ഗുപ്ത സാമ്രാജ്യത്തിലെ നരസിംഹ ഗുപ്തനാണ് നിർമ്മിച്ചത്. ലോകത്തിന്റെ വിവിധ ഭാഗങ്ങളിൽ നിന്ന് പതിനായിരത്തോളം പഠിതാക്കൾ ഇവിടെ വന്ന് വിദ്യ നേടിയിട്ടുണ്ട്.

ചേരരാജ്യത്തെ ശാലകളിൽ പ്രഥമഗണനീയമായ കാന്തളൂർ ശാല ദക്ഷിണ നളന്ദയായി അറിയപ്പെട്ടു. ഈ ശാല വിഴിഞ്ഞത്തിനടുത്തായിരുന്നുവെന്നും പത്തും പതിനൊന്നും നൂറ്റാണ്ടുകളിലെ ചോഴാക്രമണങ്ങൾക്ക് ശേഷം കാന്തള്ളൂർ ശില തിരുവനന്തപുരം വലിയശാലയിലേക്ക് മാറ്റി നൂരിലെ ഓത്താൻമാർ മഠത്തിൽ ഉഗേതികളാവാൻ രാജ്യത്തിന്റെ വിവിധ ഭാഗങ്ങളിൽ നിന്നും ധാരാളം ഉണ്ണികൾ ഒത്തുകൂടിയിരുന്നു.

സംഘകാലങ്ങളിൽ ബ്രാഹ്മണരെ പാർപ്പനർ എന്ന് വിളിച്ചു. ഈ പദം ലോപിച്ച് തമിഴിൽ പാപ്പാൻ എന്നായി തീർന്നു. അക്കാലത്ത് ആര്യന്മാർ ദക്ഷിണേന്ത്യയിൽ അധിനിവേശം ഏതാണ്ട് ആരംഭിച്ചിരുന്നു. തന്മൂലം ബ്രാഹ്മണത്വത്തിന്റെയും വൈദിക സംസ്കാരത്തിന്റെയും സാന്നിധ്യം ഇവിടെ വേരോടിയിരുന്നു. ബ്രാഹ്മണന്മാർ ഇതര ജനവിഭാഗങ്ങളോട് ഇടപഴകിയിരുന്നില്ല.





# തദ്ദേശ ഭരണ സ്ഥാപനങ്ങൾക്കായി വിവര വിനിമയ ഭരണ നിർവ്വഹണചട്ടക്കൂട്

## (Information Exchange and Governance Framework)

ജി.കെ. സുനിൽ

സമൂഹത്തിൽ അനുദിനം ഉണ്ടാകുന്ന മാറ്റങ്ങളെയും അവ അതിന്റെ ആരോഗ്യപരമായ നിലനിൽപ്പിനെ ഏതു രീതിയിൽ ബാധിക്കുമെന്നതിനെയും കുറിച്ച് തദ്ദേശഭരണസ്ഥാപനങ്ങൾ ശാസ്ത്രീയമായ അപഗ്രഥനം നടത്തേണ്ടത് വികസിത രാജ്യമെന്ന ലക്ഷ്യത്തിലേക്ക് നീങ്ങുന്ന ഏതു സമൂഹത്തിനും അനുപേക്ഷണീയമാണ്. ഉത്തരവാദിത്വങ്ങൾ വകുപ്പുകളുടെ ചുമതലയിൽ വിട്ട് പൗരധർമ്മങ്ങൾ വിസ്മരിക്കുന്ന ഒരു ജനതയേക്കാൾ ഭരണത്തിന്റെ സദ്ഫലങ്ങൾ ഏതൊക്കെ രീതിയിൽ സുസ്ഥാപിതമായ മാർഗങ്ങളിലൂടെ അനുഭവവേദ്യമാക്കാം എന്ന് പുനർവിചിന്തനം ചെയ്യുന്ന ഉത്തരവാദിത്വമുള്ള പൗരസമൂഹമാണ് വരും കാലങ്ങളിൽ ഇന്ത്യയെ പോലുള്ള രാജ്യങ്ങളുടെ വളർച്ചയ്ക്ക് നിദാനമാകുക. ഇതിൽ തദ്ദേശഭരണസ്ഥാപനങ്ങൾക്ക് ഫലപ്രദമായി നേതൃപരമായ പങ്ക് വഹിക്കാനാകും എന്നത് പ്രധാന വസ്തുതയാണ്. എന്നാൽ ഈ രീതിയിൽ പ്രവർത്തിക്കാൻ സഹായകമാകുന്ന വിവരങ്ങൾ (Data) കൃത്യതയോടെ വേഗത്തിൽ സംവേദിതമാക്കുന്ന ഒരു വിവര വിനിമയ ഭരണ നിർവ്വഹണ ചട്ടക്കൂട് (Information Exchange and Governance Framework) സ്ഥാപിച്ചെടുക്കുന്നതിനുള്ള പ്രവർത്തനങ്ങൾ നടത്തേണ്ടത് കേന്ദ്ര സംസ്ഥാന സർക്കാരുകളുടെ ചുമതലയാണ്. ഒറ്റപ്പെട്ട പ്രവർത്തനങ്ങൾ വിവിധ സർക്കാർ വകുപ്പുകളിൽ നടക്കുന്നുണ്ട് എന്നതിൽ

തർക്കമില്ല. എന്നാൽ ഫലപ്രദമായ സംയോജനം സാദ്ധ്യമാക്കാൻ വകുപ്പുകളെ പ്രേരിപ്പിക്കുകയും ഈ രീതിയിൽ ലഭ്യമാക്കുന്ന വിവരങ്ങൾ ശേഖരിച്ച് അവ ഉപയോഗപ്പെടുത്തി താഴെത്തട്ടിലുള്ള സാമൂഹ്യ പരിവർത്തനങ്ങളെ ശാസ്ത്രീയമായി അപഗ്രഥിക്കാനും തദ്ദേശീയമായി പരിഹാരം കാണാനും തദ്ദേശഭരണ സ്ഥാപനങ്ങളെ കൂടുതൽ സജ്ജമാക്കുകയും ചെയ്യേണ്ടതുണ്ട്. വ്യാപകമായ തലത്തിലല്ലെങ്കിലും ലഭ്യമായ വിവരങ്ങൾ ഉപയോഗിച്ച് തന്നെ പങ്കാളിത്ത ആസൂത്രണവും വികേന്ദ്രീകൃത പദ്ധതി നിർവ്വഹണവുമെല്ലാം ഇന്ത്യക്കാകെ മാതൃകയായി ഏറ്റെടുത്ത് വിജയിപ്പിച്ച പാരമ്പര്യമാണ് കേരളത്തിനുള്ളത് എന്നത് അഭിമാനകരമാണ്. എന്നാൽ മേൽ സൂചിപ്പിച്ച രീതിയിൽ കാര്യമായ വിവരങ്ങൾ ലഭ്യമാകുന്നില്ല എന്നത് താഴെതട്ടിലുള്ള പ്രവർത്തകർ നേരിടുന്ന ഏററവും വലിയ വെല്ലുവിളിയാണ്. സർക്കാർ വകുപ്പുകൾക്കു പുറമെ സർക്കാർ ധനസഹായം പിൻപറ്റി പ്രവർത്തിക്കുന്ന നിരവധി ഗവേഷണ അദ്ധ്യാപന സ്ഥാപനങ്ങളുടെയും പക്കലുള്ള വിവരങ്ങൾ കൂടി ഈ ചട്ടക്കൂടിലൂടെ ലഭ്യമാക്കാൻ കഴിയണം. വിവരങ്ങൾ അവയുടെ സ്രോതസ്സ് മുതൽ ഉപയോഗ്യമാക്കാവുന്ന തലം വരെ നിർബാധം എത്തപ്പെടേണ്ടത് ഒരു Knowledge society (അറിവിലധിഷ്ഠിതമായ സാമൂഹ്യ നിർമ്മിതി)ക്ക് ഏറ്റവും പ്രധാനപ്പെട്ട കാര്യമാണ്.

ഇതോടൊപ്പം തന്നെ ഏറ്റെടുക്കുന്ന പദ്ധതികളുടെ തുടർ പ്രവർത്തനങ്ങളും അവയുടെ വിവരങ്ങളും നിരന്തരമായ വിലയിരുത്തലുകൾക്ക് പാത്രീഭവിക്കേണ്ടിയിരിക്കുന്നു. ഉദാഹരണത്തിന് പൊതു പങ്കാളിത്തത്തോടെയും തദ്ദേശഭരണസ്ഥാപനങ്ങളുടെ ധനസഹായത്തോടെയും ആരംഭിച്ച ഒരു കുടിവെള്ള പദ്ധതിയെക്കുറിച്ചുള്ള വിവരങ്ങൾ പരിശോധിച്ചാൽ പലപ്പോഴും പദ്ധതി നടപ്പിലാക്കിയ വർഷം കഴിഞ്ഞാൽ അതിന്റെ തുടർപ്രവർത്തനങ്ങളെക്കുറിച്ചും,ഗുണഭോക്തൃവിഹിതം വാങ്ങിക്കൽ, അറ്റകുറ്റ പണികൾ നടത്തുന്നതിനുള്ള പണം ചെലവിടൽ, വൈദ്യുതി കരം അടക്കൽ തുടങ്ങിയ വിവരങ്ങൾ എന്നിവയും കൂടാതെ ഏതെങ്കിലും കാരണവശാൽ പദ്ധതി ഉപേക്ഷിച്ചാൽ അതിന്റെ വിവരങ്ങളും എവിടെയും രേഖപ്പെടുത്തുന്നതായി കാണുന്നില്ല. അഥവാ രേഖപ്പെടുത്തുന്നുണ്ടെങ്കിൽ തന്നെ സംയോജിതമായി താഴെ തട്ടിൽ ലഭിക്കുന്നില്ല എന്ന തടസ്സം നിലനിൽക്കുന്നു. ഇത് ഭൗതികനേട്ടങ്ങൾ ഉണ്ടാക്കാൻ പര്യാപ്തമായ പദ്ധതികളുടെ അവസ്ഥയാണ്. എന്നാൽ ഗോചരമല്ലാത്തതും ജനങ്ങളുടെ ആരോഗ്യം, വിദ്യാഭ്യാസം, സാമൂഹ്യനീതി തുടങ്ങിയ മേഖലകളിലുള്ള സാമൂഹ്യാവസ്ഥയെയും മാറ്റങ്ങളെയും കുറിച്ചുള്ള ചിന്തകൾക്ക് തുടക്കമിടാൻ ഉതകുന്ന നിരവധി വിവരങ്ങൾ വിവിധ വകുപ്പുകൾ ശേഖരിക്കുന്നുണ്ട്. ഇവ പരസ്പരം പങ്കുവയ്ക്കുന്നതിനും കേന്ദ്രീകൃതമായി ഒറ്റ ജാലകത്തിലൂടെ ജനങ്ങൾക്ക് ഉപകാരപ്രദമാകുന്ന രീതിയിൽ സംവേദ്യമാക്കുന്നതിനും നമുക്ക് കഴിയണം. ഉദാഹരണമായി കേരളം അഭിമുഖീകരിക്കുന്ന പ്രകടമായ ഒരു സാമൂഹ്യമാറ്റമാണ് അന്യസംസ്ഥാന തൊഴിലാളികളുടെ അനിയന്ത്രിതമായ വർദ്ധനവ്. ഇത് അനിവാര്യമാണെങ്കിലും ഇതുമൂലം സമൂഹത്തിലുണ്ടാകുന്ന ഗുണ-ദോഷ ഫലങ്ങളെ കണ്ടെത്താൻ തദ്ദേശഭരണസ്ഥാപനങ്ങളെ പ്രാപ്തമാക്കേണ്ടതുണ്ട്. അടുത്തിടെ അന്യസംസ്ഥാന തൊഴിലാളികൾ ജോലി ചെയ്യുന്ന ഹോട്ടലുകളിൽ നടത്തിയ പരിശോധനകളിൽ നിന്നും ആശങ്കാജനകമായ വസ്തുതകളാണ് പത്രമാധ്യമങ്ങളിലൂടെ റിപ്പോർട്ട് ചെയ്യപ്പെട്ടിട്ടുള്ളത്. ദരിദ്ര സംസ്ഥാനങ്ങളിലെ അപര്യാപ്തമായ ജീവിത സാഹചര്യങ്ങളോട് പൊരുത്തപ്പെട്ട് ജീവിച്ച് വന്ന ഇവർ ജീവനോപാധി തേടിയാണ് കേരളത്തിലെത്തിയിട്ടുള്ളത്. കുറഞ്ഞ വേതനത്തിൽ ഇവരെ അനായാസം ലഭിക്കുന്നുവെന്നതിനാൽ തൊഴിലുടമകൾ ഏത് തൊഴിലിനും ഇവരെ നിയോഗിക്കാറുമുണ്ട്. എന്നാൽ ഇവരിൽ പകർച്ച വ്യാധികൾ ഉള്ളവരും ത്വക്ക് രോഗങ്ങൾ ഉള്ളവരും ധാരാളമായി കണ്ടെത്തിയിട്ടുണ്ട്. കൂടാതെ വൃത്തിഹീനമായ ജീവിത ശൈലി പിന്തുടരുന്ന ഇവരിൽ പലരും പാചക പ്രവർത്തനങ്ങളിൽ ഏർപ്പെടുന്നത് ആരോഗ്യകരവുമല്ല. ഇവരെ സംബന്ധിക്കുന്ന നിരവധി വിവരങ്ങൾ ആരോഗ്യ ഭക്ഷ്യ സുരക്ഷാ വകുപ്പുകൾ ശേഖരിച്ചിട്ടുണ്ട്. ഈ തൊഴിലാളികളുടെ സാമൂഹ്യപശ്ചാത്തലത്തെയും ജീവിത ശൈലിയെയും പറ്റിയുള്ള വിവരങ്ങൾ സാമ്പത്തിക സ്ഥിതി വിവര കണക്ക് -വകുപ്പ് ശേഖരിച്ചിട്ടുണ്ടാകും. ഇവരിൽ ഉള്ള കുറ്റവാസനകളെയും സാമൂഹ്യ വിരുദ്ധ പ്രവർത്തനങ്ങളെയും പറ്റിയുള്ള വിവരങ്ങൾ പോലീസ് വകുപ്പിന്റെ പക്കലും ഉണ്ടാകും. ഈ വിവരങ്ങൾ സംയോജിതമായി ഇവർ പ്രവർത്തനങ്ങളിൽ ഏർപ്പെടുന്ന തദ്ദേശഭരണസ്ഥാപനങ്ങൾക്ക് ലഭ്യമാക്കപ്പെടുന്നില്ല.കൃത്യമായ വിവരങ്ങൾ ലഭ്യമാകുന്ന പക്ഷം നിയമപരിരക്ഷയോടെ ഇതിനാവശ്യമായ വ്യക്തമായ ഇടപെടലുകൾ തദ്ദേശഭരണസ്ഥാപനങ്ങൾക്ക് നടത്താനാകും. അന്യ സംസ്ഥാന ഹോട്ടൽ തൊഴിലാളികൾക്ക് യൂണിഫോം നിർബന്ധമാക്കുക,ഹെൽത്ത് കാർഡ് ഉറപ്പാക്കുക ആവശ്യമെങ്കിൽ ശുചിത്വ ബോധവൽകരണം അവരുടെ മാതൃ ഭാഷയിലോ മനസ്സിലാകുന്ന ഭാഷയിലോ നൽകുക അടിക്കടി പരിശോധനകൾ നടത്തുക തുടങ്ങി മാറ്റമുണ്ടാക്കാവുന്ന ധാരാളം ഇടപെടലുകൾ ഈ രീതിയിൽ നടത്താൻ കഴിയും.കേരളത്തിലെ ഏതെങ്കിലും ഒരു ഗ്രാമപഞ്ചായത്തിൽ പരീക്ഷണാർത്ഥം ഈ പദ്ധതി നടപ്പിലാക്കാവുന്നതാണ്.

ഇത് മാത്രമല്ല സാമൂഹ്യ സുരക്ഷയെസംബന്ധിച്ചുള്ള നിരവധി പ്രവർത്തനങ്ങൾക്ക് പുതിയ മാനങ്ങൾ കണ്ടെത്താൻ ലഭ്യമായ എല്ലാ വിവര സ്രോതസ്സുകളും തദ്ദേശഭരണ സ്ഥാപനങ്ങൾക്ക് പ്രാപ്യമാക്കുന്ന ഒരു സാമൂഹിക വിവര സഞ്ചയം (social data base) മേൽപ്പറഞ്ഞ വിവരവിനിമയ -ഭരണനിർവ്വഹണ ചട്ടക്കൂടിൽ ഉൾപ്പെടുത്താവുന്നതാണ്.

*ലേഖകൻ പഞ്ചായത്ത് ഡയറക്ടറേറ്റിലെ സിസ്റ്റം മാനേജരാണ്*

# നായ്ക്കൾ അപകടകാരികളോ?

**ഡോ.സോഫിയ**

ചരിത്രാതീത കാലം മുതലേ മനുഷ്യന്റെ സന്തത സഹചാരിയാണ് നായ്ക്കൾ. ശിലായുഗകാലത്തിലെ മനുഷ്യൻ ആദ്യമായി ഇണക്കി വളർത്താൻ തുടങ്ങിയ മൃഗങ്ങളാണ് അവ. മനുഷ്യന്റെ ഉറ്റബന്ധുവും വിട്ടു പിരിയാത്ത മിത്രവുമായി പുരാണങ്ങളിൽ നായ്ക്കളെ കാണാം. ആട്ടിൻക്കൂട്ടങ്ങൾക്കും കന്നുകാലികൾക്കും കാവലായും ,മനുഷ്യന്റെ വഴികാട്ടിയായും സഹായിയായും ഒക്കെ ഏറെക്കാലം നായ്ക്കൾ മനുഷ്യന്റെ കൂടെയുണ്ടായിരുന്നു. ഇപ്പോഴും അവന്റെ ബുദ്ധി ശക്തിയുടെയും ഘ്രാണശക്തിയുടെയും അളവും കഴിവും മനസ്സിലാക്കിയാണല്ലോ അവനെ കാവൽക്കാരനായും,വേട്ടക്കാരനായും ,കുറ്റാന്വേഷക സംഘത്തിലും എല്ലാം ഉൾപ്പെടുത്തിയിരിക്കുന്നത്. ഏകാന്തത അനുഭവിക്കുന്ന എത്രയോ കുടുംബങ്ങൾക്ക് വ്യക്തികൾക്ക് അവൻ ആത്മമിത്രവും,വിശ്വസ്തസ്നേഹിതനുമാണ്. ശ്വാന വർഗ്ഗം ആഭിജാത്യത്തിന്റെയും ആഡംബരത്തിന്റെയും ലക്ഷണമായും കാണുന്നു. എത്ര മുന്തിയതരം പട്ടിയെ വളർത്തിയിരുന്നുവോ അത് പൊങ്ങച്ചത്തിന്റെ ലക്ഷണമായി കണക്കാക്കുന്നവരും ഇല്ലാതില്ല. സ്വന്തം സങ്കടങ്ങളും സന്തോഷങ്ങളും പങ്കുവയ്ക്കുന്ന ആത്മമിത്രമായും ചില വീടുകളിൽ നായ്ക്കൾ വാഴുന്നു. ഒരു കൂട്ടർക്ക് വംശവർദ്ധനവ് വരുത്തി ലാഭമുണ്ടാക്കുന്ന കച്ചവടത്തിനുള്ള ഒരു ഉപഭോഗവസ്തുവാണ് നായ. നായ്ക്കൾക്ക് വേണ്ടി എത്രയോ ബ്യൂട്ടി പാർലറുകൾ ,അവയുടെ മരുന്നുകൾക്കും അലങ്കാര വസ്തുക്കൾക്കും ആഹാരത്തിനും സൗന്ദര്യവർദ്ധിത വസ്തുക്കൾക്കും വേണ്ടി ഷോപ്പിംഗ് മാളുകൾ. തീരുന്നില്ല നായ്ക്കൾ മുഖേന മനുഷ്യർക്ക് ലഭ്യമാക്കുന്ന സേവനങ്ങളും അംഗീകാരങ്ങളും ലാഭകണക്കുകളും.



പക്ഷേ നായ്ക്കൾ ഇന്ന് അക്രമകാരികളാണ്. നായ്കളുടെ കടിയേറ്റ് മനുഷ്യരും വളർത്തു മൃഗങ്ങളും മരിക്കുന്നു. നായ എങ്ങനെ ക്രൂരനായി? നഗരവൽകരണത്തിന്റെയും ഉപഭോഗ സംസ്കാരത്തിന്റെയും ഫലമായി ഇന്ന് തെരുവുകളെല്ലാം മാലിന്യകൂമ്പാരങ്ങളാണ്. അണുകുടുംബങ്ങളും അണുഭവനങ്ങളുമാണ് ഇന്ന് എങ്ങും. മാലിന്യമൊക്കെ മുമ്പ് തദ്ദേശിയമായി സംസ്കരിച്ചിരുന്നു. കൂടാതെ ഇത്രയും മാലിന്യം മുമ്പുണ്ടായിരുന്നതുമില്ല. ഇന്ന് പ്ലാസ്റ്റിക്കും, കുപ്പികളും കൊണ്ട് നഗരത്തിലെ തെരുവുകൾ വീർപ്പുമുട്ടുന്നു. ശുചിത്വത്തിന്റെയും പരസ്പരസഹകരണത്തിന്റെയും പരിസ്ഥിതി സംരക്ഷണത്തിന്റെയും ബാലപാഠങ്ങൾ മറന്ന മലയാളി മാലിന്യമെല്ലാം റോഡിലും പറമ്പിലും ജലസ്രോതസ്സുകളിലുമെല്ലാം വലിച്ചെറിയുന്നു. അവിടെ കുന്നുകൂടുന്ന മൽസ്യമാംസ അവശിഷ്ടങ്ങൾ കഴിക്കാൻ എലികളും, പെരുച്ചാഴികളും, പട്ടികളും എല്ലാം മൽസരിക്കുന്നു. ഒരിക്കൽ അവയ്ക്കാവശ്യത്തിന് ആഹാരം കിട്ടിയില്ലെങ്കിൽ അവൻ അക്രമാസക്തനാകും, കൂട്ടത്തിൽ പുതിയൊരാൾ എത്തിയാൽ അവന് സ്ഥാനം എവിടെ കൊടുക്കണം എന്ന് നിശ്ചയിച്ചാൽ പരസ്പരം കടിപിടിയായി. അതു ചിലപ്പോൾ വഴിയാത്രക്കാർക്കോ മറ്റ് മൃഗങ്ങൾക്കു നേർക്കോ ഉള്ള ആക്രമമായിരിക്കും പെരുച്ചാഴികളും തെരുവ് നായ്ക്കളും വർദ്ധിക്കുമ്പോൾ ഏറ്റവും ഭയപ്പെടുത്തുന്ന വസ്തുത ജനജന്യരോഗമായ പേവിഷബാധയാണ്. മരണാവസാനം വരെ രോഗിക്ക് ബോധമുണ്ടായിരിക്കും എന്നതും, ഇതിന് ചികിൽസയില്ല എന്നുള്ളതും പേവിഷബാധയേറ്റ മൃഗങ്ങളുടെ ഉമിനീരിലൂടെ ഈ രോഗം പകരുമെന്നുള്ളതും ഈ രോഗത്തെ ഏറ്റവും ഭീതി ജനകമാക്കുന്നു. അലഞ്ഞുതിരിഞ്ഞ് നടക്കുന്ന നായ്കൾക്ക് മറ്റ് വന്യമൃഗങ്ങളുടെ കടിയേൽക്കാനും ഈ രോഗബാധയേൽക്കാനും സാധ്യത കൂടുതലാണ്. എല്ലാ ഉഷ്ണരക്ത ജീവികൾക്കും ഈ രോഗബാധയുണ്ടാകാം. രോഗം ബാധിച്ച മൃഗങ്ങളുടെ കടിയിലൂടെ ഈ രോഗം മറ്റൊന്നിലേക്ക് പകരപ്പെ



ടുന്നു. രോഗ ബാധയുള്ള നായ്ക്കൾ തന്നെ ഉടനെ ഈ രോഗലക്ഷണം കാണിക്കണമെന്നില്ല. രൗദ്ര ഭാവത്തിലും മുക്ത ഭാവത്തിലും ഇവയുടെ ലക്ഷണങ്ങൾ കാണിക്കാം. അതുകൊണ്ട് തന്നെ തെരുവിലെ ഏതെങ്കിലും ഒന്നിന് ഈ രോഗബാധയുണ്ടോ എന്നറിയാനും പ്രയാസമാണ്. പേവിഷബാധയുള്ള മൃഗത്തിന് ഈ രോഗബാധയുണ്ടോ എന്നറിയണമെങ്കിൽ സ്വാഭാവികമായി ഇവ മരണപ്പെട്ടശേഷം ഇതിന്റെ തലച്ചോറ് പരിശോധിക്കണം .അത് കൊണ്ട് തന്നെയാണ് ഏത് പട്ടി കടിച്ചാലും പേവിഷബാധയുണ്ടാകും എന്ന് കരുതി ആശുപത്രികളിൽ അതി വേഗം ചികിൽസയും പ്രതിരോധ കുത്തിവയ്പ്പും നൽകുന്നത്

തെരുവ് നായ്ക്കൾ വർദ്ധിക്കുന്നതിന് കാരണക്കാർ പ്രധാനമായും മനുഷ്യൻ തന്നെ. ഉറ്റ സ്നേഹിതനും വിശ്വസ്തനുമായ നായക്ക് ഒരസുഖം വന്നാൽ, വാർദ്ധക്യം വന്നാൽ സ്വാർത്ഥനായ മനുഷ്യൻ അതിനെ ശുശ്രൂഷിക്കാനോ സംരക്ഷിക്കാനോ തയ്യാറാകാതെ ചന്തയിലോ റോഡിലോ ഉപേക്ഷിക്കുകയാണ് പതിവ്.കൂടാതെ ഒരു പെൺപട്ടി പ്രസവിച്ചാൽ അതിന്റെ കുട്ടികളെയും കൂട്ടി അതിനെ തെരുവിൽ ഉപേക്ഷിക്കുന്നു.വംശവർദ്ധനവ് വരുത്തി കച്ചവടം നടത്തുന്നവർ അംഗഭംഗം വന്നതിനെയും പ്രായാധിക്യം വന്നതിനെയും റോഡിൽ കളയുന്നു.

അങ്ങനെ തെരുവ് നായ്ക്കൾ പെരുകി പൊരുതി ജീവിക്കാൻ പഠിക്കുന്നു. തീറ്റ വർദ്ധിക്കുന്തോറും ഇണചേരലും പെറ്റുപെരുകലും കൂടുന്നു. ഒരു സ്ഥലത്തുള്ള തെരുവ്നായ്ക്കൾ അവിടത്തെ ആവാസ വ്യവസ്ഥയ്ക്കനുസരിച്ച് അവരുടെ ഒരു ശ്രേണി ഉണ്ടാക്കി ജീവിക്കുന്നു. അവിടെ പുതിയൊരംഗം പ്രവേശിച്ചാൽ അവർ തമ്മിൽ പോരാട്ടം ആരംഭിക്കും. ആഹാരത്തിന് കുറവ് വന്നാൽ അവർ അക്രമാസക്തരാകുന്നു. ഫലമോ മനുഷ്യരെയും വളർത്തുമൃഗങ്ങളേയും ആക്രമിക്കുന്നു. അവരുടെ ഓട്ടത്തിനിടയിൽ എത്രയോ ഇരുചക്രവാഹനയാത്രക്കാർ അപകടപ്പെടുന്നു. ഇതിനൊന്നും പ്രതിവിധിയില്ലേ?

പാശ്ചാത്യ രാജ്യങ്ങളിൽ വളർത്തുനായ്ക്കളില്ലാത്ത ഭവനങ്ങൾ അപൂർവ്വമാണ്. കൃത്യമായി പ്രതിരോധ കുത്തിവയ്പ്പുകളും മരുന്നുകളും ആഹാരവും നൽകി അവയെ സംരക്ഷിക്കുന്നു, ചികിൽസിക്കുന്നു അഥവാ കഠിനമായ അസുഖം വന്നാൽ അതിന് വേണ്ടി പ്രത്യേക സൗകര്യമുള്ള സ്ഥലങ്ങൾ ഒരുക്കിയിട്ടുണ്ട്. കൃത്യമായ ബോധവൽകരണവും സാഹചര്യങ്ങളും അവിടെ ലഭ്യമാണ്. ഇവിടെയും അത് സാധ്യമാണ്. മനസ്സ് വയ്ക്കണം എന്ന് മാത്രം. പരിഹാര മാർഗ്ഗങ്ങൾ കർശനമായി നടപ്പിലാക്കപ്പെടണം.

1. മാലിന്യനിർമാർജ്ജനം- മാലിന്യ സംസ്കരണം ഒരു ചര്യയായി ഏറ്റെടുക്കണം. പൊതു സ്ഥലങ്ങളിൽ മാലിന്യം കൂടുവാൻ അനുവദിക്കരുത്. മാലിന്യ നിർമ്മാർജ്ജനം ചെയ്യാൻ വേണ്ട സൗകര്യങ്ങൾ അതാത് മേഖലകളിൽ ലഭ്യമാക്കണം. കമ്പോളവൽകരണത്തിന്റെയും ഭക്ഷണരീതിയുടെയും വ്യത്യാസം കൊണ്ട് തന്നെ ദിവസവും ധാരാളം മാലിന്യമുണ്ടാകുന്നു. അവ ജൈവവും അജൈവവുമായി വേർതിരിക്കുവാനും ഉറവിടങ്ങളിൽ തന്നെ കൃത്യമായി നിർമ്മാർജ്ജനം ചെയ്യുവാനും വേണ്ട സാഹചര്യങ്ങൾ ഉണ്ടാക്കണം. എങ്കിൽ മാത്രമേ പൊതു നിരത്തുകൾ വൃത്തിയാകു. അതിന് വേണ്ടി കർശന ബോധവൽകരണത്തോടൊപ്പം നിയമ നടപടികളും കൈകൊള്ളണം.
2. എല്ലാ വളർത്തുനായ്ക്കളെയും നിർബന്ധമായും പേവിഷബാധയ്ക്കെതിരെ പ്രതിരോധ കുത്തിവയ്പ്പ് നൽകുകയും ലൈസൻസ് എടുപ്പിക്കുകയും ചെയ്യുക. അവയ്ക്ക് മൈക്രോചിപ്പ് അല്ലെങ്കിൽ കോളർ സംവിധാനം നിർബന്ധമാക്കുക. അങ്ങനെയെങ്കിൽ തെരുവിൽ ഉപേക്ഷിക്കപ്പെടുന്നവയുടെ ഉടമസ്ഥരെ കണ്ടെത്താനും നിയമ നടപടികൾ എടുക്കുവാനുമാകും.
3. അലഞ്ഞ് തിരിയുന്ന പട്ടികളെ പിടിച്ച് പാർപ്പിക്കാനുള്ള ബദൽ സംവിധാനം ഉണ്ടാക്കുക. മൃഗസ്നേഹികളും സർക്കാരിതര സംഘടനകളും ഒരുമിച്ച് നിന്ന് താൽക്കാലിക കേന്ദ്രങ്ങളിൽ ഇവയെ പാർപ്പിക്കുകയും വന്ധ്യംകരിച്ച് വേണ്ട ചികിൽസയും ആഹാരവും നൽകുകയും ചെയ്യുക. തദ്ദേശസ്വയം ഭരണസ്ഥാപനങ്ങളും സർക്കാരും പൊതു ജനവും ഒരുമിച്ച് നിന്നാൽ ഇത് സാധ്യമാണ്. എങ്കിൽ തീർച്ചയായും തെരുവ് നായ ശല്യത്തിൽ നിന്നും നാടിനെ രക്ഷിക്കാനാകും.




സുദേനൻ

# മെഡിക്കൽ സർട്ടിഫിക്കറ്റ് ഓഫ് കോസ് ഓഫ് ഡെത്ത് (MCCD)

രാജ്യത്ത് നടക്കുന്ന മരണങ്ങളുടെ കാരണം വേർതിരിച്ചുള്ള ക്രമാനുഗതവും വിശ്വാസയോഗ്യവുമായ കണക്കുകൾ തയ്യാറാക്കുന്നതിനായി സിവിൽ രജിസ്ട്രേഷൻ സിസ്റ്റത്തിൻ കീഴിൽ മെഡിക്കൽ സർട്ടിഫിക്കേഷൻ ഓഫ് കോസ് ഓഫ് ഡെത്ത് (MCCD) എന്നൊരു പദ്ധതി ആവിഷ്കരിക്കുകയുണ്ടായി. മരണകാരണം വേർതിരിച്ചിട്ടുള്ള വിവരങ്ങൾ ജനങ്ങളുടെ ആരോഗ്യ സ്ഥിതി വിശകലനം ചെയ്യുന്നതിന് ആവശ്യമാണ്. രോഗങ്ങളുടെ വ്യാപ്തി, വ്യത്യസ്ത പ്രായങ്ങളിൽ വിവിധ കാരണങ്ങളാൽ സംഭവിക്കുന്ന മരണങ്ങളുടെ വിപൽ സാധ്യത നിർണയിക്കൽ, ആശുപത്രിയിൽ സംഭവിക്കുന്ന മരണങ്ങളുടെ അനുപാതം മുതലായവ പൊതുജനാരോഗ്യ ആസൂത്രകർക്കും ഭരണാധികാരികൾക്കും മാത്രമല്ല വൈദ്യശാസ്ത്രജ്ഞർക്കും ഗവേഷകർക്കും ഉപയോഗപ്രദമാണ്.

RBD ആക്ടിന്റെ വകുപ്പ് 10 പ്രകാരമാണ് മരണകാരണത്തെ സംബന്ധിച്ചുള്ള മെഡിക്കൽ സർട്ടിഫിക്കേഷൻ കൈകാര്യം ചെയ്യുക. സംസ്ഥാന സർക്കാർ/ കേന്ദ്ര ഭരണ പ്രദേശ ഭരണാധികാരി സമയാസമയങ്ങളിൽ വിജ്ഞാപനത്തിലൂടെ പരസ്യപ്പെടുത്തുന്ന ആശുപത്രികൾ MCCD പദ്ധതിയുടെ കീഴിൽ വരും.

മരിച്ച ആളിനെ അവസാനമായി ചികിത്സിച്ച ഡോക്ടർ ആശുപത്രിയിൽ വെച്ചാണെങ്കിൽ ഫോറം 4ലും ആശുപത്രിക്കു പുറത്തു വെച്ചാണെങ്കിൽ ഫോറം 4A-ലും മരണകാരണത്തെ സംബന്ധിച്ച സർട്ടിഫിക്കേഷൻ നടത്തുന്നതിനുള്ള വ്യവസ്ഥ ഈ ആക്ടിൽ ഉൾകൊള്ളിച്ചിട്ടുണ്ട്. ഫോറം 4 അല്ലെങ്കിൽ 4A-യിൽ മരണകാരണം പൂരിപ്പിച്ച ശേഷം അത് ബന്ധപ്പെട്ട രജിസ്ട്രാർക്ക് മരണറിപ്പോർട്ട് ഫോറം 2നോടൊപ്പം അയച്ചുകൊടുക്കേണ്ടതാണ്(വകുപ്പ് 10(2) ഉം 10(3)ഉം).

ആശുപത്രിക്ക് പുറത്തു വെച്ചുള്ള മരണങ്ങളിൽ, മരിച്ചയാളിനെ അവസാനമായി ചികിത്സിച്ച ഡോക്ടർ മരണകാരണത്തെ സംബന്ധിച്ച സർട്ടിഫിക്കേഷൻ ഫോറം 4Aയിൽ രേഖപ്പെടുത്തി ബന്ധപ്പെട്ട രജിസ്ട്രാർക്ക്, ആശുപത്രിക്ക് പുറത്തു വെച്ചു നടക്കുന്ന മരണങ്ങൾ അറിയിക്കാൻ ചുമതലപ്പെട്ട ആൾമുഖേന അയക്കേണ്ടതാണ്.

അക്രമസംഭവങ്ങളിലുണ്ടാകുന്ന മരണങ്ങൾ, രോഗ ചികിത്സയിൽ നിയമപരമായ കേസുകളുണ്ടാകുന്ന സംഭവങ്ങൾ പോസ്റ്റ്മോർട്ടം നടത്തുന്ന അവസരത്തിൽ ബന്ധപ്പെട്ട മെഡിക്കൽ എക്സാമിനർ തെളിവുകളുടെ അടിസ്ഥാനത്തിൽ അദ്ദേഹം സർട്ടിഫിക്കറ്റ് പൂരിപ്പിക്കേണ്ടതുമാണ്.

മരണകാരണങ്ങളെക്കുറിച്ചുള്ള വിവരങ്ങളുടെ പട്ടിക തയ്യാറാക്കുന്നത് നാഷണൽ ലിസ്റ്റ് ഓഫ് ക്ലാസിഫിക്കേഷൻ ഓഫ് ഡിസീസിന്റെ അടിസ്ഥാനത്തിലാണ്. ഇത് ഇന്റർനാഷണൽ ക്ലാസിഫിക്കേഷൻ ഓഫ് ഡിസീസ് (ICD)10നെ അടിസ്ഥാനമാക്കിയിട്ടുള്ളതാണ്.

# വളർച്ചാ നിരക്കും സാമ്പത്തിക അസമത്വവും

ടി.ഷാഹുൽ ഹമീദ്

രാജ്യം രണ്ടക്ക വളർച്ചാ നിരക്കിലേക്ക് കുതിക്കാൻ വെമ്പൽ കൊള്ളുന്ന അവസരത്തിൽ ഇന്ത്യയിൽ പണക്കാരും പാവപ്പെട്ടവരും തമ്മിലുള്ള അന്തരം സംബന്ധിച്ച് റിപ്പോർട്ടുകൾ വേവലാതികൾ ഉണ്ടാക്കുന്നതാണ്. 1992 ഉദാരവൽക്കരണത്തിന് നാന്ദി കുറിച്ച്കൊണ്ട് സാമ്പത്തിക പരിഷ്ക്കാരത്തിലൂടെ വ്യവസായ വൽക്കരണം ത്വരിതപ്പെടുത്തി തൊഴിൽ സമൃദ്ധമായ അന്തരീക്ഷം ഉണ്ടാക്കി ഉൽപ്പാദന മേഖലയെ ശക്തിപ്പെടുത്തി വരുമാനത്തിലുള്ള അസമത്വം ഇല്ലാതാക്കുമെന്ന് പ്രഖ്യാപിച്ചിട്ട് 25 വർഷം പൂർത്തീകരിക്കാൻ പോകുമ്പോഴും ദരിദ്രരും പണക്കാരും തമ്മിലുള്ള വിടവ് അഭംഗുരം തുടരുകയാണ് എന്നാണ് കണക്കുകൾ സൂചിപ്പിക്കുന്നത്.

World Wealth Report പ്രകാരം ഇന്ത്യയിലെ ശതകോടീശ്വരൻമാരുടെ എണ്ണം 236,000 ആണ്. ഇന്ത്യയിൽ വരുമാനത്തിന്റെ 18% കയ്യടക്കി വെച്ചിരിക്കുന്നത് വെറും ഒരു ശതമാനം പേരാണ്. ഇന്ത്യയിൽ ധനികരുടെ എണ്ണം 26.3% ത്തിൽ നിന്ന് 28.2% ആയി വർദ്ധിച്ചതായി ഐ.എം.എഫിന്റെ കണക്കുകൾ സൂചിപ്പിക്കുന്നു. അസംഘടിത മേഖലയിൽ പ്രവർത്തിക്കുന്ന 85% പേർക്കും പ്രതിദിനം 20 രൂപയിൽ കൂടുതൽ വരുമാനം ലഭിക്കാത്ത രാജ്യത്താണ് ഇത് സംഭവിക്കുന്നത്. വരുമാന അസമത്വം കണക്കാക്കുന്ന അളവ് കോൽ (Gini - Coefficient) പ്രകാരം ഐ.എം.എഫിന്റെ റിപ്പോർട്ടിൽ 1990ൽ ഇന്ത്യയിൽ സാമ്പത്തിക അസമത്വം 45% ആയിരുന്നത് ഇപ്പോൾ 51% ആയി വർദ്ധിച്ചിരിക്കുന്നു. ചൈനയുടെ കാര്യവും ഏതാണ്ട് ഇന്ത്യക്ക് തുല്യമാണ്. 1990 ചൈനയിലെ സാമ്പത്തിക അസമത്വം 33% ൽ നിന്ന് ഇപ്പോൾ 53% ആയി വർദ്ധിച്ചു. ലാറ്റിൻ അമേരിക്കയിൽ കാണുന്നതിനേക്കാൾ കൂടുതൽ അസമത്വം ഇന്ത്യയിൽ അനുഭവപ്പെടുന്നു.സൗത്ത്ആഫ്രിക്കയിലെ New World Wealth Report റിപ്പോർട്ട് പ്രകാരം ശതകോടീശ്വരൻമാർ കുമിഞ്ഞ് കൂടിയ ഏഷ്യയിലെ നാലാമത്തെ രാജ്യമായി ഇന്ത്യ മാറികഴിഞ്ഞിരിക്കുന്നു. സമ്പന്നൻമാരുടെ പേരുകൾ മാത്രം ഇടംപിടിക്കുന്ന ഫോഗ്സ് മാഗസിനിൽ 1990 ൽ വെറും 2 പേർ മാത്രം ഉണ്ടായിരുന്ന സ്ഥാനത്ത് ഇന്ന് ഇന്ത്യയിൽ നിന്ന് 94 പേരാണ് സ്ഥാനം പിടിച്ചിരിക്കുന്നത്. കൂടാതെ സമ്പന്നൻമാരുടെ എണ്ണത്തിൽ ഇന്ത്യ ഇറ്റലിയെ പിന്തള്ളിയതും ഈ അടുത്ത് സംഭവിച്ച





താണ്. ലോകത്തെ 50 മില്ല്യൺ ഡോളർ വരുമാനമുള്ളവർ 2080 പേരും 100 മില്ല്യൺ ഡോളർ വരുമാനമുള്ളവരിൽ 940 പേരും ഇന്ത്യയിൽ ആണെന്ന വേൾഡ് വെൽത്ത് റിപ്പോർട്ട് അസമത്വത്തിന്റെ നേർക്കാഴ്ച്ച നമുക്ക് മുമ്പിൽ വരച്ചു കാട്ടുന്നു.

രാജ്യത്തിന്റെ സകല പുരോഗതിയുടെയും അടയാളപ്പെടുത്തലുകൾ നേരിട്ട് അനുഭവിക്കാൻ കഴിയാത്തവരായി സാധാരണക്കാർ മാറുന്നു.ഇന്ത്യൻ സമ്പദ് വ്യവസ്ഥയിൽ 53% വരുമാനവും നേരിട്ട് നിയന്ത്രിക്കുന്നത് അംഗുലീ പരിമിതരായ വ്യക്തികളാണ് എന്ന് അറിയുമ്പോഴും അവർ കൃത്യമായി നികുതി അടക്കുന്നില്ല എന്ന് മനസ്സിലാക്കുമ്പോഴാണ് രാജ്യത്ത് നടമാടുന്ന അസമത്വം ഭീതീതമാണ് എന്ന് നമുക്ക് മനസ്സിലാകുന്നത്. ലോക ജനസംഖ്യയുടെ 17.5% മാത്രം അധിവസിക്കുന്ന ഇന്ത്യയിൽ ലോകത്തിലെ ദരിദ്രരുടെ 20.6 % ജീവിക്കുന്നു. ജനസംഖ്യയിൽ 16% വരുന്ന പട്ടികജാതി ജനവിഭാഗങ്ങളിലും 8 % വരുന്ന പട്ടിക വർഗ്ഗ വിഭാഗങ്ങളിലും 35% വരുന്ന ഒ.ബി.സി വിഭാഗങ്ങളിലും സ്ഥിരം വരുമാനം ഉള്ളവരുടെ എണ്ണം കുറഞ്ഞ് വരുന്നു. ഇന്ത്യയിൽ 450 ദശലക്ഷം തൊഴിലാളികളിൽ വെറും 30 ദശലക്ഷത്തിന് മാത്രമേ സ്ഥിരം വരുമാനമുള്ളൂ. കൂടാതെ 70 ദശലക്ഷം പേർക്ക് കൃത്യമായി ജോലിയില്ലാത്തതും സാമ്പത്തിക അസമത്വം ഉണ്ടാക്കുന്നതിന് കാരണമാകുന്നു. ഇന്ത്യയിലെ ധനികരിൽ 63% പേരും നഗരങ്ങളിലാണ് താമസിക്കുന്നത് എന്ന കാര്യം ഗ്രാമ-നഗരങ്ങിലെ ജനങ്ങളുടെ അസന്തുലിതാവസ്ഥയുടെ ശരിപകർപ്പായി അവശേഷിക്കുന്നു. സാധാരണക്കാരുടെ വരുമാനത്തിന്റെ 10 % മുതൽ 100% വരെ വരുമാനം പണക്കാരിൽ വർദ്ധിക്കുന്ന പ്രതിഭാസം ഇന്ത്യയിൽ കണ്ട് വരുന്നത് ,പാവപ്പെട്ടവർക്ക് വാഗ്ദാനങ്ങൾക്ക് പകരം ഉചിതമായ നടപടികളാണ് വേണ്ടത് എന്ന കാര്യം വ്യക്തമാക്കുന്നു.

2008-09 ൽ ആഭ്യന്തര ഉൽപ്പാദനം 5.93% ത്തിൽ നിന്ന് 2015-16 ൽ5.47% ആയി കുറഞ്ഞത് എല്ലാ രംഗത്തും രാജ്യം വളർച്ച നേടുന്നില്ല എന്നത് വ്യക്തമാക്കുന്നു.സാധാരണക്കാരിൽ ശാസ്ത്ര സാങ്കേതിക വളർച്ച പൂർണ്ണ അർത്ഥത്തിൽ വരുമാന വർദ്ധനവിനായി ഉപയോഗിക്കാനുള്ള സൗകര്യം ലഭിക്കുന്നില്ല. ഇന്ത്യയിൽ ഇന്നും 400 മില്ല്യൺ ആളുകൾക്ക് ഇലക്ട്രിസിറ്റി കണക്ഷനില്ല, 50% ഗ്രാമീണർക്ക് കൃത്യമായി വീടില്ല. 70% ഗ്രാമീണർക്ക് നല്ല ശൗച്യാലയമില്ല. 35% ജനങ്ങൾക്ക് കുടിവെള്ള സൗകര്യമില്ല, 85% ഗ്രാമ പ്രദേശങ്ങളിലും ഉന്നത വിദ്യാഭ്യാസത്തിനുള്ള സൗകര്യമില്ല.40% ഗ്രാമീണർക്കും സഞ്ചരിക്കാനുള്ള റോഡ് സൗകര്യം ഇല്ല. ഈ സാഹചര്യത്തിൽ അനേക കോടി ജനങ്ങൾ ജീവിക്കുന്ന രാജ്യത്തിലാണ് ശതകോടീശ്വരൻമാരുടെ എണ്ണം റോക്കറ്റ് പോലെ കുതിക്കുന്നത്.ആരോഗ്യരംഗത്ത് ജി.ഡി.പിയുടെ ഒരു ശതമാനം ഇന്ത്യയിൽ ചില വഴിക്കുമ്പോൾ ചൈനയിൽ അത് 3%മാണ്. ആരോഗ്യരംഗത്തുള്ള ഈ സർക്കാർ പിൻമാറ്റം സാധാരണക്കാരെയാണ് ഏറെയും ബാധിക്കുന്നത്.

ഇന്ത്യയിൽ ഏറ്റവും കൂടുതൽ പേർ ജോലി ചെയ്യുന്ന കാർഷിക രംഗം തകർന്ന് പോയപ്പോൾ,മറ്റ് മേച്ചിൽ പുറങ്ങളിലേക്ക് പോയ കർഷകർക്ക് ചെറുകിട സംരംഭങ്ങൾ ആരംഭിക്കുവാൻ കുറഞ്ഞ പലിശയ്ക്ക് സഹായമോ ഉൽപ്പാദിപ്പിക്കുന്ന ഉൽപ്പന്നങ്ങൾക്ക് സ്ഥിരം വിപണിയോ ലഭിക്കാത്തത് വരുമാനക്കുറവ് ഈ മേഖലയിൽ ഉണ്ടാക്കുന്നു. ആധുനിക മാർക്കറ്റിംഗ് തന്ത്രങ്ങളോ സാങ്കേതിക വിദ്യകളോ അറിയാത്ത ഗ്രാമീണർ കോർപ്പറേറ്റ് പളുപളുപ്പിനും ആധുനിക തന്ത്രത്തിനും മുമ്പിൽ നിഷ്ക്കാസിതരാകുന്നു. പലിശ രഹിത വായ്പകൾ ഇന്നും പാവങ്ങൾക്ക് അനുഭവവേദ്യമാകുന്നില്ല എന്നതാണ് യാഥാർത്ഥ്യം. ശതകോടീശ്വരൻമാർക്ക് ഒരു ഈടും ഇല്ലാതെ കോടികൾ വായ്പ നൽകുമ്പോൾ ബാങ്കുകൾ പാവങ്ങളെ ചുറ്റിപ്പിക്കുന്നു.വായ്പ അനുവദിച്ചാൽ ആദ്യത്തെ 6 മാസം തിരിച്ചടവിന് സാവകാശം ഉണ്ടെങ്കിലും കേരളം അടക്കം എല്ലാ സ്ഥലത്തെ ബാങ്കുകളും പിറ്റേ മാസം മുതൽ ലോൺ തിരിച്ചടവിന് നിർബന്ധിക്കുന്നത് ചെറുകിട സംരംഭകരെ പിന്നോട്ടടിപ്പിക്കുന്നു. ബാങ്കുകളുടെ കൺസോർഷ്യം ചേർന്ന് സമൂഹത്തിൽ അവമതിപ്പ് ഉണ്ടാക്കുന്നവർക്ക് ലോൺ നൽകാൻ അത്യുൽസാഹം കാണിക്കുമ്പോൾ ,പാവപ്പെട്ടവന്റെ ലോണിന് അമിത പലിശയും വെച്ച് താമസിപ്പിക്കലും ഉണ്ടാകുന്നു.സാമ്പത്തിക ഉൾപ്പെടുത്തലിന്റെ കരവലയത്തിൽ പാവങ്ങളെ മുഴുവൻ ഉൾപ്പെടുത്തണം.പലിശ രഹിത വായ്പ നൽകണം. ഇപ്പോൾ കേന്ദ്രസർക്കാർ ആനുകൂല്യങ്ങൾ പലിശ സബ്സിഡിയിലൂടെ ബാങ്കി

ലാണ് നൽകുന്നത് . ആദ്യകാലങ്ങളിൽ സംരംഭങ്ങൾ ആരംഭിച്ചാൽ 50% വരെ സബ്സിഡി നൽകിയിരുന്നു. എന്നാൽ കേന്ദ്രസർക്കാർ സബ്സിഡി ഗുണഭോക്താക്കൾക്ക് നേരിട്ട് നൽകുന്ന പ്രവർത്തനം നിർത്തി പകരം ബാങ്കിൽ നിന്ന് ലോൺ എടുത്താൽ പലിശ ഇനത്തിലേക്ക് മാത്രമായി സബ്സിഡി ചുരുക്കിയിരിക്കുകയാണ്.ദരിദ്രർക്ക് മാത്രമായ സംഘടനാ സംവിധാനമുണ്ടാക്കി തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങളുമായി ഈ സംഘടനാ സംവിധാനത്തെ ബന്ധപ്പെടുത്തി,പദ്ധതി പ്രവർത്തനങ്ങളിലൂടെ നേരിട്ട് സബ്സിഡി നൽകുന്ന പ്രവർത്തനം ആരംഭിക്കേണ്ടിയിരിക്കുന്നു. ഭരണാധികാരികൾ മേക്ക് ഇൻ ഇന്ത്യ പരിപാടി നടപ്പിലാക്കിയിട്ടും ഗ്രാമീണർ ഉണ്ടാക്കുന്ന ഉൽപ്പന്നങ്ങൾ വിറ്റഴിക്കാനുള്ള വിപണിയില്ലാതെ പാവങ്ങളായ സംരംഭകർ പ്രയാസത്തിലാക്കുന്നത് ശ്രദ്ധിക്കേണ്ടിയിരിക്കുന്നു.

അസമത്വം വരുമാനത്തിൽ മാത്രമല്ല ഇന്ത്യയിൽ ഉള്ളത്.സ്ത്രീ പുരുഷ അസമത്വം ഏറ്റവും കൂടുതൽ ദൃശ്യമായി ഇന്ത്യയിൽ അനുഭവപ്പെടുന്നു. UNDP കണക്ക് പ്രകാരം അസമത്വം ഏറ്റവും കൂടുതൽ കണ്ട് വരുന്ന രാജ്യങ്ങളുടെ പട്ടികയിലാണ് ഇന്ത്യയുള്ളത്. 152 രാജ്യങ്ങളുടെ കണക്കെടുപ്പിൽ ഈ രംഗത്ത് 127-ാം സ്ഥാനമാണ് ഇന്ത്യക്കുള്ളത് എന്നത് സ്ത്രീകൾ നേരിടുന്ന ഭയാനകരമായ അസമത്വത്തിന്റെ നിദർശനമാണ് .കേരളത്തിൽ സ്ത്രീകൾക്ക് മാന്യമായ സ്ഥാനം ലഭിക്കുന്നുണ്ട് , എങ്കിലും പെൺകുട്ടികളുടെ ജനന കാര്യത്തിൽ 1000 ആൺകുട്ടികൾക്ക് വെറും 950 പെൺകുട്ടികൾ ജനിക്കുന്ന സാംസ്ക്കാരിക തലസ്ഥാനമായ തൃശൂർ ജില്ല ഒരു ചോദ്യചിഹ്നമായി അവശേഷിക്കുന്നു.

സാധാരണക്കാർക്ക് ജോലി ലഭിക്കണം , സമൃദ്ധമായ അവസരങ്ങൾ ഉണ്ടാക്കണം,തുല്ല്യാവസരങ്ങൾ സമൂഹത്തിലെ എല്ലാ വിഭാഗങ്ങൾക്കും ലഭിക്കണം ,അവസരം ലഭിച്ചാൽ വിജയം കരസ്ഥമാക്കുന്നതിന് പ്രത്യേക വിഭാഗങ്ങൾക്ക് നല്ല



രീതിയിലുള്ള പരിശീലനം നൽകണം. ഇതിനായി സാമൂഹ്യ സുരക്ഷയുടെ കരവലയം ഇന്ത്യയിൽ ഉണ്ടാക്കണം . ജീവനോപാദി സംവിധാനത്തിന് രൂപീകരിച്ച പ്രത്യേക മിഷൻ തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങളുടെ മേഖലയിലേക്ക് കൂട്ടിച്ചേർക്കണം. അല്ലെങ്കിൽ രാജ്യത്തിന്റെ മുഖംകെടുത്തിയ 2016 ആഗസ്റ്റ് 24ാം തിയ്യതിയിലെ ഒറീസ്സയിലെ കാളാഹന്തി ജില്ലയിൽ സംഭവിച്ചത് പോലെ ധാനിമാജി എന്ന ഗ്രാമീണൻ ഭാര്യയുടെ മൃതശരീരം 10 കി.മീ സ്വയം ചുമലിൽ കൊണ്ട് പോകേണ്ട സാഹചര്യം മറ്റ് സ്ഥലങ്ങളിലും സംജാതമാകും. പാവപ്പെട്ടവർക്കും പ്രത്യേക പരിഗണന ലഭിക്കുന്നവർക്കും എല്ലാ തരത്തിലുമുള്ള സർക്കാർ സഹായം ലഭിക്കുവാൻ ഓരോ ഗ്രാമത്തിനും ഒരു നോഡൽ ഓഫീസറെ ഇതിന് മാത്രമായി നിയോഗിക്കണം.വ്യത്യസ്ത വകുപ്പുകളും ഏജൻസികളുമായി കെട്ടുപിണഞ്ഞ് കിടക്കുന്ന പവപ്പെട്ടവന്റെ വരുമാന വർദ്ധനവ് എന്ന പ്രക്രിയയ്ക്ക് ജീവൻ ഉണ്ടാക്കണമെങ്കിൽ ഓരോ ഗ്രാമീണനെയും സ്പർശിക്കുന്ന ഒരു സംവിധാനം ഉണ്ടാക്കണം. Go to the Village എന്നത് ഒരു മന്ത്രമായി ഓരോ ഉദ്യോഗസ്ഥനും ജോലി ചെയ്യണം. ഓഫീസിന്റെ ഭിത്തിക്കുള്ളിൽ മാത്രം ജോലിചെയ്യുന്നതിന് പകരം ഗ്രാമങ്ങളിൽ സന്ദർശനം നടത്തുന്നത് ഉത്തരവാദിത്തമായി മാറ്റണം.

പ്രഥമ പ്രധാനമന്ത്രി പണ്ഡിറ്റ് ജവഹർലാൽ നെഹ്റു ഒരിക്കൽ പറയുകയുണ്ടായി ,ബ്രിട്ടീഷുകാർ ഏറ്റവും കൂടുതൽ കാലം കൈയ്യടക്കി വെച്ചിരിക്കുന്ന പ്രദേശങ്ങളിലാണ് ദാരിദ്ര്യം കൊടി കുത്തി വാഴുന്നത്. എന്നാൽ സ്വാതന്ത്ര്യം പ്രഖ്യാപിച്ചിട്ട് ഏതാണ്ട് 70 വർഷം പൂർത്തിയാക്കിയിട്ടും വരുമാനത്തിലും ,പണക്കാരും പാവപ്പെട്ടവനും തമ്മിലുള്ള ഈ വലിയ അന്തരത്തിലും ആരെയാണ് കുറ്റം പറയുക എന്നത് കാത്തിരുന്ന് കാണേണ്ടിയിരിക്കുന്നു.

**രാജീവ് പെരുമൺപുറ**




സ്നേഹ ചെരാതുകൾ
മിന്നിതെളിയുന്ന
ഗ്രാമമേ, നിന്റെ കർണ്ണികാരത്തിന്റെ മഞ്ഞയും
സാനുപാർശ്വത്തിലെ പച്ചയുടുപ്പിലെ
തെച്ചിക്കുടുക്കും
വെള്ളാമ്പൽപൊയ്കയും
അമ്പലമുറ്റത്തെ ആലും തറകളും
കുട്ടികൾ കൂത്താടും ക്ഷേത്രകുളങ്ങളും
നെൽവയലോരത്തെ കൊറ്റിയും
നാട്ടുതേൻ മാവിലെ, കോകില വൃന്ദവും
മുറ്റത്തെയെച്ചിലു കൊത്തിപ്പെറക്കുന്ന കാക്കയും
പുലരിയെ, കൂവിയുണർത്തുന്ന
കുക്കുടപെരുമയും കണ്ടുമോഹിച്ചു വളർന്നൊ
രെൻ, പ്രിയ ഗ്രാമമേ
നിന്നിലേക്കാരിഴഞ്ഞെത്തുന്നു
കാമാർത്തനേത്രരായ്.
പ്ലാസ്റ്റിക്കുകൊണ്ടുപുതക്കുന്നു
കൈകാലറുത്തെടുക്കുന്നു
അഴുകുന്ന മുറിവിൽ നിന്നുയരുന്ന ഗന്ധമെൻ
സ്വാസ്ഥ്യം കവർന്നെടുക്കുന്നു.
മൂളുന്ന കൊതുകിന്റെ കടിയേറ്റു പിടയുന്നജ്വര
ബാധിതർ
വന്നു നിറയുന്നു.
ആർത്തി മൂത്തന്തമില്ലാതെ നാം
അന്തിയോളം വിയർക്കുന്നു
ഒന്നിച്ചിരിക്കാം നമുക്കീയയൽപക്കപെരുമയ്ക്കു,
സാക്ഷിയായ്
ഗ്രാമ്യത ചോരാതെ കൈകോർത്തു നീങ്ങാം.
സ്വരാജും സുരാജുമായ നീ
ജീവന്റെ താളവും വായുവും
വെള്ളവുമന്നവും പ്രണയവുമല്ലോ.

**ജയപാലൻ കാര്യാട്ട്**

# കാളിദാസൻ

അകത്താര്,പുറത്താരെ-
ന്നൊരു തർക്കമുണർത്തിച്ച-
തൊരു വിശ്വകവിയുടെ പിറവി ദൗത്യം!
ഇരിക്കും കൊമ്പൊരു മഴു-
ക്കിഴുക്കിനാൽ മുറിച്ചിടു-
മൊരു മുഴുക്കിറുക്കന്റെ പുനർജനനം
കാവ്യഭാവനയിൽക്കാലം
കരുതിവെച്ചൊരു മഹാ
പ്രതിഭ തൻ പ്രഭാങ്കുരം മിഴിതുറന്നു.

വിണ്ണിലൂറും വെണ്ണിലാവിൻ
വെണ്മയിലുദിച്ചു നിൽക്കും
ദിവ്യ ദൃഷ്ടി പകർത്തിയ സൃഷ്ടി വൈവിധ്യം
കൂട്ടുകൂടികൂടയെത്തി
കോട്ടകൊത്തളങ്ങൾ താണ്ടി
കോടിപുത്തനുണർവ്വായോരറകൾ മുന്നിൽ.
പന്തിയില്ലെന്നുറച്ചുന്തി
പടിപ്പൂട്ടും കാട്ടുനീതി
പന്തികേടായ് വരും നാട്ടിൽ, പറഞ്ഞിതന്നേ!

# രണ്ടാം ജനകീയാസൂത്രണ ക്യാമ്പയിൻ
## സംസ്ഥാനതല ശില്പശാല, ഐ.എം.ജി., തിരുവനന്തപുരം 26.08.2016
# ഗ്രൂപ്പുകളുടെ റിപ്പോർട്ട്

### I. പ്രകൃതി വിഭവ പരിപാലനം

1. എല്ലാ വികസനത്തിന്റേയും അടിസ്ഥാനം പ്രകൃതി വിഭവ പരിപാലനമാണ് എന്ന കാര്യം തദ്ദേശ ഭരണവുമായി ബന്ധപ്പെട്ട എല്ലാ തലങ്ങളിലും സമൂഹത്തിലും എത്തിനോക്കേണ്ടത് അനിവാര്യമാണ്.
2. ജില്ലാ, ബ്ലോക്ക്, ഗ്രാമപഞ്ചായത്തുകളുടെ ആസൂത്രണ പ്രക്രിയയിൽ ഈ കാഴ്ചപ്പാട് അന്തർലീനമായിരിക്കണം.
3. പഞ്ചായത്തീരാജ് നിയമത്തിലെ അനിവാര്യ ചുമതലകളിൽ ഇത് ഊന്നിപറയുന്നുണ്ട്. ഇക്കാര്യം പദ്ധതി ആസൂത്രണത്തിലും നിർവഹണത്തിലും പാലിക്കുന്നുണ്ടോ എന്ന് കൃത്യമായി പരിശോധിക്കുകയും പോരായ്മയുണ്ടെങ്കിൽ തിരുത്തുകയും ചെയ്യാനുള്ള ഭരണപരമായ സംവിധാനങ്ങൾ ഉണ്ടാകേണ്ടത് അനിവാര്യമാണ്.

   ഈ പരിശോധന നടത്തേണ്ടത് സംസ്ഥാന, ജില്ലാ, ബ്ലോക്ക് തലത്തിലുള്ള പദ്ധതി അംഗീകാര സമിതികളും അവയ്ക്ക് വിദഗ്ധ ഉപദേശം നൽകുന്ന ഗ്രൂപ്പുകളുമാണ്.
4. പ്രായോഗികതലത്തിൽ ഇതിനായി എല്ലാ നദികളുടേയും നദീതട മാനേജ്മെന്റ് പ്ലാനുകൾ രൂപപ്പെടുത്തേണ്ടതുണ്ട്. ഇതിന്റെ ഉത്തരവാദിത്തം വലിയ നദികളെ സംബന്ധിച്ച് ജില്ലാ പഞ്ചായത്തുകൾക്കും ചെറുനദികളുടെ കാര്യത്തിൽ ബ്ലോക്ക് പഞ്ചായത്തുകൾക്കുമായിരിക്കണം.

   ഇവയുമായി ബന്ധപ്പെടുത്തി മാത്രമേ പഞ്ചായത്ത് മുനിസിപ്പൽ പദ്ധതികൾ രൂപപ്പെടുത്താൻ പാടുള്ളു. ഈ പരിശോധനയുടെ ഉത്തരവാദിത്തം ബ്ലോക്ക്-ജില്ലാതലത്തിൽ രൂപീകരിക്കുന്ന റിസോഴ്സ് ടീമിനായിരിക്കും. ബ്ലോക്ക് പഞ്ചായത്ത് പ്രസിഡണ്ട് ചെയർമാനും കൃഷി അസിസ്റ്റന്റ് ഡയറക്ടർ കൺവീനറുമായി താഴെപ്പറയുന്ന വകുപ്പുകളുടെ പ്രതിനിധികൾ ഉൾപ്പെടുന്നതായിരിക്കുന്നതായിരിക്കണം റിസോഴ്സ് ടീം.

   - ജലസേചനം
   - മണ്ണ്സംരക്ഷണം
   - ഭൂജലവകുപ്പ്
   - വനം
   - സോഷ്യൽ ഫോറസ്ട്രി
   - ജല അതോറിറ്റി
   - തീരദേശ അതോറിറ്റി
   - കുടുംബശ്രീ
   - NGO's
   - ഗവേഷണ സ്ഥാപനങ്ങൾ
   - തദ്ദേശസ്വയംഭരണ വകുപ്പ്

   ഈ വിശാല കാഴ്ചപ്പാടോടുകൂടി ഓരോ തദ്ദേശഭരണ സ്ഥാപനത്തിലും മൂന്നു മുതൽ 5 വരെ വർഷക്കാലത്തിനുള്ളിൽ നടപ്പാക്കേണ്ടുന്ന പ്രകൃതി വിഭവ മാനേജ്മെന്റ് പ്ലാനുകൾ തയ്യാറാക്കിയിരിക്കണം. ഇതിൽ നിന്നു മാത്രമെ വാർഷിക പദ്ധതിയിലേക്ക് പ്രോജക്ടുകൾ തിരഞ്ഞെടുക്കാൻ പാടുള്ളു.



3 മുതൽ 5 വരെ വർഷത്തിനുള്ളിൽ പഞ്ചായത്തിലെ മുഴുവൻ ജലസ്രോതസ്സുകളേയും മുഴുവൻ ഭൂമിയേയും പരിപാലന സംരക്ഷണ പ്രവർത്തനങ്ങൾക്ക് (ട്രീറ്റ്മെന്റിന്) വിധേയമാക്കണം. പരമാവധി ജലം മണ്ണിലേക്ക് റീചാർജ്ജ് ചെയ്യുക എന്നതായിരിക്കണം ലക്ഷ്യം. ട്രീറ്റ്മെന്റുകൾ ആരംഭിച്ച് ഓരോ വർഷവും അതുണ്ടാക്കുന്ന മാറ്റങ്ങൾ മോണിറ്റർ ചെയ്യാനുള്ള സംവിധാനം ഉണ്ടാകണം. വെള്ളത്തിന്റെ പുനരുപയോഗത്തിനും പുനചംക്രമണത്തിനും പ്രാധാന്യം നൽകണം.

ജലത്തിന്റെ ഗുണനിലവാരം (Water Quality) ജലവിതാനം (Water table) എന്നിവ നിരന്തരമായി പരിശോധിക്കുന്നതിന് കൃഷി ഭവനുകളേയും പഞ്ചായത്തിനകത്തെ ഹയർ സെക്കണ്ടറി സ്കൂൾ, കോളേജ് ഉണ്ടെങ്കിൽ അവയുടേയും ലബോറട്ടറികളെ സജ്ജമാക്കണം. ഇതിനായി അടിസ്ഥാന സൗകര്യങ്ങൾ വികസിപ്പിക്കുകയും നിശ്ചിത ഫീസ് ഈടാക്കുകയും ചെയ്യാവുന്നതാണ്.

മണ്ണിനേയും വെള്ളത്തേയും ഒരുമിച്ച് കണ്ടുകൊണ്ടുള്ള പ്രവർത്തനങ്ങളാണ് പ്രാധാന്യം നൽകേണ്ടത്.

തീരദേശങ്ങളിൽ നീരൊഴുക്ക് (drainage) മെച്ചപ്പെടുത്താനും മേൽ പ്രദേശങ്ങളിൽ മണ്ണ്, ജല സംരക്ഷണ പ്രവർത്തനങ്ങൾക്കും ഊന്നൽ നൽകേണ്ടതുണ്ട്.

1971 ലെ മണ്ണു സംരക്ഷണ നിയമത്തിന്റെ പ്രധാന വ്യവസ്ഥകൾ പ്രകൃതി വിഭവ മാനേജ്മെന്റുമായി ബന്ധിച്ച് ഭേദഗതി ചെയ്യണം. സംസ്ഥാനത്തിന് ഒരു ഭൂവിനിയോഗനയം രൂപപ്പെടുത്താനും അതിൽ പ്രാദേശിക പ്രകൃതി വിഭവ മാനേജ്മെന്റിന് മുൻഗണനകൾ നൽകാനും അടിയന്തര നടപടി സ്വീകരിക്കണം.

പ്രകൃതി വിഭവ മാനേജ്മെന്റുമായി ബന്ധപ്പെട്ട് പല കേന്ദ്ര പദ്ധതികളുടേയും സംസ്ഥാന വകുപ്പുകളുടേയും ഏജൻസികളുടേയും ഫണ്ട് ചെലവഴിക്കാൻ കഴിയാതെ കെട്ടി കിടക്കുന്ന സ്ഥിതി നിലവിലുണ്ട്. ഈ ഫണ്ടുകൾ ഉപയോഗിക്കാൻ കൃത്യമായ മാർഗ നിർദ്ദേശങ്ങൾ ഉണ്ടാവണം. പ്രകൃതി വിഭവ പരിപാലനത്തിന്റെ പ്രാധാന്യം സമൂഹത്തിൽ വളരെ ആഴത്തിൽ എത്തിക്കേണ്ടതുണ്ട്. ഇതിനായി തദ്ദേശഭരണ സ്ഥാപന നേതൃത്വത്തിന് നൽകുന്ന പരിശീലനങ്ങളോടൊപ്പം രാഷ്ട്രീയ നേതൃത്വത്തിനും പരിശീലനം നൽകാൻ ശ്രദ്ധിക്കണം. ഇതിന്റെ ഫലമായി ഭാവിയിൽ പഞ്ചായത്തുകളുടേയും വാർഡുകളുടേയും അതിർത്തികൾ നീർത്തടങ്ങളുടെ അതിർത്തിയുമായി സംയോജിപ്പിക്കാൻ കഴിയുന്ന അവസ്ഥയുണ്ടാകണം. സ്ഥായിയായ വികസനത്തിന് ഇത് അനിവാര്യമാണെന്ന് കേരള സമൂഹത്തെ ബോദ്ധ്യപ്പെടുത്തേണ്ടത് പ്രകൃതി വിഭവ പരിപാലന പരിശീലനത്തിന്റെ മുഖ്യലക്ഷ്യമാവണം.

കേരളത്തിലെ ഭൂമിയിൽ ബഹുഭൂരിഭാഗവും സ്വകാര്യ ഉടമസ്ഥതയിലായതിനാൽ അവരെക്കൂടി പ്രകൃതി വിഭവ പരിപാലനത്തിന്റെ ആവശ്യകത ബോദ്ധ്യപ്പെടുത്തി മാത്രമേ മേൽപ്പറഞ്ഞ നിർദ്ദേശങ്ങൾ നടപ്പാക്കാൻ കഴിയു. അതിനുതക്കവണ്ണം എല്ലാ തലങ്ങളിലും IEC പ്രവർത്തനങ്ങൾ ശക്തമാക്കണം.

ഏത് പദ്ധതിയുടേയും ആസൂത്രണത്തിന് വിവര അടിത്തറ (database) അനിവാര്യമാണ്. മൈക്രോ വാട്ടർ ഷെഡുകളുടെ അടിസ്ഥാനത്തിലുള്ള വിവര അടിത്തറ രൂപപ്പെടുത്തിയാലേ പ്രകൃതിവിഭവ പരിപാലന പദ്ധതി വിജയകരമാക്കാൻ കഴിയു. പഞ്ചായത്ത്- ബ്ലോക്ക്-ജില്ലാ തലങ്ങളിൽ വിവിധ വകുപ്പുകളും ഏജൻസികളും ശേഖരിക്കുന്ന വിവരങ്ങൾ (data) തദ്ദേശഭരണ സ്ഥാപനങ്ങൾക്ക് കാലാനുസൃതമായി ലഭ്യമാക്കുന്നതിനും ഇന്റഗ്രേറ്റ് ചെയ്യുന്നതിനും കൃത്യമായ നിർദ്ദേശങ്ങൾ ഉൾപ്പെടുത്തി സർക്കാർ ഉത്തരവ് പുറപ്പെടുവിക്കണം. ഇവയെ നീർത്തടാടിസ്ഥാനത്തിൽ ഗ്രാമപഞ്ചായത്ത്-ബ്ലോക്ക്- പഞ്ചായത്തുകൾ സംയോജിപ്പിച്ച് സമഗ്ര പദ്ധതിക്ക് രൂപം നൽകണം. പ്രാദേശിക തല വിവരശേഖരണത്തിന് അയൽസഭകളുടേയും കുടുംബശ്രീയുടേയും സാദ്ധ്യതകൾ പരമാവധി പ്രയോജനപ്പെടുത്തണം.

കൃഷി വകുപ്പ് തയ്യാറാക്കുന്ന ഡാറ്റാ ബാങ്ക്, ജൈവ വൈവിദ്ധ്യ ബോർഡിന്റെ സഹായത്തോടെ തയ്യാറാക്കുന്ന ജൈവവൈവിദ്ധ്യ രജിസ്റ്റർ, Soil Survey - Conservation Department തയ്യാറാക്കുന്ന Soil data, CESS, CWRDM തുടങ്ങിയ ഗവേഷണ സ്ഥാപനങ്ങൾ തയ്യാറാക്കിയിട്ടുള്ള മാപ്പുകൾ, വിവരങ്ങൾ തുടങ്ങിയ മേൽ സൂചിപ്പിച്ച രീതിയിൽ സംയോജിപ്പിക്കേണ്ടതാണ്. ഇവയെല്ലാം കൂട്ടിച്ചേർത്ത് നേരത്തെ സ്റ്റാറ്റിസ്റ്റിക്സ് വകുപ്പ് തയ്യാറാക്കിയ പഞ്ചായത്ത് തല സ്റ്റാറ്റിസ്റ്റിക്സ് പോലെ മൈക്രോ വാട്ടർഷെഡ് അടിസ്ഥാനത്തിൽ ഡാറ്റാ ബേസ് തയ്യാറാക്കാൻ കഴിയണം.

2000-ൽ തയ്യാറാക്കിയ വാട്ടർഷെഡ് മാപ്പുകളും ലാന്റ് യൂസ് ബോർഡ് തയ്യാറാക്കിയ ലാന്റ് യൂസ് മാപ്പുകളും ഇപ്പോൾ ലഭ്യമല്ലാത്ത പഞ്ചായത്തുകളിൽ ലഭ്യമാക്കാനും കുറവുകളുണ്ടെങ്കിൽ പരിഹരിച്ച് അത് സമ്പൂർണ്ണമാക്കാനും നടപടിയുണ്ടാകണം. പ്രകൃതി വിഭവ പരിപാലന പദ്ധതി തയ്യാറാക്കുമ്പോൾ കേരളത്തിലെകാലാവസ്ഥ വ്യതിയാന മാസ്റ്റർ പ്ലാനുമയി ബന്ധപ്പെട്ട രേഖയിലെ നിർദ്ദേശങ്ങൾ പാലിക്കുന്നു എന്ന് ഉറപ്പാക്കണം.

ഓരോ തദ്ദേശഭരണ സ്ഥാപന പ്രദേശത്തും പ്രാദേശികതല ബഡ്ജറ്റിംഗ് നടത്തി അതുമായി പ്രകൃതി വിഭവ പരിപാലന പദ്ധതിയെ ബന്ധപ്പെടുത്തണം.

സംസ്ഥാന-ജില്ലാ-ബ്ലോക്ക്-ഗ്രാമ പഞ്ചായത്ത് തലങ്ങളിൽ നടക്കുന്ന വകുപ്പുതല പദ്ധതി മോണിറ്ററിംഗിൽ പ്രാദേശിക പ്രകൃതി വിഭവ പരിപാലന പദ്ധതികളുടെ വിലയിരുത്തൽ നിർബന്ധ ഘടകമാക്കണം.

പ്രകൃതി വിഭവ പരിപാലന പദ്ധതിയുമായി ബന്ധപ്പെടുത്തിയാണ് തൊഴിലുറപ്പ് പദ്ധതി ആവിഷ്ക്കരിച്ചിട്ടുള്ളതെങ്കിലും പഞ്ചായത്തുകളിൽ നിലവിൽ പഞ്ചായത്ത് പദ്ധതികളും എൻ.

ആർ.ഇ.ജി.എസ് കർമ്മപദ്ധതിയും സംയോജിപ്പിക്കുന്നതായി കാണുന്നില്ല. അതുറപ്പു വരുത്താൻ വ്യക്തമായ മാർഗ്ഗനിർദ്ദേശം ഉണ്ടാകണം.

## II. ജൈവ കൃഷി

### 1. ആമുഖം

ഏതൊരു സമൂഹത്തിന്റേയും വ്യക്തിയുടേയും അടിസ്ഥാന ആവശ്യമാണ് ഭക്ഷണം. ഭക്ഷ്യവസ്തുക്കൾ ഉൽപാദിപ്പിക്കുന്ന കൃഷിയിലൂടെയാണ് ഭക്ഷണാവശ്യങ്ങൾ നിറവേറ്റപ്പെടുന്നത്. ഭക്ഷ്യസുരക്ഷിതത്വം ജീവിത സുരക്ഷിതത്വത്തിന്റെ അടിസ്ഥാനമാകയാൽ ഭക്ഷ്യസുരക്ഷിതത്വം ഉറപ്പു വരുത്തേണ്ടത് ഭരണകൂടത്തിന്റെ കടമയാണ്. ഭക്ഷ്യ സുരക്ഷിതത്വത്തെക്കുറിച്ച് ചിന്തിക്കുമ്പോൾ നമ്മുടെ സംസ്ഥാനത്തിന്റെ അവസ്ഥ പരിതാപകരമാണ് എന്ന് കാണാൻ കഴിയും. മുഖ്യ ആഹാരമായ അരിയുടെ ആവശ്യത്തിന്റെ വളരെ കുറച്ച് ശതമാനം മാത്രമേ ഇവിടെ ഉല്പാദിപ്പിക്കുന്നുള്ളു. പാൽ, മുട്ട, മാംസം കിഴങ്ങുകൾ എന്നിവയുടെയെല്ലാം കാര്യത്തിലും സ്ഥിതി ഇതുതന്നെയാണ്.

### 2. ഭക്ഷ്യപരാശ്രയത്വം

ഭക്ഷ്യോൽപാദനത്തിൽ നാം വർഷങ്ങളായി പുറകോട്ടുപോയികൊണ്ടിരിക്കുകയാണ്. ഇത് ഭക്ഷ്യകാര്യത്തിൽ പരാശ്രയത്വം വർദ്ധിപ്പിക്കുന്നു എന്ന് മാത്രമല്ല ആരോഗ്യത്തിന് ഹാനികരമായ ഭക്ഷ്യവസ്തുക്കൾ ഉപയോഗിക്കുന്നതിന് നാം നിർബന്ധിക്കപ്പെടുന്നു. ഒരു കാലത്ത് മുഖ്യതൊഴിൽമേഖലയായിരുന്ന കാർഷിക തൊഴിൽമേഖല തകരുന്നു. പരിസ്ഥിതിയും ആവാസവ്യവസ്ഥയും നശിക്കുന്നു. അനഭലഷണീയമായ കൃഷിരീതികൾ വർദ്ധിക്കുന്നു. മണ്ണ് ഊഷരമാകുന്നു. ജലം മലിനമാകുന്നു. ഈ സ്ഥിതി ഇനിയും തുടർന്നാൽ ഗുരുതരമായ പ്രത്യാഘാതങ്ങൾ നാം നേരിടേണ്ടിവരുമെന്ന കാര്യത്തിൽ സംശയമില്ല.

### 3. പ്രത്യാഘാതങ്ങൾ

കാർഷിക മേഖലയുടെ തകർച്ച ഒട്ടേറെ സാമൂഹ്യ-സാമ്പത്തിക-ആരോഗ്യ പ്രശ്നങ്ങൾക്ക് കാരണമാകുന്നു. തൊഴിലും വരുമാനവും കുറയുന്നതോടൊപ്പം ഭക്ഷ്യവസ്തുക്കളുടെ വില വർദ്ധനവും ലഭ്യതക്കുറവും ജനങ്ങളെ സാമ്പത്തികമായി ഞെരുക്കത്തിലാക്കുന്നു. അതോടൊപ്പം കാർഷികാനുബന്ധമേഖലകളുടെ തകർച്ചയ്ക്കും അത് കാരണമാകുന്നു. കാർഷികമേഖലയുടെ തകർച്ച ഗ്രാമങ്ങളിൽ നിന്ന് നഗരങ്ങളിലേക്കുള്ള കുടിയേറ്റം വർദ്ധിപ്പിക്കുന്നു. അത് സാമൂഹ്യപ്രശ്നങ്ങൾക്കിടയാക്കുന്നു. ജൈവമാലിന്യങ്ങൾ കാർഷികാവശ്യങ്ങൾക്ക് ഉപയോഗിക്കാതെ മാലിന്യങ്ങളായി നഗരങ്ങളിലെത്തുന്നത് മറ്റ് പല പ്രശ്നങ്ങൾക്കും കാരണമാകുന്നു. പുറമെ നിന്ന് വരുന്നതും ഇവിടെ ഉൽപ്പാദിപ്പിക്കുന്നതിനും ഭക്ഷ്യവസ്തുക്കൾ ഏറെയും അനിയന്ത്രിതമായ അളവിൽ രാസകീടനാശിനികളും രാസരോഗനാശിനികളും ഉപയോഗിക്കപ്പെട്ടവയും അമിത രാസവള ഉപയോഗത്തിന് വിധേയമായവയും ആണ്. ഇത് മാരക രോഗങ്ങൾ ഉൾപ്പെടെയുള്ള വിവിധ രോഗങ്ങൾക്ക് കാരണമാകുകയും ജീവസുരക്ഷ എന്നത് പ്രഹേളികയായി മാറുകയും ചെയ്യുന്നു.

വയലുകൾ നികത്തി കാർഷികേതര ആവശ്യങ്ങൾക്ക് ഉപയോഗിച്ചതുമൂലം കൃഷിഭൂമിയുടെ അള



വ് ഗണ്യമായതുമൂലമുണ്ടാകുന്ന പ്രശ്നങ്ങൾ പോലെ തന്നെ വയലുകളിൽ ഇഞ്ചി, കൂർക്ക, വാഴ, ചേന മുതലായവ വ്യാപകമായി കൃഷി ചെയ്യുന്നതിലൂടെയും ഗുരുതരമായ പ്രശ്നങ്ങൾ ഉണ്ടാകുന്നു. ഇവ വയലുകളിൽ കൃഷിചെയ്യുന്നതിലൂടെ മണ്ണിന്റെ ജലസംഭരണശേഷി കുറയുന്നതിനും ഈ വിളകൾക്കുവേണ്ടി നടത്തുന്ന അമിത രാസവള -രാസകീടനാശിനി പ്രയോഗത്തിലൂടെ വയലുകൾ ഊഷരമാകുന്നതിനും കാരണമാകുന്നു.

## 4. എന്തുവേണം?

സുരക്ഷിതമായ ഭക്ഷ്യവസ്തുക്കൾ ആവശ്യമായ അളവിൽ എല്ലാവർക്കും ലഭ്യമാകുക എന്നതാണ് നമ്മുടെ ലക്ഷ്യം. ഈ ലക്ഷ്യം കൈവരിക്കണമെങ്കിൽ രണ്ടുകാര്യങ്ങൾ ഉറപ്പുവരുത്തേണ്ടതുണ്ട്.

1. ലഭ്യമാകുന്ന ഭക്ഷ്യവസ്തുക്കൾ സുരക്ഷിതമായിരിക്കണം.
2. ആവശ്യമായ അളവിൽ എല്ലാവർക്കും ഭക്ഷ്യവസ്തുക്കൾ ലഭ്യമാക്കണം. ഇത് രണ്ടും സാധിക്കണമെങ്കിൽ ഭക്ഷ്യവസ്തുക്കൾ ഉപയോഗിക്കുന്ന മനുഷ്യനും മറ്റ് ജീവികൾക്കും പരിസ്ഥിതിക്കും ഹാനികരമാകാത്ത വിധമുള്ള കൃഷിരീതികൾ അവലംബിക്കണം. അതോടൊപ്പം ഭക്ഷ്യവിളകളുടെ ഉല്പാദനം പടിപടിയായി വർദ്ധിപ്പിക്കുകയും വേണം. ഈ രണ്ടു കാര്യങ്ങളും യോജിച്ചുപോകണമെങ്കിൽ അതിനനുസൃതമായ ഉത്തമകൃഷിരീതികൾ പ്രാവർത്തികമാകണം.

## 5. ഉത്തമകൃഷിരീതി– എങ്ങനെ സാധ്യമാക്കാം

### 5.1. ഉത്തമകൃഷി രീതി എന്നാൽ?

കാർഷിക വിജ്ഞാനരംഗത്ത് ഏതൊരു സമൂഹത്തിനും ഒരു പാരമ്പര്യം അവകാശമായി ഉണ്ട്. ഒരു സമൂഹം ജീവിക്കുന്ന പ്രദേശത്തെ ഭൂപ്രകൃതിക്കും കാലാവസ്ഥയ്ക്കും മണ്ണിനും മഴയ്ക്കും അനുസരിച്ച് രൂപപ്പെടുത്തിയിട്ടുള്ള കാർഷിക സംസ്കാരമാണ് പാരമ്പര്യത്തി നടിസ്ഥാനം. പരമ്പരാഗതമായ കാർഷിക വിജ്ഞാനത്തോടൊപ്പം ആധുനിക ശാസ്ത്ര സാങ്കേതികവിദ്യകളുടേയും അറിവിന്റെയും സാധ്യതകൾ കൂടി ഉപയോഗപ്പെടുത്തി പരിസ്ഥിതിക്കും ജീവജാലങ്ങൾക്കും ദോഷം വരാത്തതും, മണ്ണ്, ജലം, ജൈവസമ്പത്ത് എന്നിവയെ സംരക്ഷിക്കുന്നതും അവയുടെ സ്വാഭാവികഘടനയിൽ അവയെ സ്ഥായിയായി നിലനിർത്തുന്നതുമായ കൃഷിരീതിയാണ് ഉത്തമകൃഷിരീതി. ഉത്തമകൃഷിരീതി ജൈവകൃഷിയായിരിക്കും.

### 5.2. ജൈവകൃഷി

#### 5.2.1. ജൈവകൃഷി എന്നാൽ?

ഉത്തമകൃഷി രീതിക്ക് രണ്ടു ഘടകങ്ങളുണ്ട്. (1) ഉല്പാദിപ്പിക്കുന്ന ഭക്ഷ്യവസ്തുക്കൾ സുരക്ഷിതമായിരിക്കുക (2) ഉല്പാദനം വർദ്ധിപ്പിക്കുക. ഭക്ഷ്യവസ്തുക്കൾ സുരക്ഷിതമാകണമെങ്കിൽ മണ്ണിന്റേയും ചെടികളുടേയും മൃഗങ്ങളുടേയും മനുഷ്യന്റേയും പരിസ്ഥിതിയുടേയും ആരോഗ്യം സംരക്ഷിക്കും വിധമുള്ള കൃഷിരീതിയായിരിക്കണം അവലംബിക്കേണ്ടത്. ഇപ്പറഞ്ഞവയുടെയെല്ലാം ആരോഗ്യം സംരക്ഷിക്കുന്ന കൃഷിരീതിയാണ് ജൈവകൃഷി, അല്ലാതെ കുറച്ച് സ്ഥലത്ത് ചില വിളകൾ രാസവളങ്ങളും രാസകീടനാശിനികളും ഒഴിവാക്കി കൃഷിചെയ്യുന്നതല്ല ജൈവകൃഷി. അങ്ങനെ ചെയ്യുന്നതും ജൈവകൃഷിയാണ്. എന്നാൽ നാം ലക്ഷ്യമിടുന്നത് അതല്ല. എല്ലായിടത്തും എല്ലാ ഭക്ഷ്യവിളകളിലും രാസവള-രാസകീടനാശിനി പ്രയോഗം ഒഴിവാക്കി കൃഷി പ്രോത്സാഹിപ്പിക്കുക എന്നതാണ്. അതായത് ഭക്ഷ്യവിളകളുടെ കൃഷിയിൽ ജൈവവളം ഉപയോഗിക്കുക, ജൈവകീടനാശിനികളും പാരമ്പര്യ കീടനിയന്ത്രണമാർഗ്ഗങ്ങളും ഉപയോഗിക്കുക. അതിലൂടെ ഇവിടെയുള്ള മുഴുവൻപേർക്കും സുരക്ഷിതമായ ഭക്ഷ്യവസ്തുക്കൾ ലഭ്യമാക്കുക. അതല്ലാതെ മറ്റെവിടെയെങ്കിലുമുള്ള ചിലരുടെ സുരക്ഷിതത്വത്തിനുവേണ്ടി കുറച്ച് ജൈവകൃഷി ചെയ്ത്, അതിന് സർട്ടിഫിക്കറ്റ് വാങ്ങി ബോർഡ് വച്ച് വിറ്റ് കാശ് വാങ്ങുക, നാം വിഷപൂർണ്ണമായ ഭക്ഷ്യവസ്തുക്കൾ ഉപയോഗിക്കുക എന്നല്ല.

#### 5.2.2. രാസകൃഷിയിൽ നിന്ന് ജൈവകൃഷിയിലേക്ക്

രാസവള-രാസകീടനാശനി ഉപയോഗം ശീലമില്ലാതിരുന്ന നാം പതുക്കെപ്പതുക്കെയാണ് ജൈവകൃഷിയിൽ നിന്നും തെന്നിപ്പോയത്. അതുകൊണ്ട്തന്നെ ഒറ്റയടിക്ക് പൂർണ്ണമായും ജൈവകൃഷിയിലേക്ക് മാറുക സാധ്യവുമല്ല. അത് പതുക്കെപ്പതുക്കെ മാത്രമെ സാധ്യമാകൂ. അതിന് രണ്ടു കാരണങ്ങളുണ്ട്.

(1) നമ്മുടെ കൃഷിസ്ഥലങ്ങളിലെ മണ്ണ് പൂർണ്ണമായ ജൈവകൃഷിക്ക് പാകപ്പെട്ട അവസ്ഥയിലല്ല ഇന്നുള്ളത്. അതുകൊണ്ടു തന്നെ സാധ്യമാകുന്നിടത്തോളം ജൈവവളം ഉപയോഗിക്കുക എന്നതായിരിക്കും ആദ്യഘട്ടത്തിൽ പ്രായോഗികം. പിന്നീട് വർദ്ധിപ്പിച്ച് പൂർണ്ണജൈവകൃഷി എന്ന ലക്ഷ്യം കൈവരിക്കാം.

(2) ജൈവകൃഷിയിലേക്ക് മാറുന്നതോടെ ആദ്യഘട്ടത്തിൽ ലഭിക്കുന്ന ഉല്പന്നത്തിന്റെ അളവിൽ കുറവ് വരും. ഇത് കൃഷിക്കാരന് സാമ്പത്തിക ബാദ്ധ്യതയുണ്ടാക്കും. ഈ പ്രശ്നത്തിന് പരിഹാരം കാണുന്നതിനായി പ്രത്യേക സഹായങ്ങൾ കർഷകർക്ക് ലഭ്യമാക്കേണ്ടതാണ്.

### 5.3. ജൈവവളം എങ്ങിനെ ലഭിക്കും?

മണ്ണിന്റെ ഫലപുഷ്ടിയുടെ അടിസ്ഥാനം അതിൽ അടങ്ങിയിരിക്കുന്ന ജൈവാംശമാണെന്ന് (Human Content) നമ്മുടെ പൂർവ്വികർ കണ്ടെത്തിയിരുന്നു. അതുകൊണ്ടുതന്നെ മണ്ണിലെ ജൈവാംശം വർദ്ധിപ്പിക്കുന്നതിനുള്ള വളപ്രയോഗരീതികളും വിളപരിപാലന രീതികളും അവർ അവലംബിച്ചിരുന്നു. ഇതേ രീതി നാം സ്വീകരിച്ചാൽ ജൈവവള ലഭ്യത ഒരു പ്രശ്നമല്ലാതായി തീർന്നു. പച്ചിലവളവും മൃഗങ്ങളുടെ വിസർജ്യങ്ങ



ളും വളമായി ഉപയോഗിച്ചും സസ്യ-ജന്തുജാലങ്ങളുടെ അവശിഷ്ടങ്ങൾ മണ്ണിൽ ലയിച്ചു ചേർന്നുമാണ് മണ്ണിന്റെ ഫലപുഷ്ടി നിലനിന്നുപോന്നത്. അത് ഇന്നും സാധ്യമാണ്.

**5.4. ജൈവമാലിന്യം = ജൈവ വളം**

ജൈവ അവശിഷ്ടങ്ങളെ മാലിന്യമായി കണക്കാക്കുന്ന നഗര ജീവിതസ്വഭാവം നാം മാറ്റേണ്ടതുണ്ട്. ജൈവ അവശിഷ്ടങ്ങൾ പലയിടത്തുനിന്ന് ശേഖരിക്കുകയും അതിൽ അജൈവമാലിന്യങ്ങൾ കലരുകയും ചെയ്തശേഷം മറ്റൊരിടത്തെത്തുമ്പോൾ അത് മാലിന്യമായി മാറുന്നു. ഈ സ്ഥിതി ഒഴിവാക്കി എവിടെ ജൈവ അവശിഷ്ടങ്ങളുണ്ടാകുന്നുവോ അത് അവിടെ തന്നെ ജൈവവളമായി ഉപയോഗിക്കണം. ഒരു വീട്ടിലുണ്ടാകുന്നത് അവിടെ ഉപയോഗിക്കുക, അത് പൂർണ്ണമായും കഴിയാതെ വന്നാൽ ഒരു അയൽക്കൂട്ടതലത്തിലുള്ളതും ആ അയൽക്കൂട്ടപ്രദേശത്ത് ജൈവവളമായി ഉപയോഗിക്കുക. അതിനപ്പുറത്തേക്ക് ജൈവാവശിഷ്ടം നിറവേറ്റപ്പെടുകയും ജൈവമാലിന്യപ്രശ്നം പരിഹരിക്കപ്പെടുകയും ചെയ്യും. ജൈവവള ആവശ്യം നിറവേറ്റുന്നതിന് സ്വീകരിക്കേണ്ട തന്ത്രം ഇതായിരിക്കണം. മണ്ണിന്റെ ജൈവാംശം വർദ്ധിപ്പിക്കാനായി ചെയ്യാവുന്ന മറ്റ് പലമാർഗ്ഗങ്ങളുമുണ്ട്. കാലിസമ്പത്ത് വർദ്ധിപ്പിക്കുക, മത്സ്യകൃഷി വർദ്ധിപ്പിക്കുക, പയർ കൃഷി വർദ്ധിപ്പിക്കുക എന്നിവ അവയിൽ ചിലതാണ്. ഇത്തരം മാർഗ്ഗങ്ങൾ കൂടി സ്വീകരിച്ചാൽ ആവശ്യമായ ജൈവവളം ലഭ്യമാക്കാൻ കഴിയുന്നതാണ്. നഗരവാസികളുടെ മാലിന്യങ്ങൾ ജൈവവളമെന്ന പേരിൽ ഗ്രാമങ്ങളിലേക്ക് കൊണ്ടുവരലാകരുത് ജൈവകൃഷി. ഒരു പ്രദേശത്തുണ്ടാകുന്ന എല്ലാ ജൈവവസ്തുക്കളും അവിടുത്തെ മണ്ണിൽ നിക്ഷേപിക്കുക എന്നതായിരിക്കണം ജൈവകൃഷിയുടെ അടിസ്ഥാന തത്വം. വളരെ അനിവാര്യമായ സാഹചര്യങ്ങളിൽ മാത്രം ജീവാണുവളങ്ങൾ ഉപയോഗിക്കുകയുമാവാം.

**5.5. കീട-രോഗനിയന്ത്രണമാർഗ്ഗങ്ങൾ**

ജൈവകൃഷിവ്യാപനത്തിന് രാസകീടനാശിനികളുടേയും രോഗനാശിനികളുടേയും ഉപയോഗം ഇല്ലാതാക്കാനായി രണ്ടുമാർഗ്ഗങ്ങൾ സ്വീകരിക്കാവുന്നതാണ് (1) ജൈവകീട-രാസനാശിനികളുടെ ഉല്പാദനവും ഉപയോഗവും ശീലിക്കുക (2) പരമ്പരാഗത കീടനിയന്ത്രണമാർഗ്ഗങ്ങൾ (മിത്ര കീടങ്ങളെ വളർത്തൽ, ബഹുവിള പ്രയോഗം മുതലായവ) പ്രയോജനപ്പെടുത്തുക. ഇവ രണ്ടും പ്രാവർത്തികമാക്കുന്നതിനുവേണ്ട സഹായങ്ങൾ കർഷകർക്ക് ലഭ്യമാക്കേണ്ടതാണ്. (പരിശീലനങ്ങൾ, ജൈവകീട-രോഗനാശിനികളുടെ ഉപയോഗത്തിന് പ്രത്യേക സഹായം മുതലായവ) ജീവാണുരോഗ കീട നിയന്ത്രണമാർഗ്ഗങ്ങൾ ശാസ്ത്രീയമായി ഉപയോഗവ്യാപനം.

**5.6. പരമ്പരാഗത വിത്തിനങ്ങളുടെ ഉപയോഗവ്യാപനം**

നമ്മുടെ ഭൂപ്രകൃതിയ്ക്കും കാലാവസ്ഥയ്ക്കും അനുയോജ്യമായ വിത്തിനങ്ങളായിരുന്നു നാം പരമ്പരാഗതമായി കൃഷി ചെയ്തു വന്നിരുന്നത്. പരമ്പരാഗത വിത്തിനങ്ങളിൽ പലസവിശേഷതകളുള്ളവയുണ്ട്. ഉദാഹരണത്തിന് ഉല്പാദനക്ഷമത ഏറെയുള്ളവ, ഉല്പാദനക്ഷമത കുറവാണെങ്കിലും രോഗപ്രതിരോധശേഷി ഏറെയുള്ളവ പ്രതികൂല കാലാവസ്ഥയിലും ഫലം തരുന്നവ. കൃഷിക്കാവശ്യമായ വിത്തുകളും തൈകളും കൃഷിക്കാർ സ്വയം ഉണ്ടാക്കിയോ കൃഷിക്കാർ തമ്മിൽ പരസ്പരം കൈമാറിയോ ആണ് പണ്ട് കൃഷി ചെയ്തിരുന്നത്. ജൈവകൃഷി പ്രോത്സാഹന

ത്തിന്റെ ഭാഗമായി ഈ രീതി പ്രോത്സാഹിപ്പിക്കേണ്ടതുണ്ട്. ഓരോ പ്രദേശത്തേക്കും ആവശ്യമായ എല്ലാതരം വിത്തുകളും തൈകളും പ്രാദേശികമായി ലഭ്യമാക്കാൻ വേണ്ട നടപടികൾ ഉണ്ടാകണം.

**5.7. ഉല്പാദന വർദ്ധനവ്**

സുരക്ഷിത കൃഷിരീതിയുടെ രണ്ടാമത്തെ ഘടകം ഉല്പാദന വർദ്ധനവാണെന്ന് സൂചിപ്പിച്ചുവല്ലോ. ഉല്പാദന വർദ്ധനവ് സാധ്യമാകണമെങ്കിൽ രണ്ടു കാര്യങ്ങൾ ചെയ്യേണ്ടതുണ്ട്.

**5.8. വിള വിസ്തൃതി വർദ്ധിപ്പിക്കൽ**

സമീപകാലങ്ങളിലെ കണക്കുകൾ പരിശോധിച്ചാൽ എല്ലാ ഭക്ഷ്യവിളകളുടേയും വിള വിസ്തൃതി കുറഞ്ഞു വരുന്നതായി കാണാം. ഭക്ഷ്യസുരക്ഷ ഉറപ്പാക്കണമെങ്കിൽ വിള വിസ്തൃതി വർദ്ധിപ്പിച്ചേ മതിയാകു. വയലുകളും. പറമ്പുകളും ഉൾപ്പെടെ കൃഷിയോഗ്യമായ സ്ഥലങ്ങൾ കൃഷി ചെയ്യാതെ തരിശായി കിടക്കുന്നുണ്ട്. ഈ തരിശ് സ്ഥലം പൂർണ്ണമായും കൃഷിക്ക് ഉപയുക്തമാക്കണം. തെങ്ങ് കൃഷിയിൽ സുലഭമായി ഇടവിള കൃഷി ചെയ്യാൻ കഴിയും. അതുപോലെ നിലവിൽ ഒരു പ്രാവശ്യം ഇടവിളകൃഷി ചെയ്യാൻ കഴിയും. അതുപോലെ നിലവിൽ ഒരു പ്രാവശ്യവും രണ്ടു പ്രാവശ്യവും കൃഷി ചെയ്യുന്ന സ്ഥലങ്ങൾ, റോഡ്, കനാൽ എന്നിവയുടെ വശങ്ങൾ, നദീതീരങ്ങൾ, പൊതു-സർക്കാർ സ്ഥാപനങ്ങളിലെ സ്ഥലങ്ങൾ, പൊതു സ്ഥലങ്ങൾ, ഉടമസ്ഥർ സ്ഥലത്തില്ലാത്തതുമൂലം കൃഷി ചെയ്യാതെ കിടക്കുന്ന കൃഷിഭൂമി, കെട്ടിടങ്ങളുടെ ടെറസ്സുകൾ മുതലായവയും കൃഷിക്ക് ഉപയുക്തമാക്കി വിള വിസ്തൃതി വർദ്ധിപ്പിക്കാവുന്നതാണ്.

**5.9. ഉല്പാദനക്ഷമത വർദ്ധിപ്പിക്കൽ**

മണ്ണ്-സംരക്ഷണ പ്രവർത്തനങ്ങൾ, ജലസേചന സൗകര്യം വർദ്ധിപ്പിക്കൽ, വിള സാന്ദ്രത വർദ്ധിപ്പിക്കൽ, ബഹുതല കൃഷി, സമ്മിശ്രകൃഷി മെച്ചപ്പെട്ട നാടൻ വിത്തിനങ്ങളുടെ വ്യാപനം, ജൈവവള ഉപയോഗ വർദ്ധനവ് മുതലായവയിലൂടെ ഉല്പാദനക്ഷമത വർദ്ധിപ്പിക്കാവുന്നതാണ്. മണ്ണ് പരിശോധനയുടെ അടിസ്ഥാനത്തിൽ ആവശ്യമായ പോഷക മൂലകങ്ങൾ മണ്ണിൽ ചേർക്കുന്നതിനുള്ള നടപടികളും ഉല്പാദനക്ഷമത വർദ്ധിപ്പിക്കാൻ ആവശ്യമാണ്.

## 6. ഭക്ഷ്യസുരക്ഷ

ഭക്ഷ്യസുരക്ഷയ്ക്കായി താഴെപറയുന്ന കൃഷികൾ വിപുലപ്പെടുത്തുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

1. നെല്ല് - മുഖ്യഭക്ഷ്യവസ്തുവാണ്, ജലസംരക്ഷണ ഉപാധിയാണ്. ഒരു വിള ചെയ്യാവുന്നിടത്തെല്ലാം ഒരു വിളയും രണ്ട് വിള ചെയ്യാവുന്നിടത്തെല്ലാം രണ്ടു വിളയും പുഞ്ചകൃഷി ചെയ്യാവുന്നിടത്തെല്ലാം പുഞ്ചകൃഷിയും ചെയ്യും.
2. ചെറുധാന്യങ്ങൾ - ഞവര, തിന, ചാമ മുതലായവ. വെള്ളവും പരിചരണവും കുറച്ച് മതി. കീട-രോഗ ബാധ താരതമ്യേന കുറവാണ്. പോഷകസമൃദ്ധമാണ്. ഇവ കൂടാതെ ചോളവും കൃഷി ചെയ്യാവുന്നതാണ്.
3. പയർവർഗ്ഗങ്ങൾ - പയർ, ഉഴുന്ന്, മുതിര, ചെറുപയർ മുതലായ പയർ വർക്ഷങ്ങൾ പ്രോട്ടീനുകളുടെ കലവറയാണ്. പാടവരമ്പുകൾ(Frinch crops) മൂന്നാംവിള തരിശ് (Current fallow), തെങ്ങ്, കവുങ്ങ്, മാവ് തുടങ്ങിയ വിളകളിൽ ഇടവിള, പൊതുവിടങ്ങൾ, മട്ടുപ്പാവ് എന്നിവിടങ്ങളിൽ പോലും പയർവർഗ്ഗങ്ങൾ നന്നായി കൃഷി ചെയ്യാം.
4. പച്ചക്കറികൾ- പരമ്പരാഗത പച്ചക്കറികൾക്കുപുറമെ മുരിങ്ങ, അഗത്തി, കറിവേപ്പില തുടങ്ങിയ ഇലവർഗ്ഗങ്ങൾ, ചക്ക, കടപ്ലാവ്, പപ്പായ, കറിനാരകം മുതലായവയും വ്യാപകമാക്കാൻ കഴിയുന്നതാണ്. കൂൺകൃഷി വ്യാപനവും ഒരു പ്രത്യേക പരിപാടിയായി ഏറ്റെടുക്കാവുന്നതാണ്.
5. പഴവർഗ്ഗങ്ങൾ - സാധാരണ



പഴവർഗ്ഗങ്ങളായ മാങ്ങ, ചക്ക, വാഴപ്പഴം (നേന്ത്രവാഴ, ഞാലിപൂവൻ, പാളയംകോടൻ, പൊന്തൻ മുതലായവ) എന്നിവയ്ക്കു പുറമെ പേര, ആത്ത, നെല്ലി, ചെറി, ഞാവൽ, കുടംപുളി, വാളൻപുളി, പപ്പായ, പൈനാപ്പിൾ എന്നിവയും വ്യാപകമാക്കേണ്ടതാണ്.


6. കിഴങ്ങുവർഗ്ഗങ്ങൾ- ഭക്ഷ്യസുരക്ഷിതത്വത്തിന് ഏറെ പ്രാധാന്യമുള്ളവയാണ് കിഴങ്ങുവർഗ്ഗങ്ങൾ. പൂർവ്വീകമായി നാം കൃഷി ചെയ്തുവന്നിരുന്ന ഒട്ടേറെ കിഴങ്ങുവർഗ്ഗങ്ങൾ അന്യം നിന്നുപോയിരിക്കുന്നു. കിഴങ്ങുകൃഷി വ്യാപനത്തിന് പ്രത്യേക ഊന്നൽ നൽകേണ്ടതാണ്.
7. തെങ്ങുകൃഷി- തെങ്ങുകൃഷിയുടെ പേരിൽ മേന്മ നടിച്ചിരുന്ന നമുക്ക് അത് നഷ്ടപ്പെട്ടിരിക്കുന്നു. ഭൂപ്രകൃതിയും കാലാവസ്ഥയും തെങ്ങ്കൃഷിക്കനുയോജ്യമായിട്ടും ഉൽപാദനത്തിലും ഉൽപാദനക്ഷമതയിലും പുറകോട്ടുപോകുന്ന അവസ്ഥ മാറ്റുന്നതിനുള്ള അടിയന്തര നടപടികൾ ഉണ്ടാകേണ്ടതുണ്ട്.
8. സുഗന്ധ വ്യഞ്ജനങ്ങൾ- കുരുമുളക്, ഇഞ്ചി, മഞ്ഞൾ എന്നിവ വീട്ടുവളപ്പുകളിൽ നല്ല രീതിയിൽ കൃഷി ചെയ്യാവുന്നതാണ്. വീട്ടുമുറ്റം, തെങ്ങിൻതടങ്ങൾ, മട്ടുപ്പാവ് എന്നിവിടങ്ങളിൽ കുറ്റികുരുമുളക് കൃഷി ചെയ്യാവുന്നതാണ്.
9. കാലി വളർത്തൽ- പാൽ, മുട്ട, മാംസം എന്നിവയുടെ ലഭ്യത വർദ്ധിപ്പിക്കുന്നതോടൊപ്പം ജൈവവള ലഭ്യത കൂട്ടുന്നതിനും ഗാർഹിക ജൈവമാലിന്യങ്ങൾ ഉപയോഗപ്പെടുത്തുന്നതിനും കാലിവളർത്തൽ(പശു, എരുമ, ആട്, കാള, പോത്ത്, കോഴി, താറാവ്, മുയൽ മുതലായവ) സഹായിക്കും.
10. ഉൾനാടൻ മത്സ്യകൃഷി- മത്തി പോലുള്ള സാധാരണക്കാരന്റെ മത്സ്യങ്ങളുടെ ലഭ്യത കുറഞ്ഞു വരികയാണ്.നമ്മുടെ ഭക്ഷ്യകാര്യത്തിൽ മത്സ്യവിഭവത്തിന് നല്ല പങ്കുണ്ട്. അതുകൊണ്ട് മത്സ്യ ലഭ്യത വർദ്ധിപ്പിക്കാൻ ഉൾനാടൻ -ഗാർഹിക മത്സ്യകൃഷി പ്രോത്സാഹിപ്പിക്കേണ്ടതുണ്ട്.
11. തേനീച്ച വളർത്തൽ- തേൻ ശേഖരണത്തിലൂടെ വരുമാനമുണ്ടാക്കാൻ തേനീച്ച വളർത്തൽ മൂലം ഫലവൃക്ഷങ്ങളുടെ കായപിടുത്തം വർദ്ധിക്കുകയും കാട്ടാനകളുടെ ശല്യം ലഘൂകരിക്കുകയും ചെയ്യും.

## 7. പ്രവർത്തന സംവിധാനങ്ങൾ

7.1. കൃഷിഭവൻ- ഉത്തമകൃഷി രീതിക്കുവേണ്ട സാങ്കേതികസഹായം, സംഘാടന പ്രവർത്തനങ്ങൾ, ബോധവൽക്കരണ പ്രവർത്തനങ്ങൾ, പഠന പ്രവർത്തനങ്ങൾ എന്നിവ നടത്തുക

7.2. കൃഷി ചെയ്യുന്നവരുടെ കൂട്ടായ്മകൾ - പാടശേഖര സമിതികൾ, കേരവികസന സമിതികൾ, കർഷകസ്വയം സഹായസംഘങ്ങൾ, കർഷക അയൽക്കൂട്ട സംഘങ്ങൾ, റസിഡൻസ് അസോസിയേഷനുകൾ, കോളനി ഗ്രൂപ്പുകൾ, കുടുംബശ്രീ സംഘങ്ങൾ മുതലായവയെ ഉപയോഗപ്പെടുത്തി കൃഷി ചെയ്യൽ, ഉൽപാദന ഉപാധികളുടെ നിർമ്മാണം, വിത്ത് നടീൽ വസ്തുക്കൾ എന്നിവയുടെ നിർമ്മാണം, ജൈവവള -ജൈവകീടനാശിനി നിർമ്മാണവും നിർമ്മാണ പരിശീലനവും വിതരണവും, ഉൽപ്പന്ന ശേഖരണം, വിപണനം, മൂല്യ വർദ്ധന പ്രവർത്തനങ്ങൾ എന്നിവ ചെയ്യാവുന്നതാണ്.

7.3. ഇക്കോഷോപ്പ് - വിത്ത്, നടീൽ വസ്തുക്കൾ, ജൈവവളങ്ങൾ, ജൈവകീടനാശിനികൾ, ഉപകരണങ്ങൾ, ജൈവകൃഷി രീതി വശമുള്ള തൊഴിലാളികൾ എന്നിവ ലഭ്യമാക്കുന്നതിനും ഉൽപന്നങ്ങൾ സംഭരിച്ച് വിൽപ്പന



നടത്തുന്നതിനും സഹായകരമായ വിധം പ്രവർത്തിക്കുന്ന രണ്ടോ മൂന്നോ കടകൾ, ഓരോ പഞ്ചായത്തിലും ആരംഭിക്കാവുന്നതാണ്.

7.4. കൃഷിയിട പാഠശാല-ഉത്തമ കൃഷിരീതികൾ, അവയുടെ സാങ്കേതിക വശങ്ങൾ കർഷകർക്കും തൊഴിലാളികൾക്കും പകർന്നു കൊടുക്കുന്നതിനും, സംഭരണം, സംസ്ക്കരണം, വിപണനം എന്നിവയിൽ കൃഷിയിടങ്ങളിൽ ചെന്ന് അറിവു പകർന്നു കൊടുക്കുന്നതിനും കൃഷിയിട പാഠശാല പ്രവർത്തിക്കേണ്ടതാണ്.

### III. മാലിന്യ നിർമ്മാർജ്ജനം

1. ശുചിത്വമിഷൻ മാലിന്യ സംസ്ക്കരണവുമായി ബന്ധപ്പെട്ട് നടപ്പാക്കുന്ന പ്രവർത്തനങ്ങൾ ക്യാമ്പയിനോട് സംയോജിപ്പിക്കണം
2. നിർമ്മൽ പുരസ്ക്കാരം നേടിയ തദ്ദേശഭരണ സ്ഥാപനങ്ങൾ ആ അവസ്ഥ നിലനിർത്താനുള്ള പ്രവർത്തനം തുടരണം.
3. ഫലപ്രദമായ പിന്തുണ നൽകാനും മോണിറ്ററിംഗ് നടത്താനും സംവിധാനം വേണം.
4. മാലിന്യ സംസ്കരണത്തിന്- ഒരു മാസ്റ്റർപ്ലാൻ തന്നെ വേണ്ടതാണ്.
5. ശുചിത്വ മിഷനെ ശുചിത്വ-സാക്ഷരാതാ മിഷനാക്കി മാറ്റുകയും, സാങ്കേതിക കാര്യങ്ങളിൽ ഉൾപ്പെടെ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളെ സഹായിക്കുന്ന സംവിധാനമാക്കുകയും വേണം.
6. ആരോഗ്യം, തദ്ദേശഭരണ വകുപ്പ്, കുടുംബശ്രീ, സാമൂഹ്യനീതി, NGO's, ജനമൈത്രി പോലീസ് എന്നീ വകുപ്പുകളുടെ സംയോജിതമായ പ്രവർത്തനം ഉണ്ടാകണം.

**ക്യാമ്പയിൻ:** ഗ്രാമസഭ, അയൽസഭ തുടങ്ങിയ സംവിധാനത്തെ ഉപയോഗിച്ച് ക്യാമ്പയിൻ ഉണ്ടാവണം. ഗ്രാമപഞ്ചായത്ത്, മുനിസിപ്പാലിറ്റി, ബ്ലോക്ക്, ജില്ലാ തലത്തിൽ ബന്ധപ്പെട്ട തദ്ദേശഭരണ അദ്ധ്യക്ഷൻമാരുടെ നേതൃത്വത്തിൽ കമ്മറ്റി സംവിധാനം ഉണ്ടാവേണ്ടതാണ്.

ഓരോ പ്രദേശത്തെ ആവശ്യകത പരിഗണിച്ച് പ്ലാസ്റ്റിക് പോലുള്ള വസ്തുക്കളുടെ കളക്ഷൻ സെന്റർ ഗ്രാമപഞ്ചായത്തിലും, റീസൈക്ലിംഗ് പ്ലാന്റുകൾ ബ്ലോക്ക്തലത്തിലും സ്ഥാപിക്കുന്നതിന് സംവിധാനം ഉണ്ടാവണം.

വിജയിച്ച മാതൃകകൾ പറയാനും കാണാനും പറ്റുന്ന തരത്തിൽ പരിശീലനം സംഘടിപ്പിക്കണം.

- നൽകിയ കുറിപ്പിൽ (പേജ് 12-14) കൈപുസ്തകത്തിൽ വരേണ്ടതും, ഉത്തരവായി വരേണ്ടതും ഉണ്ട്.
- ക്യാമ്പയിന്റെ ഭാഗമായി നിയമങ്ങൾ പാലിക്കുന്നതിന് ശക്തമായ നടപടി ഉണ്ടാകണം. (ഉദാ. പൊതു സ്ഥലങ്ങളിലെ പുകവലി, ബസ്സ് സീറ്റ് റിസർവേഷൻ )
- ഇതര സംസ്ഥാന തൊഴിലാളികൾക്ക് ശുചിത്വ സംവിധാനത്തെ കുറിച്ച് ബോധവൽക്കരണം നടത്തണം.
- പ്രധാനകേന്ദ്രങ്ങളിൽ ആധുനിക അറവു ശാലകൾ സ്ഥാപിക്കുന്നതിന് നടപടി വേണം.
- ഇറച്ചി കോഴി മാലിന്യമുപയോഗിച്ച് ജൈവവള നിർമ്മാണ സംവിധാനമുണ്ടാക്കണം.
- അപകടരഹിതമായ മാലിന്യങ്ങൾ കത്തിക്കുന്നതിന് ഗ്യാസിഫയർ സാങ്കേതിക വിദ്യ ഉപയോഗിക്കുന്നതിനുള്ള സാധ്യതകൾ ആരായണം.
- MGNREGA - ശുചിത്വപാലന പ്രവർത്തനങ്ങൾക്ക് ഉപയോഗിക്കാനുള്ള സാധ്യതകൾ പരിശോധിച്ച് ഫലപ്രദമായി നിർവ്വഹിക്കാൻ സംവിധാനം ഉണ്ടാകണം.
- ദ്രവമാലിന്യ സംസ്ക്കരണത്തിന് ശാസ്ത്രീയ സംവിധാനം വേണം. നഗര പ്രദേശങ്ങളിൽ ആദ്യവർഷങ്ങളിൽ തന്നെ ഈ പ്രവർത്തനം തുടങ്ങണം.
- പരിസ്ഥിതി എഞ്ചിനീയർമാരുടെ സേവനം ജില്ലാ - ബ്ലോക്ക് പഞ്ചായത്ത് - നഗരസഭകളിൽ ലഭ്യമാക്കണം.

*(തുടരും)*






സുരേഷ്. ബി.എൻ.

# കാസറഗോഡ് ജില്ലയിലെ പഞ്ചായത്തുകൾ 'സകർമ്മ' പാതയിൽ

### 1. ആമുഖം

ഏതൊരു കാര്യക്ഷമമായ ഭരണസംവിധാനത്തിന്റെയും കാതലായ അംശം ആവശ്യങ്ങൾ തിരിച്ചറിയുക, ഉദ്ദേശലക്ഷ്യങ്ങൾ നിർണ്ണയിക്കുക, അത് നടപ്പിലാക്കുക, നിരീക്ഷിക്കുക, വീഴ്ചകൾ വിലയിരുത്തുക, കൂടുതൽമെച്ചപ്പെടുത്തുന്നതിനുള്ള തീരുമാനങ്ങൾ കൈക്കൊള്ളുക എന്നിവയാണ്. ജനാധിപത്യ രീതിയിൽ തിരഞ്ഞെടുക്കപ്പെടുന്ന ഒരു സംവിധാനത്തിലാണ് തദ്ദേശ ഭരണം നടക്കുന്നത്.ആയതിനാൽ തദ്ദേശസ്വയംഭരണസ്ഥാപനങ്ങളുടെ ആലോചനാ യോഗങ്ങൾ വളരെ പ്രാധാന്യമർഹിക്കുന്നു.

### 2. യോഗനടത്തിപ്പ് ചട്ടം

പഞ്ചായത്ത്‌രാജ്‌യോഗ നടത്തിപ്പ് ചട്ടങ്ങളിൽ (1995)യോഗ നടപടി ക്രമങ്ങൾ വിശദമായി പ്രതിപാദിച്ചിട്ടുണ്ട്. എന്നാൽ അജണ്ടകൾ തീരുമാനിക്കൽ, യോഗം നിശ്ചയിക്കൽ, നോട്ടീസ് നൽകൽ, യോഗ നടപടിക്രമങ്ങൾ, മിനിട്സ്തയ്യാറാക്കൽ എന്നിവ നേരായ രീതിയിലല്ല പല തദ്ദേശസ്വയംഭരണസ്ഥാപനങ്ങളിലും നടക്കുന്നത്. അറിവില്ലായ്മ, ഉപേക്ഷ, പരസ്പര ധാരണയിലുള്ള നീക്കുപോക്കുകൾ എന്നിവയൊക്കെ കാരണങ്ങൾ ആയിരിക്കാം. എന്നാൽ ഈ പ്രവണത സ്ഥാപനത്തിന്റെ കാര്യക്ഷമതയെയും വിശ്വാസ്യതയെയും ബാധിക്കും. മിക്ക പഞ്ചായത്ത് യോഗങ്ങളും അലങ്കോലപ്പെടുന്നതും പഞ്ചായത്ത് അംഗങ്ങൾ തമ്മിലും ജീവനക്കാരും ഭരണസമിതിയും തമ്മിലും വിശ്വാസ്യത നഷ്ടപ്പെടുത്തുന്നതും മോശമായയോഗ നടത്തിപ്പ് കാരണമാണ്. ആവശ്യമുള്ള തീരുമാനങ്ങൾ യഥേഷ്ടം തീരുമാനം രജിസ്റ്ററിൽ എഴുതിച്ചേർക്കുന്ന തെറ്റായ പ്രവണത ചിലയിടങ്ങളിലെങ്കിലും കാണാം.

### 3. സകർമ്മ

പഞ്ചായത്ത്‌രാജ് സംവിധാനത്തിലെ എല്ലാ നടപടിക്രമങ്ങളും സമിതി തീരുമാനത്തിന്റെ അടിസ്ഥാനത്തിലാണെന്നിരിക്കെ യോഗ നടപടിക്രമങ്ങൾ സുതാര്യമായും കാര്യക്ഷമമായും ചട്ടങ്ങളും നടപടിക്രമങ്ങളും പാലിച്ചുകൊണ്ട് നടത്തപ്പെടുന്നു എന്ന് ഉറപ്പാക്കേണ്ടതുണ്ട്. ഇവിടെയാണ് ഇൻഫർമേഷൻ കേരള മിഷൻ വിഭാവനം ചെയ്ത 'സകർമ്മ' എന്ന മീറ്റിംഗ്മാനേജ്മെന്റ്സോഫ്റ്റ്‌വെയർ പ്രസക്തമാകുന്നത്. സാങ്കേതികവിദ്യഓഫീസ് പ്രവർത്തനങ്ങൾക്ക് വേഗതയും സുതാര്യതയും പ്രദാനം ചെയ്യുന്നതോടൊപ്പം അത് കുറ്റമറ്റതാക്കാൻ സഹായിക്കുകയും ചെയ്യുന്നു. കൂടാതെ നടപടിക്രമങ്ങൾക്ക് ഏകീകൃതസ്വഭാവവും നൽകുന്നു.

പുതിയ ഭരണസമിതി നിലവിൽവരുന്നതോടെ സകർമ്മ നടപ്പിലാക്കാനായിരുന്നു സർക്കാരിന്റെ പദ്ധതി. ഇതിനായി കിലയുടെ കാര്യശേഷിവികസന പദ്ധതിയുടെ ഭാഗമായി എല്ലാ തദ്ദേശസ്വയംഭരണസ്ഥാപനങ്ങളിലെയും സെക്രട്ടറി, പ്രസിഡന്റ്, ടെക്നിക്കൽ അസിസ്റ്റന്റ്, മീറ്റിംഗ് ക്ലാർക്ക് എന്നിവർക്ക്സംസ്ഥാന വ്യാപകമായി പരിശീലനം സമയബന്ധിതമ്മായി നൽകുകയുമുണ്ടായി.എന്നാൽ ചിലസാങ്കേതിക കാരണങ്ങളാൽഇത് നീണ്ടുപോകുകയാണുണ്ടായത്.

### 4. സുതാര്യത, ഉത്തരവാദിത്തം

സകർമ്മ പൂർണ്ണമായുംഒരു ഓൺലൈൻ സംവിധാനമായതിനാൽ, പൊതുജനങ്ങൾക്ക്യഥാസമ

യംയോഗതീരുമാനങ്ങൾ അറിയാൻ കഴിയും എന്നതിനാൽസുതാര്യതഉറപ്പുവരുത്തുന്നു. യോഗംതീരുമാനിച്ചുകഴിഞ്ഞാൽഎസ്.എം.എസ്. സംവിധാനത്തിലൂടെ പഞ്ചായത്ത്അംഗങ്ങളെവിവരംഅറിയിക്കാം. യോഗനോട്ടീസിനോടൊപ്പംതന്നെ പഞ്ചായത്ത്അംഗങ്ങൾക്ക്ഓൺലൈനായും നേരിട്ടും അജണ്ടാകുറിപ്പുകൾ ലഭിക്കുന്നതിലൂടെ യോഗത്തിലെത്തുന്ന പഞ്ചായത്ത് അംഗത്തിന് പ്രസ്തുതവിഷയം പഠനവിധേയമാക്കിവരുന്നതിനും അനാവശ്യ ചർച്ചകൾ ഒഴിവാക്കുന്നതിനും കഴിയും. കൂടുതൽ അജണ്ടകൾകുറഞ്ഞ സമയത്തിനകം പൂർത്തീകരിക്കാൻ കഴിയും. ചുരുക്കം ചില വിഷയങ്ങളിൽ മാത്രമേ പഞ്ചായത്ത്അംഗങ്ങൾ തമ്മിൽ അഭിപ്രായ ഭിന്നതകൾ ഉണ്ടാകുന്നുള്ളൂ. ആയതിനാൽ മിക്ക വിഷയങ്ങളും ചർച്ചകളില്ലാതെതന്നെ തീരുമാനത്തിലെത്തുന്നു. പഞ്ചായത്ത്അംഗങ്ങൾക്ക് അവരുടെ ലോഗിനിലൂടെ സകർമ്മയിൽ പ്രവേശിച്ച്ചോദ്യങ്ങൾ ഉന്നയിക്കുന്നതിനും പ്രമേയാവതരണാനുമതിയ്ക്കും അപേക്ഷിക്കാം. യോഗത്തിലെതീരുമാനങ്ങൾ തത്സമയം സകർമ്മയിൽ രേഖപ്പെടുത്താനും കഴിയും. അജണ്ടാകുറിപ്പിലെ വിവരങ്ങൾക്ക് ഭേദഗതിവരുത്തിക്കൊണ്ട് തീരുമാനങ്ങൾ രേഖപ്പെടുത്തുന്നത് വളരെ എളുപ്പവുമാണ്.യോഗം അവസാനിക്കുന്നതോടെതീരുമാന രജിസ്റ്ററിന്റെ പകർപ്പ് പ്രസിദ്ധീകരിക്കാൻ കഴിയും. ഏതാനും ഭേദഗതികളും കൂട്ടിച്ചേർക്കലുകൾക്കും ശേഷം നിയമം അനുശാസിക്കുന്ന ഇരുപത്തിനാലുമണിക്കൂറിനകം തന്നെ മിനിട്സ് അന്തിമരൂപം നൽകാനുംകഴിയും.

എക്സ്ഒഫീഷ്യോസെക്രട്ടറിമാരായസ്ഥാപനമേധാവികൾക്ക് പ്രത്യേകലോഗിൻ സൗകര്യം നൽകിയിട്ടുണ്ട്. അവരുടെ വിഷയമേഖലയിലെ ചർച്ചയ്ക്ക് വേണ്ടിയുള്ള അജണ്ടാകുറിപ്പ് നിയമോപദേശസഹിതം കുറിപ്പ് തയ്യാറാക്കി സമർപ്പിക്കേണ്ട ഉത്തരവാദിത്വം സ്ഥാപനമേധാവികൾക്കാണ്. യോഗംതീരുമാനിച്ചതിനുശേഷം അജണ്ടകൾ തീരുമാനിക്കുന്ന പതിവുരീതിക്ക് വിപരീതമായിവിഷയം ശ്രദ്ധയിൽപ്പെടുമ്പോൾതന്നെ അജണ്ട തയ്യാറാക്കാനുള്ള സൗകര്യം ശ്രദ്ധേയമാണ്. ഇത് പ്രസിഡന്റിനും,സെക്രട്ടറിക്കും,സ്ഥാപനമേധാവിക്കും, സെക്ഷൻ ക്ലാർക്കിനും അവരവരുടെ ലോഗിനിൽ പ്രവേശിച്ച് ചെയ്യാവുന്നതാണ്. സെക്രട്ടറിയാണ് എല്ലാവർക്കും ലോഗിനും പാസ്‌വേർഡും അനുവദിക്കേണ്ടത്. ആവശ്യമനുസരിച്ച് പ്രസിഡന്റ് യോഗതീയതി നിശ്ചിക്കുന്നു. സെക്രട്ടറി അജണ്ടകൾ ഉൾപ്പടുത്തി പ്രസിഡന്റിന്റെ അംഗീകാരത്തോടെ യോഗം നിശ്ചയിച്ച് നോട്ടീസ്നടത്തുന്നു. ചട്ടങ്ങളിൽ അനുശാസിക്കുന്ന സമയക്രമങ്ങളും നിബന്ധനകളും അനുസരിച്ചാണ് സകർമ്മ വിഭാവനം ചെയ്തിട്ടുള്ളത് എന്നതിനാൽ ഉപയോക്താക്കൾ അത് പാലിക്കാൻ നിർബന്ധിതരാകുന്നു. അങ്ങനെ യോഗങ്ങൾ സുതാര്യവും ലളിതവുമായിത്തീരും. യോഗതീരുമാനങ്ങൾ പെട്ടെന്നു തന്നെ ബന്ധപ്പെട്ടവർക്ക് ലഭിക്കുന്നു എന്നതിനാൽ തുടർ നടപടികൾ പെട്ടെന്നു തന്നെ എടുക്കാനും കഴിയും. പ്രാരംഭദശയിൽ സകർമ്മ ആപ്ലിക്കേഷനിൽ കണ്ടെത്തിയ പല ന്യൂനതകളും പരിഹരിച്ച് പൂർണ്ണമായും കുറ്റമറ്റരീതിയിൽ പരിഷ്കരിച്ചുകൊണ്ടിരിക്കുകയാണ് ഇൻഫർമേഷൻ കേരള മിഷൻ.

## 5. കാര്യശേഷി വികസനം

സകർമ്മയുടെ പ്രസക്തി തിരിച്ചറിഞ്ഞ് ജില്ലയിലെ എല്ലാ തദ്ദേശസ്വയംഭരണസ്ഥാപനങ്ങളിലും മെച്ചപ്പെട്ട മീറ്റിംഗ്മാനേജ്മെന്റ് ലക്ഷ്യമിട്ടുകൊണ്ട് പൂർണ്ണമായും സകർമ്മയിലൂടെ യോഗ നടത്തിപ്പിനുള്ള തയ്യാറെടുപ്പിലാണ് കാസറഗോഡ് ജില്ല. ആയതിലേയ്ക്കുള്ള കാര്യശേഷിവികസന പരിപാടിക്ക് കില ഡയറക്ടർ ഡോ.പി.പി. ബാലന്റെ അംഗീകാരപ്രകാരം കില അസിസ്റ്റന്റ് പ്രൊഫസർ ഡോ. ജെ.ബി. രാജന്റെയും കാസറഗോഡ് ജില്ലയിലെ എ.ഡി.പി. ശ്രീ. നിസാറിന്റെയും നേതൃത്വത്തിൽ അഡ്വക്കേറ്റ് ശ്രീ. എം. ഗംഗാധരൻ നായർ, ശ്രീ. കണ്ണൻ നായർ, ശ്രീ. ബി.എൻ.സുരേഷ് എന്നിവർ ചേർന്ന് പരിശീലന മോഡ്യൂൾതയ്യാറാക്കി. 2016ആഗസ്റ്റ്മാസം ജില്ലയിൽ മുഴുവൻ ജീവനക്കാർക്കും പ്രസിഡന്റുമാർക്കും പരിശീലനം പൂർത്തീകരിക്കുകയും ചെയ്തു. സർവ്വശ്രീ. പി. ജയൻ, എസ്.എൻ. പ്രമോദ്, ജയപ്രകാശ്, മൻഷീദ എന്നിവരെ ഫാക്കൽറ്റി അംഗങ്ങളായി നിശ്ചയിച്ച് പരിശീലനം ജില്ലയിലെ രണ്ട് വേദികളിലായിട്ടാണ് നടത്തിയത്. ജില്ലാ കോർഡിനേറ്റർ ശ്രീമതിശ്യാമള, കിലകോഴ്സ്കോർഡിനേറ്റർ ശ്രീ. അലക്സാണ്ടർ എന്നിവർ പരിശീലന പരിപാടികൾക്ക് പരിപോഷണം നൽകി. പഞ്ചായത്ത്ഡെപ്യൂട്ടിഡയറക്ടർ ശ്രീ. നാരായണൻ നമ്പൂതിരിയുടെ ശക്തമായ വകുപ്പുതല മോണിറ്ററിംഗ് പരിശീലന പരിപാടിയുടെ സജീവ പങ്കാളിത്തം ഉറപ്പുവരുത്തി. സോഫ്റ്റ്‌വെയർ പരിശീലനത്തിനു പുറമേയോഗ നടപടിക്രമങ്ങളുമായി ബന്ധപ്പെട്ടുള്ള പഞ്ചായത്ത്രാജ് നിയമങ്ങൾ, ഓഫീസ് നടപടിക്രമങ്ങൾ പാലിച്ചുകൊണ്ട്തീരുമാനങ്ങളെടുക്കുന്നതിന് പ്രായോഗിക പരിശീലനം എന്നിവയുംമോഡ്യൂളിൽ ഉൾപ്പെടുത്തി.2016 സെപ്തംബർ അവസാന വാരത്തോടെ ജില്ലയിലെ എല്ലാ തദ്ദേശസ്വയംഭരണസ്ഥാപനങ്ങളിലും സകർമ്മയിലൂടെ യോഗം നടത്തുന്നത് കാസറഗോഡ് ജില്ലയിലെ തദ്ദേശസ്വയംഭരണസ്ഥാപനങ്ങൾക്ക് ഒരു പൂർവ്വ ബഹുമതിയാണ്.

## 6. ബഡ്ജറ്റ് ഡിജിറ്റൽ മീറ്റിംഗ്

ഭാരതത്തിലെ തന്നെ സമ്പൂർണ്ണമായും ഓൺലൈനായിയോഗ നടപടിക്രമങ്ങൾ രേഖപ്പെടുത്തുന്ന ആദ്യ ജില്ലയായി കാസറഗോഡ് ജില്ല മാറുകയാണ്. ഓഫീസിലെ വരവ്-ചിലവ് കണക്കുകൾ രേഖപ്പെടുത്തുന്ന 'സാംഖ്യ' സംവിധാനം ആദ്യം നടപ്പിലാക്കിയ ജില്ല, ആദ്യമായി ഐ.എസ്.ഒ. സർട്ടിഫിക്കേഷൻ വാങ്ങിയ പഞ്ചായത്ത്, ഏറ്റവുംകൂടുതൽ ഐ.എസ്.ഒ. സർട്ടിഫിക്കേഷന് ലഭിച്ച പഞ്ചായത്തുകളുള്ള ജില്ല എന്നീ ബഹുമതികളും കാസറഗോഡ് ജില്ലയ്ക്ക് ഇതിനകംതന്നെ സ്വന്തമാണ്.

മറ്റ് ഓൺലൈൻ ആപ്ലിക്കേഷനുകൾ വേണ്ടത്ര ഫലപ്രദമല്ലാതെതുടരുന്ന സാഹചര്യത്തിൽ സകർമ്മയുടെ വിജയംഅടിസ്ഥാനമാക്കിയുള്ള പരിശീലന പരിപാടികളും മറ്റും ഇതേ മാതൃകയിൽ നടപ്പിലാക്കാൻ കഴിയുമോ എന്ന് പരിശോധിച്ചുകൊണ്ടിരിക്കുകയാണ് കിലയും പഞ്ചായത്ത് അധികൃതരും.

*ലേഖകൻ കാസർഗോഡ് അജാനൂർ ഗ്രാമ പഞ്ചായത്ത് സെക്രട്ടറിയാണ്*

# പഞ്ചായത്ത് യോഗ നടപടികൾ: പേനയ്ക്കും മഷിക്കും വിട



**മൊഹമ്മദ് നിസാർ. പി.**

കാസർഗോഡ് ജില്ലയിലെ മുഴുവൻ തദ്ദേശസ്ഥാപനങ്ങളിലും ഇനി യോഗ നടപടിക്കുറിപ്പുകൾ തത്സമയം കമ്പ്യൂട്ടർ വഴി രേഖപ്പെടുത്തും. 'സകർമ്മ; എന്ന സോഫ്റ്റ്‌വെയർ ഉപയോഗിച്ചാണ് ഇത് സാധ്യമാക്കുന്നത്.

## ആദ്യചുവട്

ആദ്യപടിയായി പഞ്ചായത്ത്/ മുനിസിപ്പാലിറ്റികളിലെ പ്രസിഡന്റ്, മെമ്പർമാർ, ഉദ്യോഗസ്ഥർ, ഘടക സ്ഥാപന മേധാവികൾ എന്നിവർക്ക്' ലോഗിൻ' നൽകുന്നു. തുടർന്ന് ഉദ്യോഗസ്ഥർ, മെമ്പർമാർ എന്നിവർ ചർച്ച ചെയ്യാനുള്ള വിഷയങ്ങൾ തങ്ങളുടെ മൊബൈൽഫോണിലൂടെയോ കമ്പ്യൂട്ടറിലൂടെയോ അയയ്ക്കുന്നു. സെക്രട്ടറി അവ ഓൺലൈനിലൂടെ പരിശോധിച്ച് അജണ്ട കുറിപ്പ് സഹിതം പ്രസിഡന്റിന് അയയ്ക്കുന്നു. പ്രസിഡന്റിനു വേണമെങ്കിൽ എവിടെയിരുന്നും അവ അവലോകനം നടത്തി യോഗ തീയതി നിശ്ചയിച്ചു നൽകുവാൻ സാധിക്കും. യോഗ അറിയിപ്പും മുഴുവൻ അജണ്ട കുറിപ്പുകളും എല്ലാ മെമ്പർമാർക്കും അവരുടെ ലോഗിനിൽ നിന്നും കാണാൻ കഴിയും.

## വിരൽത്തുമ്പിൽ തീരുമാനങ്ങൾ

'സകർമ്മ' ഈ സോഫ്റ്റ്‌വെയറിലൂടെ തന്നെ യോഗസ്ഥലത്ത്‌വച്ച് തീരുമാനങ്ങൾ രേഖപ്പെടുത്തുകയും എല്ലാ മെമ്പർമാർക്കും അത് തങ്ങളുടെ മൊബൈലിലൂടെ കാണുവാനും സാധിക്കും. താമസിയാതെ പൊതുജനങ്ങൾക്കും പഞ്ചായത്തിന്റെ എല്ലാ യോഗങ്ങളുടെയും തീരുമാനങ്ങൾ വിരൽത്തുമ്പിൽ ലഭ്യമാവും. ഇപ്പോൾ meeting. lsgkerala.gov.in എന്ന വെബ്സൈറ്റിൽ പഞ്ചായത്തുകളുടെ യോഗ തീയതി മുതലായവ കാണുവാൻ സാധിക്കും.

## ഡിജിറ്റൽ മീറ്റിംഗ് മാനേജ്മെന്റ് – സമ്പൂർണ്ണ ജില്ല

കാസർഗോഡ് ജില്ലയിലെ പതിനാറു ഗ്രാമപഞ്ചായത്തുകളിൽ സകർമ്മ സോഫ്റ്റ്‌വെയർ മുഖാന്തിരം അജണ്ട തീരുമാനിക്കുന്നത് മുതൽ യോഗ നടപടികൾ രേഖപ്പെടുത്തുന്നതുവരെയുള്ള കാര്യങ്ങൾ ചെയ്തു തുടങ്ങി. ജില്ലയിലെ അവശേഷിക്കുന്ന ഗ്രാമ, ബ്ലോക്ക്, ജില്ലാ പഞ്ചായത്തുകൾ; നഗരസഭകൾ എന്നിവിടങ്ങളിൽ ഈ മാസംതന്നെ യോഗ നടപടികൾ പൂർണ്ണമായുംഓൺലൈനിലൂടെചെയ്യുന്ന സംവിധാനം നിലവിൽവരും. അതോടെ സംസ്ഥാനത്തെ ഒരു ജില്ലയിലെ എല്ലാ തദ്ദേശസ്ഥാപനങ്ങളിലും യോഗ നടപടികൾ പൂർണ്ണമായും ഡിജിറ്റലൈസ് ചെയ്യുന്ന ആദ്യ ജില്ല എന്ന ബഹുമതി കാസർഗോഡിനാവും. നേരത്തെ എല്ലാ ഗ്രാമപഞ്ചായത്തുകളുടെയും അക്കൗണ്ടുകളും ഡിജിറ്റൽ സംവിധാനത്തിലാക്കിയ ജില്ല എന്ന നേട്ടവും കാസർഗോഡ് സ്വന്തമാക്കിയിരുന്നു.

## 'കില'യുടെ കാര്യശേഷി വികസന ഉദ്യമം

സകർമ്മ സോഫ്റ്റ്‌വെയറിന്റെ പ്രവർത്തനം സംബന്ധിച്ചും ഫലവത്തായ യോഗ നടത്തിപ്പ് സംബന്ധിച്ചും ജില്ലയിലെ എല്ലാ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലെ ജീവനക്കാർക്കും അദ്ധ്യക്ഷന്മാർക്കും ഉള്ള പരിശീലനം പൂർത്തിയായി. 'കില'യുടെ ആഭിമുഖ്യത്തിലുള്ള കാര്യശേഷി വികസന പരിപാടിക്ക് 'കില' ഡയറക്ടർ ഡോ. പി.പി. ബാലനും കോഴ്സ് ഡയറക്ടർ ഡോ. ജെ.ബി. രാജനും മുഖ്യചുമതല വഹിച്ചു. ഇതിന്റെ ഭാഗമായുള്ള പരിശീലനത്തിന് പഞ്ചായത്ത്അസിസ്റ്റന്റ് ഡയറക്ടർ പി. മൊഹമ്മദ് നിസാർ, കില ജില്ലാ ട്രെയിനിംഗ് കോർഡിനേറ്റർ സി. ശ്യാമള, കോഴ്സ് കോർഡിനേറ്റർ അലക്സാണ്ടർ, പഞ്ചായത്ത്സെക്രട്ടറിമാരായഎം. ഗംഗാധരൻ നായർ, എം. കണ്ണൻ നായർ, സുരേഷ് ബി. എൻ., ജയൻ. സി., പരിശീലകരായ പ്രമോദ് എസ്.എൻ., ജയപ്രകാശ്, മൻഷിദ എന്നിവർ നേതൃത്വം നൽകി. ഗ്രാമപഞ്ചായത്ത് തല പരിപാടിക്ക് സമാപന ചടങ്ങിൽ ജില്ലാ പഞ്ചായത്ത് അദ്ധ്യക്ഷൻ എ.ജി.സി. ബഷീർ മുഖ്യാതിഥി ആയിരുന്നു.

*ലേഖകൻ കാസർഗോഡ് പഞ്ചായത്ത് അസിസ്റ്റന്റ് ഡയറക്ടർ (അധിക ചുമതല) ആണ്*

# തൊഴിലുറപ്പിൽ വസന്തം വിരിയിച്ച്
# പട്ടിത്തറ ഗ്രാമ പഞ്ചായത്ത്

ഫൈസൽ.വി.ടി

പട്ടിത്തറ ഗ്രാമപഞ്ചായത്ത് ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയുടെ സാധ്യതകളെ കണ്ടറിഞ്ഞ് വേറിട്ട വഴികളിലൂടെ സഞ്ചരിച്ച് പുതിയ മുഖം നൽകിയിരിക്കുന്നു. മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയുടെ ശക്തി തന്നെയാണ് അതിന്റെ ഏറ്റവും വലിയ ദൗർബല്ല്യവും. സഹായം വേണ്ടവന് സഹായമെത്തിക്കുന്നതിൽ ഇതുവരെയും ആവിഷ്കരിക്കപ്പെട്ടതിൽ ഏറ്റവും മികച്ചത് എന്ന് പുകഴ്ത്തപ്പെടുന്ന ഈ പദ്ധതി എന്നാൽ സാധനഘടകങ്ങൾ ഉപയോഗിക്കുന്നതിനുള്ള സാങ്കേതിക തടസ്സങ്ങളാൽ ആസ്തി നിർമ്മാണത്തിൽ പുറകിലായിപ്പോകുന്ന കാഴ്ചയാണിന്ന് കാണാൻ കഴിയുന്നത്. പദ്ധതിയുടെ പരിമിതിക്കുള്ളിൽ നിന്നു കൊണ്ട് അദ്ധ്വാന ശേഷി വ്യത്യസ്തമായ പ്രവൃത്തികൾ ഏറ്റെടുത്തു കൊണ്ട് നടപ്പാക്കുകയാണ് പട്ടിത്തറ ഗ്രാമപഞ്ചായത്ത് ചെയ്തു കൊണ്ടിരിക്കുന്നത്.

പലക്കാട് ജില്ലയുടെ പടിഞ്ഞാറെ ഭാഗത്ത് മലപ്പുറം ജില്ലയോട് അതിർത്തി പങ്കിടുന്ന തൃത്താല ബ്ളോക്കിലെ ഏഴു പഞ്ചായത്തുകളിൽ ഒന്നാണ് പട്ടിത്തറ. ഐതിഹ്യപരമായും സാംസ്കാരികപരമായും ഏറെ പെരുമകൾ അവകാശപ്പെടാനുണ്ട് പട്ടിത്തറക്കും സമീപ പ്രദേശങ്ങൾക്കും. കാർഷികരംഗത്ത് ഇന്നും നിറഞ്ഞു നില്ക്കുന്ന പച്ചപ്പും കൈമോശം വന്നിട്ടില്ലാത്ത ഗ്രാമീണതയും ഗ്രാമങ്ങളുടെ ചൈതന്യവുമാണ് ഇവിടെ. എന്നിരുന്നാലും നഗരവൽക്കരണത്തിലേക്ക് ഓരോ നാട്ടിടവഴികൾ പോലും വളരെ വേഗത്തിൽ അടുത്തുകൊണ്ടിരിക്കുന്നു.

മണ്ണും കൃഷിയും ജീവശ്വാസമായി കൊണ്ടു നടന്നിരുന്നവർ പോലും ലാഭകരമല്ലെന്നു പറഞ്ഞ് നാടിന്റെ തനതായ വിളവുകൾ ഉപേക്ഷിക്കപ്പെടുന്ന പ്രവണതയും കൂടി കൂടി വരുന്നു.കാർഷിക രംഗത്ത് പുത്തനുണർവ് സൃഷ്ടിക്കേണ്ടത് കാലഘട്ടത്തിന്റെ ആവശ്യമാണ്. മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയിൽ അനുവദനീയമായ 'ചെറുകിട നാമമാത്ര കർഷകരുടെ ഭൂമിയിൽ ഒറ്റതവണ ഇടപെടൽ' ഉപയോഗപ്പെടുത്തി നിരവധി കൃഷിഭൂമികളിൽ കൃഷിക്കായി ജലസേചന സൗകര്യമൊരുക്കി കൊടുക്കുവാനും തരിശ്ശു നിലങ്ങളെ വിവിധതരം കൃഷിക്കായി ഉപയുക്തമാക്കിക്കൊടുക്കാനും കഴിഞ്ഞു.

MGNREGS അനുവദനീയമായ Land lease cultivation പദ്ധതി ഉപയോഗിച്ച് ലേബർ ഗ്രൂപ്പുകൾ രൂപീകരിച്ച് 45 ഓളം ഗ്രൂപ്പുകൾ ചേർന്ന് 70ഏക്കർ സ്ഥലത്ത് ജൈവപച്ചക്കറി



കൃഷി ചെയ്ത് വിഷുവിന് വിഷമില്ലാത്ത പച്ചക്കറി എന്ന ലക്ഷ്യത്തോടെ വിഷുചന്ത നടത്താൻ പഞ്ചായത്തിനു കഴിഞ്ഞിരുന്നു. പത്തു മുതൽ പതിനഞ്ചു വരെ തൊഴിലാളികൾ ഉൾപ്പെടുന്ന ലേബർ ഗ്രൂപ്പുകൾ സ്ഥലം പാട്ടത്തിനെടുത്ത് കൃഷിക്ക് ആവശ്യമായ മണ്ണൊരുക്ക പ്രവർത്തനങ്ങൾ തൊഴിലുറപ്പ് പദ്ധതിയിലെ അവിദഗ്ധ ഘടകത്തിൽ ഉൾപ്പെടുത്തി ചെയ്യുവാൻ കഴിഞ്ഞു. ഗ്രൂപ്പ് അംഗങ്ങൾ തന്നെയാണ് തൊഴിൽ ചെയ്യുന്നത്. വിളവെടുപ്പിലൂടെ ലഭിക്കുന്ന ആദായം ഗ്രൂപ്പ് മെമ്പേഴ്സ് വീതിച്ചെടുക്കുകയാണ് ചെയ്യുന്നത്.

കാർഷികരംഗത്തെ സ്വയം പര്യാപ്തതയെന്ന കേരളത്തിന്റെ നഷ്ട പ്രതാപം തിരിച്ചു പിടിക്കാനുള്ള ശക്തമായ ചുവടു വയ്പായിരുന്നു അത്. ജൈവകൃഷി ഉൽപ്പനങ്ങൾക്ക് ലഭിച്ച വമ്പിച്ച സ്വീകാര്യത തനതു ഉൽപ്പനങ്ങൾക്ക് ലഭിക്കുന്ന വിപണിസാധ്യതയും തുറന്നു കാണിക്കുന്നതായി. അത്തരത്തിൽ കൃഷി ആരംഭിച്ച ഗ്രൂപ്പുകൾ പിന്നീടും ജൈവകൃഷിരംഗത്ത് സജീവമായി നിൽക്കുന്നു എന്നതാണ് വലിയ നേട്ടം. ഒറ്റതവണ ഇടപെടൽ രീതിയിലൂടെ നിരവധി തരിശുനിലങ്ങൾ കൃഷിക്ക് ഉപയുക്തമാക്കാനും ഗ്രൂപ്പുകൾക്ക് ഈ രംഗത്ത് മികച്ച തുടക്കം നൽകാനും സാധിക്കും.

ജൈവപച്ചക്കറി നല്ല രീതിയിൽ ചെയ്യാൻ കഴിഞ്ഞ ആത്മവിശ്വാസത്തിലാണ് മൂന്ന് ഗ്രൂപ്പുകളിലൂടെ പുഷ്പകൃഷിക്ക് തുടക്കമിട്ടത്. മൂന്ന് വാർഡുകളിലായി അഞ്ചേക്കർ തരിശുനിലത്തിൽ രോഗ പ്രതിരോധ ശേഷിയുള്ളതും അത്യുൽപാദനശേഷിയുള്ളതുമായ ചെണ്ടുമല്ലിതൈകളാണ് ഓണം വിപണി ലക്ഷ്യമാക്കി വിളവെടുക്കാനായി നട്ടത്. ഈ പ്രവൃത്തികൾക്കായി 482 തൊഴിൽ ദിനങ്ങൾ സൃഷ്ടിച്ചു. 115680 രൂപ ചെലവഴിക്കാൻ കഴിഞ്ഞു. ഉപഭോഗ സംസ്കാരത്തിന്റെ വക്താക്കളായ മലയാളികൾ നിത്യോപയോഗ സാധനങ്ങൾക്കൊപ്പം സ്വന്തം ആഘോഷങ്ങൾ പോലും തമിഴന് പണയം വെച്ചതിന്റെ ബാക്കിപത്രമാണ് ഓണനാളുകളിൽ കുത്തനെ ഉയരുന്ന പൂവില. ഓണത്തിനോട് നമുക്കുള്ള നൊസ്റ്റാൾജിയ ചൂഷണം ചെയ്യപ്പെടുകയാണിവിടെ. പഞ്ചായത്തിന്റെ നേതൃത്വത്തിൽ തൊഴിലുറപ്പ് പദ്ധതിയിലൂടെ പാട്ടക്കൃഷി സമ്പ്രദായത്തിലാണ് പൂകൃഷിയിറക്കിയത്. തൈകൾ കർണ്ണാടകയിലെ ഹൂസ്സൂരിൽ നിന്നുമാണ് കൊണ്ടു വന്നത്. വർഷങ്ങളായി തരിശു കിടന്നിരുന്ന സ്ഥലത്ത് തൊഴിലുറപ്പ് പദ്ധതിയിൽ അവിദഗ്ധ ഘടകത്തിലുൾപ്പെടുത്തി അനുയോജ്യമാക്കിയെടുത്തു. ജൈവ ഹോർമോണുകളും എല്ലുപൊടി, ചാണകപ്പൊടി എന്നിവയുമാണ് വളമായി ഉപയോഗിച്ചത്. ഈ വർഷം പരീക്ഷണാടിസ്ഥാനത്തിൽ ചെണ്ടുമല്ലി മാത്രം കൃഷി ചെയ്യുകയായിരുന്നു. അത്തത്തിനു മുൻപ് വിളവെടുപ്പ് തുടങ്ങി. മൊത്തക്കച്ചവടക്കാർക്കും ചില്ലറ വിൽപ്പനക്കാർക്കുമായി പൂ വിൽക്കാനുമായി. കൃഷി വൻ വിജയമായതോടെ പട്ടിത്തറയിൽ ഇനി മറ്റു പൂക്കളും വിരിയും. പൂക്കളുടെ വിപണനത്തിനായി സ്റ്റാളുകളും ഒരുക്കിയിട്ടുണ്ട്. കീടനാശിനികളിൽ മുങ്ങിക്കുളിച്ചെത്തുന്ന പച്ചക്കറികളോടും പൂക്കളോടും വിട പറയാനൊരുങ്ങിത്തന്നെയാണ് പഞ്ചായത്ത് ഇത്തരമൊരു തീരുമാനമെടുത്തത്.

ഇന്നത്തെ സാഹചര്യത്തിൽ കേരളത്തിന് ആവശ്യാനുസരണമുള്ള പൂക്കൾ ലഭ്യമല്ല. അതു കൊണ്ടുതന്നെ വിപണന സാധ്യത ഏറ്റവും കൂടുതലുള്ള ഉൽപ്പന്നമാണ് പൂവ്. അന്യ സംസ്ഥാന പൂക്കളെക്കാൾ വിലകുറച്ച് നൽകാനും കഴിയും. ആയതിനാൽ വിപണനം പ്രയാസമുള്ളതല്ല. ഇതൊരു മാതൃകയാണ്. ബദലിന്റെ.....പ്രതിരോധത്തിന്റെ.........അതിജീവനത്തിന്റെ.....

*ലേഖൻ എംജിഎൻആർഇജിഎസ് ഓവർസിയറാണ്*







ടി.എം. മുജീബ്

# മേരിയും മകൾ ദീപയും ഇനി കുടുംബശ്രീയുടെ തണലിൽ

ഇടവെട്ടിച്ചിറ കാരാമയിൽ മേരിക്കും മകൾ ദീപയ്ക്കും മന്ത്രി കെ.ടി.ജലീൽ കൈയ്യിൽ വച്ച് നൽകിയത് വെറും താക്കോൽകൂട്ടമല്ല, മറിച്ച് സുന്ദരവും സുരക്ഷിതവുമായ ജീവിതത്തിലേക്കുള്ള വാതായനങ്ങൾ കൂടിയായിരുന്നു.

കുടുംബശ്രീ പ്രവർത്തകരുടെ വിയർപ്പ്കൊണ്ട് പണിതുയർത്തിയ കാരുണ്യഭവനം മുന്നിലേക്ക് വച്ച് നീട്ടിയപ്പോൾ കണ്ണ് നനച്ച് ഒരു പുഞ്ചിരി മാത്രമായിരുന്നു മേരി ചേച്ചിയുടെ മറുപടി. പ്ലാസ്റ്റിക്ക് ടാർപ്പോളിൻ കൊണ്ട് മേഞ്ഞ കുടിലിൽ ജീവിതം തള്ളിനീക്കിയ ഈ അമ്മയ്ക്കും മകൾക്കും അടച്ചുറപ്പുള്ള വീട് എന്നത് ആഗ്രഹത്തിനുമപ്പുറമായിരുന്നു. കടുത്ത ദാരിദ്ര്യം കൊണ്ട് നിറം മങ്ങിയ ജീവിതത്തിൽ ശാരീരികവും മാനസികവുമായ വെല്ലുവിളികൾ മാത്രമായിരുന്നു സമ്പാദ്യം. അതിനാൽ തന്നെ അമ്മ മേരിയെ വിട്ടുപോകുവാൻ ദീപയും തയ്യാറായിരുന്നില്ല. തങ്ങളിലേക്ക് തന്നെ ഒതുങ്ങികൂടിയ ജീവിതങ്ങൾക്ക് പഞ്ചായത്തിന്റെ ഭവന പദ്ധതിയുടെ പട്ടികകളിലും ഇടം നേടാനായില്ല. ഈ സാഹചര്യത്തിലാണ് ഇടവെട്ടി പഞ്ചായത്ത് ഇടവെട്ടിച്ചിറ ഒന്നാം വാർഡിലെ കുടുംബശ്രീ പ്രവർത്തകർ വാർഡ് മെമ്പർ ടി.എം.മുജീബിന്റെ നേതൃത്വത്തിൽ അമ്മയ്ക്കും അവിവാഹിതയായ മകൾക്കും സഹായഹസ്തവുമായി എത്തുന്നത്.

ഇടുക്കി ജില്ലാ പോലീസ് സഹകരണസംഘത്തിന്റെ സഹകരണത്തോടെ ബഹുജനപങ്കാളിത്തത്തോടെയാണ് 530 സ്ക്വയർഫീറ്റ് വലുപ്പമുള്ള കാരുണ്യഭവനം ദീപയുടെ പേരിൽ സ്വന്തമായുള്ള മൂന്ന് സെന്റ് സ്ഥലത്ത് നൂറ്റിപ്പത്ത് ദിവസം കൊണ്ട് കുടുംബശ്രീ പ്രവർത്തകർ നിർമ്മിച്ചത്. എണ്ണൂറോളം കുടുംബശ്രീ പ്രവർത്തകരാണ് നിർമ്മാണ പ്രവർത്തനത്തിൽ പങ്കാളികളായത്. ഒറ്റയടിപാതയിലൂടെ കുത്തനെയുള്ള കയറ്റത്തെ അതിജീവിച്ച് ഇരുന്നൂറ് മീറ്ററോളം തലച്ചുമടായാണ് വീട് നിർമ്മാണത്തിനുള്ള സാധന സാമഗ്രികൾ കുടുംബശ്രീ പ്രവർത്തകർ എത്തിച്ചത്. മേരിയുടെ പുതിയ ഭവനത്തിലേക്കാവശ്യമായ ഗൃഹോപകരണങ്ങൾ പൂർണ്ണമായും ഇടവെട്ടിച്ചിറ വാർഡിലെ 17 കുടുംബശ്രീ യൂണിറ്റുകൾ സമാഹരിച്ച് നൽകിയതും വേറിട്ട കാഴ്ചയായിരുന്നു.

5,47,000രൂപ ചിലവഴിച്ച് നിർമ്മിച്ച കാരുണ്യഭവനത്തിന്റെ താക്കോൽ ദാന ചടങ്ങ് പായസം വിളമ്പിയും മധുരം പങ്കിട്ടും ജനങ്ങൾ ആഘോഷമാക്കി മാറ്റി. ആഗസ്റ്റ് 19ന് കൊച്ചിടവെട്ടി ജംഗ്ഷനിൽ ചേർന്ന ചടങ്ങിൽ മന്ത്രി കെ.ടി.ജലിൽ ആണ് താക്കോൽ ദാനം നിർവഹിച്ചത്. തൊടുപുഴ എം.എൽ.എ പി.ജെ.ജോസഫ് അദ്ധ്യക്ഷത വഹിച്ച ചടങ്ങിൽ ബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റ് ജിമ്മി പോൾ, ജില്ലാ പഞ്ചായത്ത് വൈസ് പ്രസിഡന്റ് മാത്യു ജോൺ, ഗ്രാമപഞ്ചായത്ത് പ്രസിഡന്റ് ലത്തീഫ് മുഹമ്മദ്, കുടുംബശ്രീ ജില്ലാ മിഷൻ കോ-ഓഡിനേറ്റർ ഷൈൻ.എം.സിറിയക്ക്, പോലീസ് സഹകരണ സംഘം പ്രസിഡന്റ് കെ.കെ ജോസ്, പഞ്ചായത്ത് അംഗം ടി.എം.മുജീബ്, സിഡിഎസ് ചെയർപേഴ്സൺ രാജമ്മ ബാബു, മറ്റ് ത്രിതല പഞ്ചായത്തംഗങ്ങൾ, ഉദ്യോഗസ്ഥ പ്രമുഖർ ,കുടുംബശ്രീ പ്രവർത്തകർ എന്നിവർ പങ്കെടുത്തു.

# ജൈവ വൈവിധ്യം: വികസനത്തിനും ദാരിദ്ര്യ നിർമ്മാർജനത്തിനും

അജിത്ത് വെണ്ണിയൂർ ഭാഗം 1

ലോകത്തെ പാവപ്പെട്ടവരിലേറെയും ഗ്രാമങ്ങളിലാണ് വസിക്കുന്നത്. ജീവസന്ധാരണത്തിനായി ഇവർ മുഖ്യമായും വനങ്ങൾ, ജലാശയങ്ങൾ, വയലേലകൾ, പുൽമേടുകൾ എന്നിവയെയാണ് ആശ്രയിക്കുന്നത്. ഈ ആവാസവ്യവസ്ഥയിലും ബന്ധപ്പെട്ട ജൈവ വൈവിധ്യത്തിലും ഏറെയും ഭീഷണിയുടെ നിഴലിലാണ്. ഈ നൂറ്റാണ്ടിലെ ആവാസ വ്യവസ്ഥയുടെ പഠനം വ്യക്തമാക്കുന്നത് ലോകത്തെ ആവാസ വ്യവസ്ഥയുടെ 60% അധഃപതിച്ചുകഴിഞ്ഞു എന്നാണ്. നിത്യവൃത്തിക്കും സംരക്ഷണത്തിനും വരുമാനത്തിനുമെല്ലാം ഇവയെ ആശ്രയിക്കുന്ന പാവങ്ങളെയാണ് ഇത് ഏറെ ദോഷകരമായി ബാധിക്കുക. പ്രകൃതി വിഭവങ്ങളുടെ ക്രമരഹിതമായ ചൂഷണത്തിന് പ്രോത്സാഹനം നൽകുന്ന ആഗോള വ്യവാഹര നയങ്ങളും വികലമായ സ്വത്തവകാശങ്ങളും പൊതു നിക്ഷേപത്തിലെ പോരായ്മയും പ്രകൃതി വിഭവങ്ങളുടെ വർദ്ധിച്ചുവരുന്ന ആവശ്യവുമാണ് ഈ ദുസ്ഥിതിക്ക് കാരണം. സുസ്ഥിരവികസനത്തിനുള്ള ആദ്യ നടപടി പാവങ്ങൾക്ക് ഭൂമിയിലും പ്രകൃതിവിഭവങ്ങളിലും ആവാസവ്യവസ്ഥാ സേവനങ്ങളിലുമുള്ള അവകാശം ശക്തിപ്പെടുത്തുക എന്നതാണ്. പ്രത്യക്ഷമായി ജൈവ വൈവിധ്യത്തെ ആശ്രയിക്കുന്ന പല സാമൂഹ്യ-സാമ്പത്തിക പ്രവർത്തനങ്ങളും ദാരിദ്ര്യമകറ്റാൻ സഹായിക്കുന്നു.

പ്രകൃതി വിഭവങ്ങളുടെ സുസ്ഥിര വിനിയോഗവും സംരക്ഷണവും ഉറപ്പുവരുത്തുന്നവയാണ് പരോക്ഷമായി ജൈവവൈവിധ്യത്തെ ആശ്രയിക്കുന്ന മറ്റ് ചില ഘടകങ്ങൾ. പ്രകൃതിയുടെ മൂലധനത്തിന് ശരിയായ മൂല്യം കൽപ്പിക്കുകയും അത് വികസനവുമായി സംയോജിപ്പിക്കുകയും ചെയ്യുമ്പോഴാണ് വികസനം സുസ്ഥിരമാകുന്നത്. ബന്ധപ്പെട്ട എല്ലാവരുടേയും കൂട്ടായ ഉദ്യമത്തിലൂടെ മാത്രമേ ദാരിദ്ര്യനിർമ്മാർജ്ജനത്തിലും വികസനത്തിലും ജൈവവൈവിധ്യസംരക്ഷണത്തെ സംയോജിപ്പിക്കാൻ കഴിയൂ. ബോധവത്കരണ വിദ്യാഭ്യാസ പ്രവർത്തനങ്ങളിലൂടെ മനുഷ്യരുടെ ക്ഷേമത്തിൽ ജൈവവൈവിധ്യത്തിനുള്ള പ്രാധാന്യം മനസിലാക്കിക്കാൻ സാധിക്കൂ. ജൈവവൈവിധ്യ സംരക്ഷണവുമായി കൈകോർത്തു നീങ്ങിയാലെ ദാരിദ്ര്യനിർമ്മാർജ്ജനം വിജയിക്കൂ.

- ജീവസന്ധാരണത്തിനായി 3 ബില്യനിലേറെ ആളുകൾ സമുദ്ര-തീര ജൈവവൈവിധ്യത്തെ ആശ്രയിക്കുന്നു. മത്സ്യബന്ധനം മുഖ്യ ഉപജീവനമാർഗ്ഗവും വ്യാപാര പ്രവർത്തനവുമായിട്ടുള്ള വികസര രാജ്യങ്ങളിലെ ധാരാളമാളുകളും ഇതിലുൾപ്പെടുന്നു.
- 1.6 ബില്യൺ ജനങ്ങൾ നിത്യവൃത്തിക്കായി വനങ്ങളേയും തടി ഇതരവനവിഭവങ്ങളേയും ആശ്രയിക്കുന്നു.
- ലോകത്തെ 45% വനങ്ങൾ നശിപ്പിക്കപ്പെട്ടുകഴിഞ്ഞു. ചതുപ്പുകളും പവിഴപുറ്റുകളും ഉൾപ്പെടെയുള്ള മറ്റ് ആവാസ വ്യവസ്ഥകളും ഭീഷണിയിലാണ്.
- ആവാസ അധഃപതനവും ജൈവ വൈവിധ്യ നഷ്ടവുംമൂലം മരങ്ങളും ഭാഗികമായി ഈർപ്പമുള്ളതുമായ പ്രദേശങ്ങളിൽ ജീവിക്കുന്ന ഒരു ബില്യൺ ആളുകളുടെ ജീവിതം കടുത്ത ഭീഷണി നേരിടുന്നു.
- പരാഗണങ്ങളുടെ കാർഷിക ചുമതലകൾമൂലം ഒരു ലക്ഷത്തിലേറെവരുന്ന സസ്യഇനങ്ങൾക്ക് ഉള്ള വാർഷിക ചെലവ് 50 ബില്യൺ അമേരിക്കൻ ഡോളറിലധികമാണ്.
- ലോകത്തെ പാവങ്ങളുടെ 70 ശതമാനവും ജീവിക്കുന്നത് ഗ്രാമങ്ങളിലാണ്. ഇവർ സ്വന്തം നിലനില്പിനും ക്ഷേമത്തിനുമായി പ്രത്യക്ഷത്തിൽ ആശ്രയിക്കുന്നത് ജൈവവൈവിദ്ധ്യത്തെയാണ്.
- പരമ്പരാഗത ഔഷധങ്ങൾ, പ്രാദേശിക ഭക്ഷ്യവസ്തുക്കൾ, കരകൗശല വസ്തുക്കൾ തുടങ്ങിയ ചെറുകിട വരുമാനമാർഗ്ഗങ്ങൾക്കുള്ള സാധനങ്ങൾ ലഭ്യമാക്കുകവഴി ജൈവവൈവിദ്ധ്യം വികസനത്തെ പരിപോഷിപ്പിക്കുന്നു.
- വിഭവ ദൗർലഭ്യം കുട്ടികൾ ഉൾപ്പെടെയുള്ള നിർദ്ധന കുടുംബങ്ങളുടെ അധ്വാന ഭാരം കൂട്ടുന്നതിനാൽ അവർക്ക് മിക്കപ്പോഴും സ്കൂളിൽ പോകാൻ പോലും കഴിയാറില്ല.
- ജൈവവൈവിധ്യ സംരക്ഷണത്തിനും സുസ്ഥിര വികസനത്തിനും ലിംഗപരമായ തുല്യതയും സ്ത്രീശാക്തീകരണവും അത്യന്താപേക്ഷിതമാണ്.
- വനപ്രദേശങ്ങളിലൂടെയുള്ള സാഹസിക യാത്രകൾ, വന്യജീവി വാരാചരണം ഉൾപ്പെടെയുള്ള വിനോദ സഞ്ചാര പ്രവർത്തനങ്ങൾ ജൈവ വൈവിദ്ധ്യത്തെ ആശ്രയിച്ചാണിരിക്കുന്നത്.
- ദാരിദ്ര്യവും, പട്ടിണി, രോഗങ്ങൾ, നിരക്ഷരത, ലിംഗപരമായ അസമത്വം, പരിസ്ഥിതി അധഃപതനം എന്നിവ പരിഹരിക്കാനായി ഐക്യരാഷ്ട്രസഭ 2000-ൽ രൂപം നൽകിയ ഈ നൂറ്റാണ്ടിന്റെ വികസന ലക്ഷ്യങ്ങളിൽ (The Millennium Development Goals) 8 ലക്ഷ്യങ്ങളാണ് ഉൾക്കൊള്ളിച്ചിട്ടുള്ളത്. (അവലംബം: കൺവെൻഷൻ ഓൺ ബയോളജിക്കൽ ഡൈവേഴ്സിറ്റി)



# വാർത്തകളും വിശേഷങ്ങളും

## ജനകീയാസൂത്രണം – സംസ്ഥാനതല റിസോഴ്സ് ഗ്രൂപ്പ് പുനസംഘടിപ്പിച്ച് ഉത്തരവ് പുറപ്പെടുവിച്ചു

തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ പദ്ധതി ആസൂത്രണ അവലോകന നിർവ്വഹണ പ്രവർത്തനങ്ങൾക്ക് സംഘടനാപരവും സഹായകരവുമായ പിന്തുണ സംവിധാനം ഏർപ്പെടുത്തുന്നതിന് വിവിധ വികസന വകുപ്പുകളുടെ ഉദ്യോഗസ്ഥരെയും ഇതര വിഭാഗത്തിലെ വിദഗ്ദ്ധരെയും ഉൾപ്പെടുത്തികൊണ്ടുള്ള സംസ്ഥാനതല റിസോഴസ് ഗ്രൂപ്പ് പുതിയ സർക്കാർ അധികാരത്തിൽ വന്ന സാഹചര്യത്തിൽ പുനസംഘടിപ്പിച്ച് ഉത്തരവ് പുറപ്പെടുവിച്ചു.(സർക്കാർ ഉത്തരവ് (എംഎസ്)നം- 139/2016/തസ്വഭവ-തീയ്യതി-29/9/2016)

## അംഗൻവാടി വർക്കർമാരുടെയും ഹെൽപ്പർമാരുടെയും വർദ്ധിപ്പിച്ച വേതനത്തിൽ 50% തുക തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ ഫണ്ടിൽ നിന്നും നൽകുന്നതിനുള്ള അനുമതി

അംഗൻവാടി വർക്കർമാരുടെയും ഹെൽപ്പർമാരുടെയും വേതനം തദ്ദേശസ്വയംഭരണസ്ഥാപനങ്ങൾ വഹിക്കണമെന്ന നിർദ്ദേശം ഭേദഗതി ചെയ്തു. പുതിയ ഉത്തരവ് പ്രകാരം വർദ്ധിപ്പിച്ച ഓണറേറിയത്തിന്റെ 50% തുക സർക്കാരും 50% തുക തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളും വഹിക്കേണ്ടതാണ്. തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് തനത്ഫണ്ട് ലഭ്യമല്ല എന്ന് ബന്ധപ്പെട്ട പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർമാരും ജില്ലാ പ്ലാനിംഗ് ആഫീസറും സാക്ഷ്യപ്പെടുത്തുന്ന പക്ഷം വികസന ഫണ്ടിൽ നിന്നും പ്രസ്തുത തുക ചെലവഴിക്കാവുന്നതാണ്.( സർക്കാർ ഉത്തരവ്(സാധാ)നം 2683/1616/തസ്വഭവ-തീയ്യതി-9/9/2016)

## തെരുവ് നായകളുടെ നിയന്ത്രണം അടിയന്തിര നടപടികൾ സ്വീകരിക്കുന്നത് സംബന്ധിച്ച പ്രധാന ഉത്തരവുകളും ചട്ടങ്ങളും

### Government Orders and Circulars

- Circular 45151/RC3/LSGD_27.08.2016 - Stray dog Menace - Comprehensive action plan -Instruction issued.
- GO(RT)_2941_28.09.2015 - Format of Agreement to be executed between the LSGIs and Dog Catchers.
- GO(RT)_2840_17.09.2015 - Dog menace - Guidelines issued to the LSGIs.
- സ.ഉ(എം.എസ്) 198/2015/തസ്വഭവ Dated 23/06/2015 ആനിമൽ ബർത്ത് കൺട്രോൾ & ആന്റി റാബീസ് പദ്ധതി 2015-16 സാമ്പത്തിക വർഷത്തെ പ്രവർത്തനാനുമതി സംബന്ധിച്ച്
- GO(RT)-2306/2014 Dt:02.09.2014 തെരിവ് നായ്ക്കളുടെ വന്ധ്യംകരണം നടത്തി പേവിഷ പ്രതിരോധ കുത്തിവെയ്പ് നൽകുന്ന പദ്ധതി - മാർഗ്ഗ നിർദ്ദേശം
- സ.ഉ(ആർ.ടി) 1995/2014/തസ്വഭവ Dated 31/07/2014 ആനിമൽ ബർത്ത് കൺട്രോൾ & ആന്റി റാബീസ് പദ്ധതിക്ക് അംഗീകാരം
- Circulars 71633/RC3/2013/LSGD Dated 04/12/2013 Certification of GO(Rt)2466/2010/LSGD dated: 28/07/2010 - Prevention of cruelty towards stray dogs- reg.
- സ.ഉ(ആർ.ടി) 2466/2010/ത.സ്വ.ഭ.വ. ഉമലേറ 28/07/2010 തെരുവ്നായ നിയന്ത്രണം - തെരുവ്നായ്ക്കളെ പിടിക്കുന്നതിനും പരിപാലിക്കുന്നതിനുമുള്ള പ്രതിഫലം വർദ്ധിപ്പിച്ച് ഉത്തരവ്.

### Court Orders/ Judgement

- Supreme Court Order Dated 20/06/2016
- Supreme Court Order 4 Dated 05/04/2016
  WP(C) High Court Stray Dogs(2) Dated 18/02/2016
- WP(C) Stray Dogs related(1) Dated 18/12/2015
- Supreme Court Order 5 Dated 18/11/2015

### Acts & Rules - State

- Kerala Panchayatraj Act Section 166
- Kerala Municipality Act Sec 437


  **437. പട്ടികൾക്ക് ലൈസൻസ് നൽകൽ** - യാതൊരാളും സെക്രട്ടറിയിൽ നിന്നു ലഭിച്ച ലൈസൻസ് കൂടാതേയും പേപ്പട്ടി വിഷത്തിനെതിരെ തന്റെ പട്ടികളെ കുത്തി വയ്പ്പിക്കാതെയും ഏതെങ്കിലും പട്ടികളെ വളർത്താൻ പാടുള്ളതല്ല

  **438. അലഞ്ഞുതിരിയുന്ന പന്നികളെയും പട്ടികളെയും നശിപ്പിക്കാനുള്ള അധികാരം** - മുനിസിപ്പൽ പ്രദേശത്ത് ലൈസെൻസില്ലാതെ അലഞ്ഞുതിരിയുന്ന പന്നികളേയോ പട്ടികളേയോ പിടിക്കുന്നതിനും നശിപ്പിക്കുന്നതിനും സെക്രട്ടറിക്ക് ഉത്തരവ് പുറപ്പെടുവിക്കാവുന്നതും അതിലേക്ക് തനിക്കു യുക്തമെന്ന് തോന്നുന്ന സംവിധാനങ്ങള് ഏർപ്പെടടുത്താവുന്നതാണ്
- Animal Birth Control (Dogs) Rules 2001

---

**തദ്ദേശസ്വയംഭരണ വകുപ്പുമായി ബന്ധപ്പെട്ട സർക്കാർ ഉത്തരവുകൾ, സർക്കുലറുകൾ, ഗസറ്റ് വിജ്ഞാപനങ്ങൾ എന്നിവയുടെ പൂർണ്ണ രൂപം www.lsgkerala.gov.in വെബ്സൈറ്റിൽ ലഭ്യമാണ്.**

Edited and Published by V. Ratheesan IAS, Director of Panchayats, Govt. of Kerala, Thiruvananthapuram - 695 033
and Printed for GLM at Orange Printers Pvt. Ltd., Thiruvananthapuram





# പഞ്ചായത്ത്‌രാജ്

## പരസ്യ നിരക്ക്

| | തുക രൂപയിൽ |
|---|---|
| കവർ (അവസാനപുറം) കളർ | 12000/ |
| കവർ (ഉൾവശം) കളർ | 10000/ |
| കവർ (ഉൾവശം) ബ്ലാക്ക് & വൈറ്റ് | 8000/ |
| മറ്റു പേജുകൾ (കളർ) | 8000/ |
| മറ്റു പേജുകൾ (ബ്ലാക്ക് & വൈറ്റ്) | 6000/ |
| അര പേജ് (കളർ) | 5000/ |
| അര പേജ് (ബ്ലാക്ക് & വൈറ്റ്) | 3000/ |

PANCHAYATRAJ (Monthly) October 2016
Annual Subscription ₹120/-, Published on 20th October 2016
Posted at Trivandrum RMS on 25th & 26th of every month

RNI. No.: 7959/64
Postal Reg. No. KL/TV(N) 391/2015-17
Licensed to Post without Prepayment No. KL/TV(N) WPP-85/2015-17




Printed & Published by V. Ratheesan IAS, Director, Dept. of Panchayats on behalf of Govt. of Kerala and
Printed at Orange Printers Pvt. Ltd (for GLM), Pulimood, Thiruvananthapuram, Kerala - 695 001 and Published at Directorate of Panchayats,
Museum P.O., Thiruvananthapuram - 695 033, Kerala. Editor: C.A. Latha IAS